# സത്യദൂതൻ

വില ₹ 30

2023 ആഗസ്റ്റ് – സെപ്തംബർ

ലക്കം 08 – 09




## പ്രപഞ്ച സൃഷ്ടിപ്പ്

## ചന്ദ്രൻ ഒരു ദൈവദൃഷ്ടാന്തം

## മണിപ്പൂർ കലാപം

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*





The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ


2023 ആഗസ്റ്റ് - സെപ്തംബർ
ഹി.ശ.1403- സുഹൂർ - തബൂഖ്
1445 സഫർ - റ.ഉ.അവ്വൽ
പുസ്തകം 95 ലക്കം 08 - 09
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**ദൈവത്തോടുള്ള അനുരക്തിക്ക് എന്താണ് കാരണം**



**7**
പ്രഭാഷണം
**അമേരിക്കാ പര്യടനം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ഒക്ടോബർ 21-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**9**
**പ്രപഞ്ച സൃഷ്ടിപ്പ്**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**12**
**ചന്ദ്രൻ ഒരു ദൈവദൃഷ്ടാന്തം**
സിയ.എച്ച്.ഷാ എംഡി

**16**
**ഇബ്നു അറബി**
**സൂഫിയും പണ്ഡിതനും (1165-1240)**
സക്കരിയാ വിർക്, കാനഡ

**22**
**വിജ്ഞാനം കല**
**ഇസ്‌ലാമിന്റെ സുവർണ്ണഭൂതകാലം**
ചൗധരി അബ്ദുസ്സലാം അക്തർ

**27**
ഭാഗം - 2
**ക്രിസ്ത്യാനികളുടെ യഥാർത്ഥ നാമമെന്ത്?**
എ.എം. മുഹമ്മദ് സലീം

**31**
ഭാഗം - 41
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**37**
**സമകാലിക ലോകത്തിനൊരു സ്നേഹദൂത്**
മാലിക്ക് അമീൻ, കാക്കനാട്

**40**
കുറിപ്പുകൾ
**മണിപ്പൂർ കലാപം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിന്ന് വേണ്ടി നിങ്ങൾ കണിശക്കാരായിരിക്കുവീൻ. നിങ്ങൾക്കെതിരായാലും നിങ്ങളുടെ മാതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന്ന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചു നിൽക്കുവീൻ, അവൻ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതിമാർഗ്ഗത്തിൽ നിന്ന് തെന്നിപ്പോകാതിരിക്കാൻ നിങ്ങൾ സേഛക്ക് അടിമപ്പെടാതെ സൂക്ഷിക്കുവിൻ നിങ്ങൾ സത്യം മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ. (4:136)



## നബിവചനം

രണ്ടു പേർ അവർക്കിടയിൽ ഒരു തീർപ്പ് കൽപ്പിക്കാൻ സമീപിച്ചാൽ  അവരിൽ രണ്ടുപേരുടെ ആവലാതികൾ കേട്ടിട്ടല്ലാതെ നിങ്ങൾ ഒരു തീരുമാനത്തിലെത്തരുത് സാക്ഷി പറയാൻ വിളിക്കപ്പെട്ടാൽ തെളിവ് മറച്ചു വെക്കുന്നവൻ കള്ള സാക്ഷി പറഞ്ഞവനെ പോലെയാണ്. (നബിവചനം)

## വാഗ്ദത്ത മസീഹിന്റെ വചനം

**സത്യസന്ധത മനുഷ്യന്റെ അടിസ്ഥാന ഗുണം**

മനുഷ്യന്റെ പ്രകൃതി ധർമ്മങ്ങളിൽ പ്രത്യേകമായിരിക്കുന്ന ഗുണമാണ് സത്യസന്ധത. അവൻ സ്വാർഥപരമായ ഏതെങ്കിലും പ്രേരണാശക്തിയാലല്ലാതെ വ്യാജം പറയുവാൻ മുതിരുന്നില്ല. കള്ളം പറയുന്നതിൽ അവന്ന് പ്രകൃത്യാ വെറുപ്പും അറപ്പുമാണ്. അതുകൊണ്ട് തന്നെയാണ് വ്യാജം പറയുന്നതായി തെളിയുന്ന ആളുടെ നേരെ അവന്ന് അനിഷ്ടവും അവജ്ഞയും തോന്നുന്നത്. എന്നാൽ ഈ പ്രകൃതി സ്വഭാവത്തിന്റെ കേവല രൂപം ഒരു സൽഗുണമായി പരിഗണിക്കാവതല്ല. എന്തുകൊണ്ടെന്നാൽ  ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിലും കാണാവുന്നതാണ്. സത്യനിഷ്ഠക്ക് ഭംഗം വരുത്തുന്ന സ്വാർത്ഥപരമായ ഉദ്ദേശങ്ങളിൽ നിന്ന് വേർപ്പെടാതിരിക്കുന്ന കാലത്തോളം മനുഷ്യന്ന് യഥാർത്ഥത്തിൽ സത്യസന്ധനായിരിക്കാൻ സാദ്ധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യത്തെ സംബന്ധിച്ചേടത്തോളും സത്യം പറയുകയും തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുത്തുമെന്ന് കരുതുന്ന ഘട്ടത്തിൽ കള്ളം പറയുകയോ സത്യം പറയാതെ മൗനം ദീക്ഷിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ  അവന് ഒരു ശിശുവിനെക്കാളും ഭ്രാന്തനെക്കാളും യാതൊരു മെച്ചവുമില്ല തന്നെ.

(ഇസ്ലാംമത തത്വജ്ഞാനം)



എഡിറ്റോറിയൽ


# സഹവർത്തിത്വത്തിന്റെ സഹജ ഗുണം

പ്രപഞ്ചത്തിൽ ഗാലക്സികൾ മുതൽ മനുഷ്യനടക്കം മണൽത്തരികൾ വരെയുള്ള നമുക്കറിയാവുന്ന വസ്തുക്കളെല്ലാം നിർമ്മിക്കപ്പെട്ടിരിക്കുന്നത് നാം അറിയുന്ന 118 മൂലകങ്ങൾ കൊണ്ടാണ്. അപൂർവ്വം ചിലതൊഴിച്ച് ആ മൂലകങ്ങൾ ഒന്നും തന്നെ ശുദ്ധ രൂപത്തിൽ പ്രകൃതിയിൽ കാണപ്പെടുന്നില്ല. എണ്ണമറ്റ വസ്തുക്കൾ യൗഗിക-സംയുക്തങ്ങളായി മിശ്രാവസ്ഥകളിലാണ് കാണപ്പെടുന്നത്. അതിന് കാരണം മൂലകങ്ങളിലെ രാസബന്ധുത്വം അഥവാ കൂടിചേരാനുള്ള സഹജ ഗുണമാണ്. ഈ പ്രപഞ്ച വൈവിധ്യങ്ങൾക്ക് നിദാനം ഈ സ്വത:ഗുണമാണ്.

ഹൈഡ്രജൻ, ഓക്സിജൻ ആറ്റങ്ങളുടെ ഏറ്റവും ലളിതമായ രാസ ബന്ധമുള്ള സംയുക്തമാണല്ലോ ഒരു ജല തന്മാത്ര. രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓക്സിജൻ ആറ്റവും സഹബന്ധത്തിലേർപ്പെട്ടാൽ ഒരു ജലതന്മാത്രയായി. ഓക്സിജൻ ആറ്റത്തിന്റെ ഇരു ധ്രുവങ്ങളിലും ഒട്ടിപിടിക്കുന്ന ഹൈഡ്രജൻ ആറ്റങ്ങൾ ഇങ്ങനെ ഒരു ജല തന്മാത്ര രൂപീകരിച്ചതിന്ന് ശേഷവും നെഗറ്റീവ് പോസിറ്റീവ് ചാർജ്ജ് ബാക്കിയാവുന്നു. അതിനെയാണ് ജലത്തിന്റെ ധ്രുവീയത (Polarity) എന്ന് പറയുന്നത്. ഈ ധ്രുവീയത മറ്റൊരു ജലതന്മാത്രയെ ആകർഷിക്കാനുള്ളതാണ് വികർഷിക്കാനുള്ളതല്ല എന്ന കാര്യം ശ്രദ്ധിക്കുക. ഇങ്ങനെ പരസ്പരം ജല തന്മാത്രകൾ യോജിച്ചാണ് ദ്രവജലം രൂപം കൊള്ളുന്നത്. ജലത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യന്ന് ശക്തമായ കുടുംബ ബന്ധങ്ങളും രക്ത ബന്ധങ്ങളും അല്ലാഹു ഉണ്ടാക്കിയിരിക്കുന്നു. ജലത്തിന്റെ അസാധാരണമായ ഈ സഹബന്ധത്തെയും സംസക്തിയെയും ഓർമ്മിച്ചുകൊണ്ടാണ് മനുഷ്യന്റെ വിവാഹ ബന്ധത്തെ കുറിച്ചും കുടുംബ ബന്ധങ്ങളെ കുറിച്ചും അല്ലാഹു ഖുർആനിൽ പറയുന്നത് വളരെ ശ്രദ്ധേയമാണ്. ജലത്തെ പോലെ ഏത് ഉയർന്ന ഊഷ്മാവിലും പ്രക്ഷുബ്ധാവസ്ഥയിലും ദ്രവത്വവും ആർദ്രതയും സൂക്ഷിക്കാൻ കഴിയും എന്നത് മനുഷ്യന്റെകൂടി സഹജഗുണമാണ്. **അവൻ തന്നെയാണ് ജലത്തിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചത്. എന്നിട്ട് അവന് കുടുംബ ബന്ധങ്ങളും വിവാഹബന്ധവും ഉണ്ടാക്കി. നിന്റെ നാഥൻ സർവ്വ ശക്തനാകുന്നു. (25:35)** ജലതന്മാത്ര സഹബന്ധത്തിലൂടെ മറ്റു തന്മാത്രകളെ ചേർത്തു നിർത്തുന്നത് പോലെ മനുഷ്യനും ആയിത്തീരണമെന്ന സന്ദേശമാണ് വിശുദ്ധ ഖുർആൻ നൽകുന്നത്.!!

വൈവിധ്യപൂർണ്ണമായ മനുഷ്യ സമൂഹത്തെ ദൈവം സൃഷ്ടിച്ചത് പരസ്പരം തിരിച്ചറിയാനാണ്. വംശീയതയും വിഭാഗീയതയും ധ്രുവീകരണം സൃഷ്ടിക്കാനല്ല. വിശുദ്ധ ഖുർആൻ പറയുന്നു: **'അല്ലയോ മനുഷ്യരെ, തീർച്ചയായും നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിന് വേണ്ടി.' (49:14)** ഈ വൈവിധ്യം മനുഷ്യരിൽ മാത്രമല്ല ഫലവർഗ്ഗങ്ങളിലും ജന്തുക്കളിലും കന്നുകാലികളിലും അചേതന വസ്തുക്കളിൽ പോലും കാണുന്ന പ്രകൃതിജന്യമായ പ്രതിഭാസമാണെന്നും അതിന്റെ പേരിൽ അഹംങ്കരിക്കുന്നതിലോ അഭിമാനം കൊള്ളുന്നതിലോ ഉച്ചനീചത്വം കൽപ്പിക്കുന്നതിലോ യാതൊരടി സ്ഥാനവുമില്ലെന്നുമുള്ള മഹത്തായ ഒരു തത്വം വിശുദ്ധ ഖുർആൻ പറയുന്നു: **'നീ കാണുന്നില്ലേ, അല്ലാഹു ആകാശത്ത് നിന്ന് വെള്ളമി റക്കുന്നു. എന്നിട്ട് അത് മുഖേന വിവിധ വർണ്ണങ്ങളിലുള്ള കായ്കനികൾ നാം ഉൽപ്പാദിപ്പിക്കുന്നു. മലകളിൽ ചിലത് വെളുത്തതും ചെമന്നതുമായ വിവിധ വർണ്ണങ്ങളിലുള്ള വഴികളോടുകൂടിയതുമാണ്. ചിലത് കടും കറുപ്പാണ്. മനുഷ്യരിലും ജന്തുക്കളിലും കന്നുകാലികളിലും ഇതേ പ്രകാരം വിവിധ വർണ്ണങ്ങളുള്ളവയുണ്ട്. അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവയെ ഭയപ്പെടുകയുള്ളൂ. നിശ്ചയമായും അല്ലാഹു പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനുമാകുന്നു.' (35:28,29)**

ബന്ധുത്വപരമോ മതപരമോ വംശീയമോ ദേശീയമോ ആയ യാതൊരു പക്ഷപാതിത്വങ്ങളുമില്ലാതെ നീതിയാണ് മനുഷ്യൻ എന്ന നിലക്ക് ഏത് സാഹചര്യത്തിലും നാം ഉയർത്തിപ്പിടിക്കേണ്ടത് എന്ന് അല്ലാഹു പറയുന്നു. **'വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോട് നീതി പാലിക്കാതിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതി പാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്.'**(5:9) മനുഷ്യ സാഹോദര്യത്തെ കുറിച്ചും സഹവർത്തിത്വത്തെ സംബന്ധിച്ചുമുള്ള ഒരു നബി വചനം ഉദ്ധരിച്ചു കൊണ്ട് അവസാനിപ്പിക്കാം. **'നിങ്ങൾ പരസ്പരം സഹോദരന്മാരാകുന്നു. നിങ്ങളിൽ ഒരാൾ മറ്റൊരാളുടെ അവകാശങ്ങളെ ഹനിക്കരുത്. അതിക്രമത്തിനിരയായവനെ നിസ്സഹായനായി ഉപേക്ഷിക്കുകയുമരുത്. സ്വസഹോദരനെ സഹായിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നവന് ദൈവം സഹായത്തിനെത്തുമെന്ന് ഓർത്തിരിക്കുവീൻ. സ്വസഹോദരങ്ങളുടെ ഉത്കണ്ഠയകറ്റാൻ പണിപ്പെടുന്നവൻ, വിധിനാളിൽ തന്റെ ഉത്കണ്ഠനീക്കിക്കളഞ്ഞതായി കാണുമാറാകും. സ്വസഹോദരന്റെ തെറ്റുകുറ്റങ്ങൾ കണ്ടില്ലെന്ന് വെക്കുന്നവന്റെ തെറ്റു കുറ്റങ്ങൾ അല്ലാഹുവും കണ്ടില്ലെന്ന് വെക്കും.' (തിർമിദി)**



ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്തോടുള്ള അനുരക്തിക്ക് എന്താണ് കാരണം

മനുഷ്യ പ്രകൃതിയിൽ ലീനമായിക്കിടക്കുന്ന ബോധശക്തികളിൽ ഒന്നാകുന്നു. സർവ്വസമർത്ഥമായ ഒരു സത്തയെക്കുറിച്ചുള്ള അന്വേഷണ ബുദ്ധി. ആ പരമാർത്ഥ സത്തയിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരു ആകർഷണ ശക്തി ഹൃദയാന്തരങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുണ്ട്. ഈ ആകർഷണത്തിന്റെ അഥവാ അന്വേഷണ ബുദ്ധിയുടെ ചിഹ്നം ശിശുവിൽ അതിന്റെ ജനനത്തോടുകൂടി തന്നെ പ്രകാശിച്ചു തുടങ്ങുന്നു. ജനിച്ചു വീണ ഉടനെ അതിന്റെ ജന്മസിദ്ധമായ ആത്മ ബോധത്താൽ പ്രേരിതമായി മാതാവിന്റേ നേർക്ക് ചായുന്നു. പ്രകൃത്യാ തന്നെ അതിന്ന് തള്ളയോടുള്ള പ്രത്യേക സ്നേഹമുള്ളതായി കാണം. അതിന്റെ അന്തർബോധങ്ങളും ശക്തികളും വികസിച്ചു വരുന്തോറും ഈ പ്രകൃതി ഗുണം പൂർവ്വാധികം പ്രകാശിച്ചുകൊണ്ടിരിക്കും. ഒടുവിൽ അന്തർ നിക്ഷിപ്തമായ ഈ സ്നേഹശക്തി സ്പഷ്ടമായ നിലയിൽ വെളിപ്പെടുന്നു. അപ്പോൾ സ്വമാതാവിന്റെ സ്നേഹസ്യൂണമായ ലാളനാലിംഗങ്ങളാലാണ് അതുപൂർണ്ണമായ സമാധാനവും സ്വസ്ഥതയും അനുഭവിക്കുക. തള്ളയുടെ അടുക്കൽ നിന്നും വേർപ്പെടുത്തപ്പെടുന്ന പക്ഷം അതിന്റെ സന്തോഷ സംതൃപ്തികൾ സന്താപങ്ങളായി മാറിപ്പോകുന്നു. ഈ ദുഖം മറ്റൊരനുഗ്രഹവും മൂലം പരിഹരിക്കപ്പെടുന്നതല്ല. മാതാവിന്റെ മാറിടത്തിലല്ലാതെ അതിന്ന് യഥാർത്ഥമായ സമാധാനവും സംതൃപ്തിയും അനുഭവമാകുന്നില്ല. ഇപ്രകാരം ശിശുവിനെ മാതൃനികടത്തിലേക്ക് വലിച്ച് കൊണ്ടുപോകുന്ന ആകർഷണ ശക്തി എന്തായിരിക്കാം? അത് യഥാർത്ഥ്യ ഭക്ത്യാരാധനകൾക്കർഹനായ സൃഷ്ടികർത്താവിലേക്ക് മനുഷ്യനെ തിരിച്ചുവിടുന്നതിന്ന് ശിശു പ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്ന സ്നേഹശക്തിയല്ലാതെ മറ്റൊന്നുമല്ല.

മനുഷ്യൻ ബാഹ്യവസ്തുക്കളിൽ സ്നേഹബന്ധം പ്രദർശിപ്പിക്കുമ്പോഴെല്ലാം ഈ ആകർഷണ ശക്തി തന്നെയാണ് അവനിൽ പ്രവർത്തിക്കുന്നത്. അവൻ ഏത് വസ്തുവിൽ സ്നേഹം കാണിക്കുന്നതായാലും ഇതേ ആകർഷണ ശക്തിയാണ് പ്രതിഫലിക്കുന്നത്. ഇങ്ങനെ അവൻ ബാഹ്യ വസ്തുക്കളിൽ പ്രേമം കാട്ടുന്നത് പരമാർത്ഥമായ ലക്ഷ്യവസ്തുവിനെ തിരയുന്നതിന്നായുള്ള ഈ സ്വാഭാവിക ബോധത്താൽ പ്രേരിതമായിട്ടാണെന്ന് പറയാം. കളഞ്ഞു പോയതും പേരു പോലും മറന്നു പോയതുമായ ഒരു സാധനം തിരഞ്ഞു നടക്കുന്നവൻ തന്റെ ദൃഷ്ടിക്ക് ലക്ഷീഭവിക്കുന്ന ഓരോ വസ്തുവിലും അതിനെ അന്വേഷിക്കുന്നത് പോലെയാണ് മനുഷ്യൻ ബാഹ്യവസ്തുക്കളിലെല്ലാം തന്നെ ലക്ഷ്യവസ്തുവിനെ തിരയുന്നത്. അതിനാൽ അവന്ന് ധനത്തിലും സന്താനത്തിലും ഭാര്യയിലുമുള്ള സ്നേഹവും മാധുര്യമേറിയ സ്വരവിശേഷത്തിലുമുള്ള താൽപര്യമെല്ലാം സൂചിപ്പിക്കുന്നത് അജ്ഞാതമായ ആ പ്രേമലക്ഷ്യത്തെ സംബന്ധിച്ചുള്ള അന്വേഷണമാണ്. എന്നാൽ സർവ്വവസ്തുക്കളിലും ഊഷ്മാവെന്നപോലെ പരോക്ഷമായി സ്ഥിതിചെയ്യുന്ന അത്യന്തം സൂക്ഷ്മവും നിഗൂഢവുമായ ആ സർവ്വ ശക്തിയെ മനുഷ്യന്റെ ബാഹ്യദൃഷ്ടിക്ക് കാണുവാനോ അപൂർണ്ണമായ ബുദ്ധിശക്തിക്ക് പ്രാപിക്കുവാനോ സാധ്യമല്ല. അതിനാൽ ആ അവ്യക്ത ശക്തിയെ തിരിച്ചറിയുന്ന വിഷയത്തിൽ മനുഷ്യന്ന് വലിയ അബദ്ധങ്ങൾ പിണഞ്ഞുപോയിട്ടുണ്ട്. ഈ അബദ്ധങ്ങൾ മൂലമാണ് അരൂപനായ സൃഷ്ടികർത്താവിന്ന് മാത്രം അവകാശപ്പെട്ട ശക്തിഭാവങ്ങൾ സൃഷ്ട വസ്തുക്കളിൽ അർപ്പിക്കപ്പെടുമാറായിരിക്കുന്നത്.

*(ഇസ്ലാംമത തത്വജ്ഞാനം)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ഒക്ടോബർ 21-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# അമേരിക്കാ പര്യടനം




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

കഴിഞ്ഞ കുറച്ച് ദിവസങ്ങളിൽ ഞാൻ അമേരിക്കയിലെ ചില ജമാഅത്തുകളുടെ സന്ദർശനത്തിലായിരുന്നു. അത് വളരെ നല്ലനിലയിൽ പൂർത്തിയാക്കാൻ സാധിച്ചു. എം.ടി.എ.യും ജമാഅത്തിന്റെ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും എല്ലാ വാർത്തകളും വന്നുകൊണ്ടിരുന്നു. മറ്റുവാർത്താ ചാനലുകളും മതിയായ കവറേജ് നൽകുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ ദൃശ്യങ്ങൾ എല്ലാ ചാനലുകളിലും കാണാൻ സാധിച്ചു. അത് ജമാഅത്തിലും മറ്റുള്ളവരിലും വളരെ നല്ല സ്വാധീനം ചെലുത്തുകയുണ്ടായി. ആളുകളെ കണ്ടുമുട്ടിയപ്പോഴുണ്ടായ വൈകാരിക പ്രതികരണങ്ങളുടെ ഒരു നീണ്ട അനുഭവം തന്നെയുണ്ട്. എല്ലായിടത്തും നമസ്കാരത്തിൽ സ്ത്രീകളും കുട്ടികളും അടക്കം ആളുകളുടെ എണ്ണം, സംഘാടകർ പ്രതീക്ഷിച്ചതിലും അധികമായിരുന്നു. ആളുകളുടെ മനസ്സിൽ ഖിലാഫത്തിനോട് സ്നേഹവും ആത്മാർഥതയും ഉണ്ടെന്ന് അവരുടെ വികാരപ്രകടനത്തിൽനിന്ന് വ്യക്തമായി രുന്നു. വിദ്യാസമ്പന്നരും ദനാഢ്യരും ദരിദ്രരും കുട്ടികളും തിരക്കുള്ള പ്രൊഫഷനലുകളും മണിക്കൂറുകളോളം പള്ളിക്കകത്ത് നമസ്കാരത്തിൽ പങ്കെടുക്കാനായി വരിയിൽ കാത്തുനിന്നിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മതത്തോടും ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള സ്നേഹം അമേരിക്കയിലെ ജമാഅത്ത് അംഗങ്ങളുടെ ഹൃദയത്തിലുണ്ടെന്നതിന്റെ പ്രകടനമാണ് ഇക്കൂട്ടരുടെ ഈ മാറ്റം. 11, 12 വയസ്സ് പ്രായമുള്ള കുട്ടികൾ പോലും കോവിഡ് ടെസ്റ്റും മറ്റും കാരണം മണിക്കൂറുകളോളം വരിയിൽ നിന്നെങ്കിലും ആരും ഒരുപരാതിയും ഉന്നയിച്ചിരുന്നില്ല. ആത്മാർഥതയുടെയും വിശ്വസ്തതയുടെയും ഈ ദൃശ്യങ്ങൾ അമേരിക്കൻ ജമാഅത്ത് അംഗങ്ങളിൽ എന്നും നിലനിൽക്കട്ടെ. പള്ളികൾ ഇതേ രീതിയിൽ സജീവമാവട്ടെ. അമേരിക്കയിൽ, ആളുകൾ മതത്തെക്കുറിച്ച് മറക്കാൻ പ്രവണത കാണിക്കുന്നു; എന്നാൽ മിക്ക ആളുകളും, സാമ്പത്തിക (ത്യാഗങ്ങളിൽ) ദുർബലരായ ആളുകൾ പ്രത്യേകിച്ച് തങ്ങളും കുട്ടികൾ മതവുമായി ചേർന്നുനിൽക്കാൻ ദുആ ചെയ്യുന്നു. അല്ലാഹു എപ്പോഴും അവരുടെ ആത്മാർഥതയും വിശ്വസ്തതയും വർധിപ്പിക്കട്ടെ.

ലജ്ന, അൻസാർ, ഖുദ്ദാം, കുട്ടികൾ എല്ലാവരും ഈ ദിവസങ്ങളിൽ തങ്ങളുടെ ഡ്യൂട്ടി ശ്രദ്ധാപൂർവം നിർവഹിച്ചു. പല ദിവസങ്ങളിലും ഉറക്കമുണർന്ന് ഒരുക്കങ്ങൾ നടത്തി. എല്ലായിടത്തും ആയിര ങ്ങൾ പങ്കെടുത്തിരുന്നു. ബൈത്തുർറഹ്മാനിൽ ജലസയേക്കാൾ കൂടുതൽ ഹാജർ ഉണ്ടായിരുന്നു, എന്നാൽ വളരെ വ്യവസ്ഥാപിതമായ നിലയിൽ ജോലികളെല്ലാം അവർ നിർവഹിച്ചു. അല്ലാഹു അമേരിക്കയിലെ ജനങ്ങളിലുള്ള ഈ മാറ്റം താത്കാലികമാകാതെ എന്നെന്നേക്കുമായി നിലനിർത്തട്ടെ. അന്യരുടെ ഹൃദയങ്ങളിലും അല്ലാഹു അസാധാരണമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അല്ലാഹു

അവരുടെ ഹൃദയങ്ങൾക്ക് കൂടുതൽ വിശാലത നൽകിക്കൊണ്ട് സത്യം തിരിച്ചറിയുന്നവരായി അവർ മാറട്ടെ.

സയണിനിലെ ഫത്ഹേ അസീം മസ്ജിദിന്റെ ഉദ്ഘാടന ചടങ്ങിലെ ഫങ്ഷനിൽ കോൺഗ്രസ്സ് പ്രതിനിധികൾ, മേയർമാർ, ഡോക്ടർമാർ, പ്രൊഫസർമാർ, അധ്യാപകർ, അഭിഭാഷകർ, എഞ്ചിനീയർമാർ തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട 161 അമുസ്‌ലിം അതിഥികൾ പങ്കെടുക്കുകയുണ്ടായി.

ഫത്ഹെ അസീം മസ്ജിദിന്റെ ഉദ്ഘാടനവേളയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ലോക നേതാവിനെ സ്വാഗതം ചെയ്യാൻ സാധിച്ചത് വലിയ ബഹുമതിയാണെന്ന് സെയ്ൻ സിറ്റി മേയർ, ബില്ലി മക്കിന്നി അഭിപ്രായപ്പെട്ടു. ഈ പള്ളി നമ്മുടെ ഭൂതകാലത്തിനും ഭാവിക്കും ഇടയിലുള്ള ഒരു പാലമായി വർത്തിക്കണം എന്നതാണ് എന്റെ ആഗ്രഹം. അഹ്മദീ സമൂഹം ഈ നഗരത്തിന് മഹത്തായ സേവനം ചെയ്തിട്ടുണ്ട്, അതിന് ഞാൻ നന്ദിയുള്ളവനാണ്, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനു ഞങ്ങൾ ഈ നഗരത്തിന്റെ താക്കോൽ സമർപ്പിക്കുകയാണ്.

ഇല്ലിനോയിസ് ജനറൽ അസംബ്ലി അംഗം ഹോണബിൾ ജോയ്സ് മീസൺ പറഞ്ഞു: ഇവിടെ സെയ്നിലെ ഈ പള്ളിയുടെ ചരിത്രപരമായ ചടങ്ങിൽ ഭാഗമാകാൻ കഴിഞ്ഞത് എനിക്ക് ഒരു ബഹുമതിയാണ്. ഇന്ന് ഈ നഗരത്തിന് ചരിത്രപരമായ ദിവസമാണ്. അലക്സാണ്ടർ ഡൂയി ഈ പട്ടണത്തിന്റെ വാതിലുകൾ തന്റെ വിശ്വാസികൾ അല്ലാത്തവർക്കായി അടച്ചിരുന്നു; എന്നാൽ ഇന്ന് ഈ നഗരത്തിന്റെ വാതിലുകൾ എല്ലാ ആളുകൾക്കുമായി തുറന്നിരിക്കുന്നു. ഇതിൽ ഞാൻ അഹ്മദിയ്യാ സമൂഹത്തെ അഭിനന്ദിക്കുന്നു. ഈ നഗരത്തിൽ മാത്രമല്ല, എല്ലായിടത്തും ഈ മസ്ജിദ്, ചുറ്റുമുള്ള എല്ലാവർക്കും പ്രതീക്ഷയുടെ കിരണമാകട്ടെ എന്നാണ് എന്റെ ഹൃദയംഗമമായ ആഗ്രഹം. ഈ പള്ളി തുറന്നതിൽ ഈ സമൂഹത്തെ അഭിനന്ദിച്ചു കൊണ്ട് ഞാൻ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുന്നു. അതിഥിയായ ജെന്നിഫർ പറയുന്നു, നിങ്ങളുടെ ജമാഅത്തിന്റെ തത്വങ്ങൾ വളരെ ഉന്നതമാണ്. സയൺ നഗരത്തിലേക്ക് കാലെടുത്തുവയ്ക്കുമ്പോൾ, ഒരു പഴയ കെട്ടിടത്തിൽ എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്ന സന്ദേശം പ്രദർശിപ്പിച്ചിരിക്കുന്നു. ഇതിന്റെ പ്രതിധ്വനി നിങ്ങളോടൊപ്പം ഉണ്ട്. ഇത് സയണ് നഗരത്തിന്റെ യഥാർഥ ആത്മാവാണ്.

അല്ലൻ സിറ്റി കൗൺസിൽ മെംബർ, സിറ്റിയുടെ താക്കോൽ നൽകിക്കൊണ്ട് പറഞ്ഞു: ബൈത്തുൽ ഇക്റാം മസ്ജിദിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞത് വലിയ ബഹുമതിയാണ്. ഇതിന് ഞാൻ അഹ്മദിയ്യ ജമാഅത്തിനെ അഭിനന്ദിക്കുന്നു. ഈ നഗരത്തിലെ ദരിദ്രരായ ആളുകളെ സഹായിക്കുന്നതിൽ അഹ്മദിയ്യാ സമൂഹത്തിന്റെ സേവനങ്ങളെ ഞങ്ങൾ അഭിനന്ദിക്കുന്നു. സമാധാന സ്നേഹികളും മനുഷ്യസ്നേഹികളുമായ ഒരു സമൂഹം ഇവിടെ ഒരു പള്ളി പണിയുന്നത് ഈ നഗരത്തിന് ഭാഗ്യമാണ്. ഈ നഗരത്തിനും ഈ പ്രദേശത്തിനും ഈ പള്ളി പ്രതീക്ഷയുടെ കിരണമാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

സതേൺ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. റോബർട്ട് ഹണ്ട് ഈ പരിപാടിയിലേക്ക് തന്നെ ക്ഷണിച്ചതിന് അഹ്മദിയ്യ ജമാഅത്തിന് നന്ദി പറഞ്ഞു. അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം രണ്ട് കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ തന്നെ അർപ്പിച്ചിരിക്കുകയാണ്. ഒന്നാമത്തേത് മതസ്വാതന്ത്ര്യം. രണ്ടാമത്തേത് മതങ്ങൾ തമ്മിലുള്ള ആശയവിനിമയവുമാണ്. അഹ്മദിയ്യ ജമാഅത്ത് അടിച്ചമർത്തലിന് വിധേയമായി എന്നതിന് ചരിത്രം സാക്ഷിയാണ്. അതുകൊണ്ടാണ് മതസ്വാതന്ത്ര്യത്തിനായുള്ള ശ്രമങ്ങളിൽ ഈ ജമാഅത്ത് മുൻപന്തിയിൽ നിന്നത്. പരസ്പരം മതസ്വാതന്ത്ര്യത്തെ മാനിക്കാതെ നമുക്ക് ഭിന്നിപ്പിനെ മറികടക്കാൻ കഴിയില്ല.

അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ലോകത്തിന് മികച്ച സമാധാന സന്ദേശമാണ് നൽകിയതെന്ന് മുസ്‌ലിം അതിഥിയായ സുൽത്താൻ ചൗധരി സാഹിബ് പറഞ്ഞു. പരിപാടിയുടെ സംഘാടനവും ആതിഥ്യമര്യാദയും അവിശ്വസനീയമാണെന്ന് മറ്റൊരു മുസ്‌ലിം അതിഥി ഡോ. ഹലീമുർറഹ്മാൻ സാഹിബ് പറഞ്ഞു. എനിക്ക് ലഭിച്ച ആദരവ് ഞാൻ അർഹിക്കുന്നില്ല. ഈ ചുറ്റുപാടുകളെല്ലാം കണ്ടപ്പോൾ നിങ്ങളുടെ ബഹുമാനത്താൽ എന്റെ കണ്ണുകൾ ഈറനണിഞ്ഞു. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പിന്തുടരുന്ന ഏറ്റവും മികച്ച ആളുകൾക്കിടയിൽ സമയം ചെലവഴിക്കാൻ എനിക്ക് അവസരം ലഭിച്ചു.

വിക്ടോറിയ എന്ന സ്ത്രീ പറയുന്നു: ഇവിടെ എനിക്ക് ഏറ്റവും പ്രത്യേകമായി തോന്നിയ കാര്യം, മതപരമായ വ്യത്യാസങ്ങളും വ്യത്യസ്ത കാഴ്ചപ്പാടുകളും ഉണ്ടായിരുന്നിട്ടും നാമെല്ലാവരും പരസ്പരം ബന്ധപ്പെട്ടവരാണ് എന്ന ഇമാമിന്റെ പ്രഭാഷണമാണ്. എന്റെ അഭിപ്രായത്തിൽ ആഗോള മതങ്ങളുടെ ആശയവിനിമയത്തിൽ ഇതിന്റെ അഭാവം ദൃശ്യമാണ്. ഈ പള്ളിയുടെ അയൽവാസിയായ, വിശാലമായ സ്ഥലമുള്ള, പാർക്കിംഗിന് സ്ഥലം നൽകിയ മേരി മക്ഡെർമോട്ട് എന്ന അതിഥി സ്ത്രീ പറയുന്നു: ഈ പൊടി നിറഞ്ഞ ഭൂമിയിൽ ഞാൻ ഒരിക്കലും ഇതിനു മുമ്പ് സന്തോഷിച്ചിട്ടില്ല; ഇന്നത്തെ ഈ പ്രോഗ്രാമിനായി സ്ഥലം നൽകിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഡാലസിൽ നിന്ന് അൻപത് അൻപത്തിയഞ്ച് മൈൽ

ശേഷം പേജ് 36 ൽ

# പ്രപഞ്ച സൃഷ്ടിപ്പ്

പ്രപഞ്ചമാസകലം ഐക്യരൂപ്യമുള്ള ഒരു നിയമത്തിന്ന് വിധേയപ്പെട്ടു നിൽക്കുന്നു. അപ്രകാരം അതിന്റെ ഘടക ഭാഗങ്ങളെല്ലാം രമ്യമഹിതമായ ഒരു ഘടനക്കും ചലനത്തിനും വേണ്ടി ഐക്യപ്പെടുകയും ചെയ്യുന്നു. വ്യത്യസ്ത ഘടകങ്ങൾ തമ്മിലുള്ള ഈ സാമഞ്ജസ്യം അല്ലെങ്കിൽ സന്തുലനം അൽപ്പമൊന്ന് പിഴച്ചെങ്കിൽ സാർവ്വത്രികമായ ക്രമരാഹിത്യമായിരിക്കും ഫലം.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

താഴെ പ്രതിപാദിച്ച വിശുദ്ധ ഖുർആൻ സൂക്തങ്ങളിൽ പറഞ്ഞ തത്വമനുസരിച്ച് പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കിപ്പോൾ ദർശിക്കാനാവും.

**ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ സന്തുലനത്തെ അതിലംഘിക്കരുത്. അതിനാൽ നിങ്ങൾ നീതിപൂർവ്വം തുലമാനം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവ് കാണിക്കരുത്. (സൂറ: അർറഹ്മാൻ 55: 8–10)**

ഈ വചനങ്ങളിൽ അവൻ ആകാശത്തെ ഉന്നത വിതാനത്തിൽ സൃഷ്ടിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് അവൻ സൃഷ്ടിച്ച ആകാശത്തിന്റെ ഔന്നത്യവും അതുപോലെ അതിന്റെ മഹത്വവും ചൂണ്ടിക്കാണിക്കുന്നു. ഈ രണ്ട് ഗുണങ്ങളും പൂർണ്ണമായും സന്തുലനത്തെ ആശ്രയിച്ചുള്ളതാണ്. ഈ വാനലോകം നീതിതത്വത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടു എന്ന് മാത്രമല്ല ആ തത്വത്തിന്റെ ഉരക്കല്ല്പോലെയാണ് പ്രവർത്തിക്കുന്നത്.

**മീസാൻ** എന്ന വാക്ക് നീതിയുടെ തത്വവും അത് അളക്കാനുള്ള ഉപകരണങ്ങളും കൂടി ഉൾക്കൊണ്ടതാണ്. മനുഷ്യനുള്ള സന്ദേശം ഈ വാക്കിൽ അടങ്ങിയിരിക്കുന്നു. അതായത്, ഒരാൾ വാനലോകത്തേക്കും അതിൽ ദൈവം സൃഷ്ടിച്ചതെന്തെല്ലാമാണോ അതിലേക്കും ഒരു വേള കണ്ണയക്കുകയാണെങ്കിൽ അയാൾക്ക് അതിൽ സമ്പൂർണ്ണ സംന്തുലനവും അവികലമായ സമമിതിയും (Symmetry) അല്ലാതെ മറ്റൊന്നും ദർശിക്കാൻ സാധ്യമല്ല. ദൈവസൃഷ്ടിയുടെ ഈ മഹത്തായ ആസൂത്രണത്തിന്റെ സഹായത്താൽ ഒരാൾക്ക് കേവലനീതിയുടെ യഥാർത്ഥ സാരം ഗ്രഹിക്കാൻ സാധിക്കുന്നതാണ്. .

പ്രപഞ്ചമാസകലം ഐക്യരൂപ്യമുള്ള ഒരു നിയമത്തിന്ന് വിധേയപ്പെട്ടു നിൽക്കുന്നു. അപ്രകാരം അതിന്റെ ഘടക ഭാഗങ്ങളെല്ലാം രമ്യമഹിതമായ ഒരു ഘടനക്കും ചലനത്തിനും വേണ്ടി ഐക്യപ്പെടുകയും ചെയ്യുന്നു. വ്യത്യസ്ത ഘടകങ്ങൾ തമ്മിലുള്ള ഈ സാമഞ്ജസ്യം അല്ലെങ്കിൽ സന്തുലനം അൽപ്പമൊന്ന് പിഴച്ചെങ്കിൽ സാർവ്വത്രികമായ ക്രമരാഹിത്യമായിരിക്കും ഫലം. എന്നാൽ ലോകം നിയന്ത്രിക്കുന്ന എല്ലാ നിയമങ്ങളും ദൈവം മനുഷ്യന്റെ കരങ്ങൾക്കതീതമായി അവന്റെ മാത്രം നിയന്ത്രണത്തിൽ വെച്ചിരിക്കുകയാണ്. പ്രപഞ്ചനിർമിതിയിലെല്ലായിടത്തും ഈ പരമോന്ന തത്വം പ്രവർത്തിക്കുകയും അതിൽ സ്വാഭാവികമായിത്തന്നെ അതിന്റെ ആക്കതൂക്കവും സംന്തുലനവും ഉള്ളടങ്ങിയിരിക്കുന്നു. പ്രപഞ്ചത്തിലെവിടെയെങ്കിലും കേവലനീതിയുടെ പ്രവർത്തനത്തിന്റെ അഭാവം ഉണ്ടാവുകയാണെങ്കിൽ തികഞ്ഞ ക്രമരാഹിത്യമായിരിക്കും ഫലം.

അജീവി ലോകത്തെ സന്തുലനവും സമമിതിയും കേവലനീതിയുടെയും ധാർമികമായ സമദർശനത്തിന്റെയും രീതിയിലാണ് ഇവിടെ പ്രകാശിപ്പിച്ചിരിക്കുന്നത്. ഇത് പ്രപഞ്ചം സ്രഷ്ടാവിന്റെ കരങ്ങൾകൊണ്ടാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് മാത്രമല്ല അതേ പരമോന്നത ശക്തി തന്നെയാണ് അതിബൃഹത്തായ ഈ പ്രപഞ്ചസൗധത്തിന്റെ പരിപാലനവും നിരന്തരം നിർവ്വഹിക്കുന്നത് എന്നും വ്യക്തമായ സൂചന നൽകുന്നു. ഒരു കലാകാരന്റെ മഹിതമായ പ്രതിഭയും നൈപുണ്യവും കൊണ്ട് മഹിഷ്ടമായ ഒരു കലാസൃഷ്ടി തിരിച്ചറിയുന്നത് പോലെ ഒരു കലാകാരന്റെ കലാസൃഷ്ടി പരിശോധിച്ചുകൊണ്ട് ഈ വസ്തുത കൂടുതൽ വിശദമാക്കാം.

പ്രപഞ്ചത്തെ പറ്റിയുള്ള അഗാധമായ പഠനം വെളിപ്പെടുത്തുന്ന വിസ്മയകരമായ വസ്തുത എന്തെന്നാൽ, പ്രപഞ്ചത്തിന്ന് ഏറെക്കുറെ അളവറ്റ വിശാലത ഉണ്ടായിരിക്കെ പ്രകൃതി നിയമവും അത് ഭരിക്കുന്ന നിർമ്മാണ പ്രക്രിയയും തമ്മിൽ

എന്തെങ്കിലും വൈരുദ്ധ്യമുള്ളതായി ചെറിയ തെളിവ് പോലുമില്ല. അവികലമായ ഈ സമ്പൂർണ്ണ സ്വരൈക്യവും രമ്യമനോഹാരിതയും പരമോന്നതനും തികവുറ്റവനുമായ ഒരോയൊരു സ്രഷ്ടാവിലേക്കാണ് അനിവാര്യമായും ഒരാളുടെ മനസ്സിനെ നയിക്കുക.

എന്നിരുന്നാലും ദൈവത്തിന്റെ സൃഷ്ടിക്ക്മേൽ ഒരു ബാഹ്യമാത്ര ദ്രഷ്ടാവ് ദൃഷ്ടി പായിക്കുമ്പോൾ ചില ക്രമരാഹിത്യങ്ങളും വ്യക്തമായ വൈരുദ്ധ്യങ്ങളും കാണാവുന്നതാണ്. വിവിധങ്ങളായ താൽപര്യങ്ങളാലും വിപരീതങ്ങളായ ലക്ഷ്യങ്ങളാലുമുള്ള സംഘട്ടനങ്ങളായി അവ പ്രത്യക്ഷീഭവിക്കും. എന്നിരുന്നാലും അവസാനിക്കാത്ത ആ സംഘട്ടനത്തിന്റെ അവസ്ഥയിലും നീതിയുടെ അദൃശ്യമായ ഒരു ഹസ്തം നിരന്തരം പ്രവർത്തിക്കുന്നതായി കാണാം. ജീവികളും ജീവികളും തമ്മിലും ജീവിവർഗ്ഗവും ജീവിവർഗ്ഗവും തമ്മിലും നടക്കുന്ന അതിജീവന സമരമുള്ള ഒരു പരിസ്ഥിതി വ്യൂഹത്തിലാണ് (Ecosytem) അത്യന്തം ചേതോഹരവും വിസ്മയകരവുമായ സമമിതിക്ക് വേണ്ടിയുള്ള സന്തുലനം പ്രാവർത്തികമാവുമ്പോൾ സൃഷ്ടിക്കപ്പെടുന്നത്.

സൃഷ്ടിയുടെ അതിബൃഹത്തായ പദ്ധതിയിൽ മൃഗങ്ങളുടെ ജീവിതത്തിനും പ്രവർത്തനത്തിനും നിർവ്വഹണത്തിനും അതിന്റേതായ ഒരു മണ്ഡലമുണ്ട്. പ്രപഞ്ചമാസകലം വ്യാപരിച്ചു നിൽക്കുന്ന നിയമങ്ങൾ ഓരോന്നും പരസ്പരം പൂർണ്ണമായ താളപ്പൊരുത്തത്തോടെ വർത്തിക്കുന്നതായി നാം കാണുന്നു. ജീവിതത്തെ ഭരിക്കുന്ന നിയമങ്ങളുള്ള താരതമ്യേന കൊച്ചു മണ്ഡലത്തിലും ആ പ്രപഞ്ച നിയമങ്ങൾ തന്നെയാണ് അനുകരിക്കപ്പെടുന്നത്. പ്രപഞ്ചത്തിന്റെ ഓരോ വിഭാഗവും ഒരു സവിശേഷ നിയമത്തിനുകീഴിൽ അതിന്നായി ആസൂത്രണം ചെയ്യപ്പെട്ട പ്രത്യേക മണ്ഡലത്തിൽ പ്രവർത്തന നിരതമാവുന്നു. രസതന്ത്രം ഭൗതിക ശാസ്ത്രം അണുവിന്റെ ചലനങ്ങൾ അവയുടെ പരസ്പര പ്രതിപ്രവർത്തനങ്ങൾ എന്നിവയാണ് ജീവിലോകത്തിന് ജന്മം നൽകുന്നത്. ജീവികളുടെ ആവിർഭാവമുണ്ടാകുന്ന മുറക്ക് പുതിയ ജീവിത നിയമങ്ങൾ പൊടുന്നനെ ഓരോ ജീവികളുടെയും മേഖലയിൽ പ്രത്യക്ഷപ്പെടുന്നു. ചില സവിശേഷ ജീവികൾക്കായുള്ള ചില നിശ്ചിത നിയമങ്ങൾ അവയുടെ ജീവിതത്തിന്റെ നിയന്ത്രണ മേറ്റെടുക്കുകയും അവക്കുമേൽ മേധാവിത്തം ഉറപ്പിക്കുകയും ചെയ്യുന്നതായി കാണുന്നു.

ഈ പഠനം ശരിയാണെങ്കിൽ അനിവാര്യമായും എത്തിച്ചേരുന്ന നിഗമനം എന്തെന്നാൽ, ഗോവണി രൂപത്തിൽ മുന്നോട്ട് വികസിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുന്ന സൃഷ്ടിയുടെ അനന്തര ഘട്ടങ്ങളിൽ ആദ്യത്തെ സ്രഷ്ടാവിന്ന് പുറമെ ഏതെങ്കിലുമൊരു ബാഹ്യശക്തിയുടെ പ്രതിനിധി ഇടപെട്ടിരുന്നുവെങ്കിൽ മുഴുവൻ ജീവരാശിയേയും പ്രകമ്പനം കൊള്ളിക്കുമാറ് സൃഷ്ടിപദ്ധതിയിൽ തീർച്ചയായും ക്രമരാഹിത്യവും അരാജകത്വവും ഉണ്ടാകുമായിരുന്നു. ഒരിക്കൽ ഈ സന്തുലന വ്യവസ്ഥ താറുമാറായാൽ അതൊരിക്കലും പുന:സ്ഥാപിക്കപ്പെടാൻ സാദ്ധ്യമല്ല. വാസ്തവത്തിൽ ഇതാകുന്നു അല്ലാഹുവിന്റെ സൃഷ്ടിയിൽ ഒരാൾ നിരീക്ഷിക്കുമ്പോൾ ലഭിക്കുന്ന സമ്പൂർണ്ണമായ സാമഞ്ജസ്യത്തെയും ക്രമത്തെയും സംബന്ധിച്ച ഖുർആനിക പ്രസ്താവനയിൽ ഉള്ളടങ്ങിയിട്ടുള്ളത്.

താഴെകാണുന്ന ഖുർആനിക വചനം വാഗ്മിത്വത്തോടെ ഈ വിഷയത്തെ സംബന്ധിച്ച് സംസാരിക്കുന്നു.

**അവയിൽ (ആകാശഭൂമികളിൽ) അല്ലാഹുവല്ലാതെ മറ്റുദൈവങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും അത് രണ്ടും നശിച്ചു പോകുമായിരുന്നു. (സൂറ: അമ്പിയ 21:23)**

ഈ വിശാലമായ പ്രപഞ്ചത്തിലെവിടെയും തന്നെ ദ്വന്ദാത്മകതയുടെ നേരിയ അടയാളം പോലും കാണാൻ സാധ്യമല്ല. പാരസ്പര്യത്തോടെ രമ്യസ്നിഗ്ദമായും സമ്പൂർണ്ണ സാമഞ്ജസ്യത്തോടെയും ഓരോന്നും ചലിച്ചുകൊണ്ടിരിക്കുന്നു. മറ്റു ഗോളമണ്ഡലങ്ങളും പരസ്പരം ബന്ധപ്പെട്ട് തന്നെ ചലിച്ചു കൊണ്ടിരിക്കുന്നു.

ഇത്തരത്തിൽ സമ്പൂർണ്ണവും സാർവ്വത്രികവുമായ ഒരു സാമഞ്ജസ്യത്തിന്റെ അഭാവത്തിൽ പരിണാമത്തിന് വേണ്ടിയുള്ള മുന്നോട്ടുള്ള അനശ്വരമായ പ്രയാണത്തെപറ്റി സങ്കൽപ്പിക്കാൻ പോലും സാധ്യമല്ല. ഒന്നിലധികം നിർമ്മാതാക്കൾ പ്രപഞ്ചത്തിനുണ്ടായിരുന്നുവെങ്കിൽ ഒന്നിലധികം നിയമങ്ങളും പ്രപഞ്ചം ഭരിക്കുമായിരുന്നു. ഓരോ ദൈവവും അവരുടേതായ പ്രത്യേക നിയമമനുസരിച്ച് പ്രപഞ്ചസൃഷ്ടി നടത്തൽ ആവശ്യമായി വരികയും അത്മൂലം അരാജകത്വവും ആശയകുഴപ്പവും അനിവാര്യമാകുകയും ചെയ്യുമായിരുന്നു. പ്രപഞ്ചമാസകലം വിശ്ലേഷിതമാവുകയും ചെയ്തിട്ടുണ്ടാവും. .

പ്രപഞ്ചത്തിലുള്ളതെല്ലാം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. നമ്മക്ക് വേണ്ടിയാണ് ആ മാറ്റമെങ്കിൽ നാം അതിനെ പരിണാമം അഥവാ പുരോഗതി എന്ന് വിളിക്കുന്നു. മിക്കവാറും ഒരു സാധനം അതിന്റെ പഴയ അവസ്ഥയേക്കാൾ കൂടുതൽ മേന്മവരുത്തുന്നത് അതിന്റെ ഘടകങ്ങളെ പുനസ്സംഘടിപ്പിച്ചുകൊണ്ടാണ്. അത് ആ വസ്തുവിന്റെ ഗുണവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നു. ചുരുക്കത്തിൽ ക്രമരാഹിത്യം എന്നത് വൈരൂപ്യവും ക്രമം എന്നത് സൗന്ദര്യവുമാണ്. ഇതാണ് ഭൂമിയിൽ നാം കാണുന്ന പരിണാമത്തിന്റെ സ്വാഭാവികമായ അവസ്ഥ. ജീവിതത്തിന്റെ ഗുണനിലവാരം ക്രമേണ

കൂടുതൽ സങ്കീർണ്ണമാകുന്നു. പരിണാമ ശ്രേണിയിലെ ഉയർന്ന പടവുകളിൽ അതിന്റെ ഘടകങ്ങൾ കൂടുതൽ സംഘടിതമായിരിക്കും. ഈയൊരു പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് നോക്കുകയാണെങ്കിൽ നമുക്ക് ഹ്രസ്വമായി പറയാൻ സാധിക്കുക പരിണാമം എന്നത് ക്രമരാഹിത്യത്തിൽനിന്നും ക്രമ വ്യവസ്ഥയിലേക്കുള്ള പ്രയാണമാണ് എന്നാണ്. അസംഘടിതമായ അവസ്ഥയിൽ നിന്നും സങ്കീർണതയിലേക്ക് സദാ പുരോഗമിച്ചു കൊണ്ടിരിക്കുന്ന സഞ്ചാരമാണെന്നാണ്. ഇത് തീർച്ചയായും മരണവും ജീവിതവും തമ്മിൽ വേർതിരിക്കുന്ന വിഭജന രേഖയാണ്.

സങ്കീർണ്ണമായ ഒരു ശാസ്ത്രീയ വിഷയം കൂടിയാണിത്. ഉറുദു കവി ബി. നാരായൺ ചക്ബാസ്ത് അതിന്റെ ലാളിത്യവും ചാരുതയും പ്രകാശിപ്പിച്ചുകൊണ്ട് നമ്മുടെ ഗ്രാഹ്യതയിൽ ഈ വിഷയം കൊണ്ടു വന്നത് ഇപ്രകാരമാണ്.

**സിന്ദഗി ക്യാഹെ അനാസിർ കാ**

**സെഹൂറെ തർതീബ്**

**മൗത് ക്യാ ഹെ ഉനീ അജ്സാ കാ**

**പരേശാം ഹോനാ**

**ജീവിതമെന്നത് സംഘടിത മൂലകങ്ങളുടെ അന്തിമ ഉൽപന്നമല്ലാതെ മറ്റെന്താണ്? മരണമെന്നത് അതേ ഉൽപന്നം തന്നെ വീണ്ടും അസംഘടിതമാക്കലല്ലാതെ മറ്റെന്താണ്?**

ദ്രവ്യം രാസപ്രക്രിയകളുടെ ഒരു ശൃംഖലാ പ്രതിപ്രവർത്തനത്തിന്ന് (Chain of Chemical Reaction) വിധേയമാവുമ്പോൾ പുതിയതും സങ്കീർണ്ണവുമായ തന്മാത്രാ സംയുക്തങ്ങൾ ആവിർഭവിക്കുന്നു. അവസാനം ഒരു ഘട്ടത്തിൽ അത്യന്തം വളർച്ച പ്രാപിച്ചതും സങ്കീർണ്ണവുമായ ജൈവ രാസ സംയുക്തങ്ങളുടെ സഹായത്തോടെ DNA എന്ന ജീവന്റെ ആദ്യത്തെ കണികയുടെ നിർമാണം സാധ്യമാവുന്നു. അങ്ങനെ ജീവന്റെ എല്ലാ ഘടകങ്ങളും അടിസ്ഥാന ജീവകണങ്ങളുടെ പുനസ്സംഘടനയോടെ വിവിധ രൂപങ്ങൾ, അർത്ഥങ്ങൾ, ഭാവങ്ങൾ, ആഴങ്ങൾ, ഉയരങ്ങൾ ആർജ്ജിച്ചുകൊണ്ട് പുതിയ പാറ്റേണുകളിൽ ആയിത്തീരുന്നു. അടിസ്ഥാനഘടങ്ങളെല്ലാം തന്നെ ആഭരണത്തിൽ രത്നങ്ങൾ പതിച്ചത് പോലെ മികച്ച ആസൂത്രണ വൈഭവത്തോടെ ജീവന്റെ തിളക്കം ബഹിർഗമിപ്പിക്കുകയും ജീവൻ സ്ഫുരിക്കാൻ ആരംഭിക്കുകയും ചെയ്യുന്നു. ഈ സംഘാടനം തകർക്കുക, ഈ രത്നങ്ങൾ പൊടിച്ച് അവയുടെ പ്രാഥമികമായ രാസാവസ്ഥയിൽ നിർത്തുക, അതോടെ നിങ്ങൾ നിർജ്ജീവമായ കാർബണേറ്റുകളായി മാത്രം മാറും.

അതിനാൽ വിശുദ്ധ ഖുർആന്റെ പ്രസ്താവന തീർച്ചയായും വാസ്തവമാണ്. അതായത് പ്രപഞ്ചത്തിന്ന് ഒന്നിലധികം യജമാനന്മാർ ഉണ്ടായിരുന്നെങ്കിൽ ഒന്നിനോടൊന്ന് മത്സരിച്ച് സ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി പൊരുതുകയും പ്രപഞ്ചം ക്രമരാഹിത്യത്തിലും അരാചകത്വത്തിലും ഒടുങ്ങിപ്പോവുകയും ചെയ്യും എന്ന വിശുദ്ധ ഖുർആന്റെ നിഗമനം തീർച്ചയായും ശരിയാണ്. മറ്റു വചനങ്ങളിൽ ജീവിതം എന്നത് സന്തുലനത്തിന്റെയും ആക്കത്തൂക്കത്തിന്റെയും ഫലമാണെന്ന് വിശദീകരിക്കാൻ സാധിക്കും. അതിന്റെ അഭാവത്തിൽ നിന്നും ഉണ്ടാകുന്നത് മരണമാണ്. മനുഷ്യവംശം വിശുദ്ധ ഖുർആന്റെ ഈ അത്യഗാധമായ സന്ദേശം ഗ്രഹിക്കുകയും ദൈവത്തിന്റെ ഏകത്വം അറിയുകയും അതിനോട് ചേർന്ന് നിൽക്കുകയും ചെയ്തെങ്കിൽ അത് തീർച്ചയായും മറ്റൊരു ലോകമാകുമായിരുന്നു.

**സാർവ്വത്രിക ഗുരുത്വ നിയമം**

പ്രപഞ്ച സൃഷ്ടിപ്പിൽ നീതിതത്വങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട് എന്ന വാദത്തെ ബലപ്പെടുത്തുന്നതിന്ന് മതിയായ ശാസ്ത്രീയ തെളിവുകളും നിറയെ വസ്തുതകളും കൈയ്യിലുണ്ട്. എന്നാൽ ഇവിടെ നാം ചർച്ച ചെയ്യുന്ന വിഷയം വിശദീകരിക്കാൻ സാർവ്വത്രിക ഗുരുത്വാകർഷണ നിയമത്തെ പറ്റിയുള്ള പരാമർശം മതിയായിരിക്കും. ഈ നിയമപ്രകാരം പ്രപഞ്ചത്തിലെ രണ്ടു കണങ്ങൾ തമ്മിൽ പരസ്പരം ബലത്തോടുകൂടി ആകർഷിക്കുന്നു. ആ ബലത്തിന്റെ അളവ് (Magnitude) കണത്തിന്റെ ദ്രവ്യമാനത്തിന്റെ (Mass) ഗുണന ഫലത്തിന്ന് (Product) നേർ അനുപാതത്തിലും (Directly Prortional) അവ തമ്മിലുള്ള ദൂരത്തിന്റെ വർഗ്ഗത്തിന്ന് (Square) വിപരീത അനുപാതത്തിലു (Inversely Prortional) മായിരിക്കും. ഈ പരസ്പര ആകർഷണത്തെയാണ് ഗുരുത്വാകർഷണം എന്ന് വിളിക്കുന്നത്. പ്രപഞ്ചത്തിൽ അതിന്റെ സമ്പൂർണ്ണ സന്തുലനമാണ് കാണുന്നത്. വിപരീത ബലങ്ങളെപറ്റി ഒരു സമ്പൂർണ്ണ സമവാക്യമോ സന്തുലനമോ ഇല്ലാതെ പ്രപഞ്ചത്തിന്ന് അതിന്റെ പരമാവധി സന്തുലനത്തിൽ എത്താനാവില്ല. ഇത് തന്മാത്രകളുടെയും ആറ്റത്തിന്റെയും സ്ഥൂല-സൂക്ഷ്മ ലോകങ്ങൾക്കും ഒരുപോലെ ബാധകമാണ്.

ഒരു ഭ്രമണപഥത്തിലുള്ളതെല്ലാം ആ ഭ്രമണപഥത്തിൽതന്നെ നിലനിർത്തുന്നത് തികഞ്ഞ സന്തുലനത്വമുള്ള അഭികേന്ദ്ര ബലവും (Centrifugal Forces) അപകേന്ദ്ര ബലവും (Centripetal Force) പ്രവർത്തിക്കുന്നതിന്റെ ഫലമായിട്ടാണ്. അത്യധികം സങ്കീർണ്ണമായ അത്തരം ബലങ്ങളുടെ ഒരു ജാലിക ആകാശ ഗോളങ്ങളെ ബന്ധിച്ചു നിർത്തുന്നതിന്റെ ഫലമായാണ് പ്രപഞ്ചത്തിന്റെ സ്ഥൈര്യം നിലനിൽക്കുന്നത്.

എല്ലാ ഖഗോള വസ്തുക്കളും ദീർഘ വൃത്തത്തിലുള്ള ഭ്രണപഥത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യം പരാമർശിച്ചുകൊണ്ട് ദൈവത്തിന്റെ ഈ സർഗ്ഗാത്മക ധൈഷണികതയെ പറ്റിയാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ഇത്

**ശേഷം പേജ് 30 ൽ**

# ചന്ദ്രൻ ഒരു ദൈവദൃഷ്ടാന്തം

അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിക്കുന്നതുമാക്കുക യും, വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിന്ന് വേണ്ടി അതിന്ന് പല ഘട്ടങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളവൻ. ന്യായമായ ആവശ്യാർത്ഥമല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക്വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു. രാവും പകലും മാറി മാറി വരുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളിലും സൂക്ഷ്മത പാലിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്. (10:6 – 7)

സിയ. എച്ച്. ഷാ എംഡി

ചന്ദ്രനില്ലാതെ നിങ്ങളുടെ ജീവിതം എങ്ങിനെയായിരിക്കും എന്ന് നിങ്ങൾ ആശ്ചര്യത്തോടെ ചിന്തിച്ചിട്ടുണ്ടെങ്കിൽ അതിന്നുള്ള വിസ്മയകരമായ ഉത്തരം ചന്ദ്രൻ ഇല്ലെങ്കിൽ നിങ്ങളുമുണ്ടാകില്ല എന്നായിരിക്കും. ചന്ദ്രൻ സൃഷ്ടിക്കപ്പെടുന്നതിന്ന് മുമ്പുണ്ടായിരുന്ന ഭൂമി തികച്ചും മറ്റൊരു ഗോളമായിരുന്നു.

ഭൂമിക്ക് വലിയ ഒരു ചന്ദ്രനുള്ളത്കൊണ്ടാണ് നമ്മുടെ ആന്തര സൗരയുഥത്തിൽ ഭൂമി അതുല്യമായ ഒരു ഗ്രഹമായിതീരുന്നത്. ആന്തര സൗരയൂഥമാണ് നമ്മുടെ സൗരയൂഥത്തിലെ ജീവമണ്ഡലം. ഈ മണ്ഡലത്തിൽ ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയുൾപ്പെടുന്നു. അതിൽ ബുധൻ ശുക്രൻ എന്നീഗ്രഹങ്ങൾക്ക് ഉപഗ്രഹങ്ങളില്ല. ചൊവ്വക്കാകട്ടെ ഉൽക്കയുടെ വലിപ്പത്തിലുള്ളയത്ര രണ്ട് ചെറിയ ചിന്ന ഗ്രഹങ്ങൾ മാത്രമാണ് ഉപഗ്രഹമായിട്ടുള്ളത്. നമ്മുടെ സൗരയുഥത്തിൽ 136 ചന്ദ്രന്മാരുണ്ട് (ഉപഗ്രഹങ്ങൾ). എന്നാൽ അതിൽ നമ്മുടെ ചന്ദ്രന്ന് ചില പ്രത്യേകതകളുണ്ട്. അറിയപ്പെടുന്ന ഉപഗ്രഹങ്ങളിൽ സൗരയൂഥത്തിലെ ആന്തര മണഡ്ലത്തിൽ മൂന്ന് ഉപഗ്രഹങ്ങൾ മാത്രമാണുള്ളത്.

ചന്ദ്രന്റെ ആകർഷണശക്തിയാണ് സമുദ്രങ്ങളിൽ വേലിയേറ്റം സൃഷ്ടിക്കുന്നത്. ഈ സമുദ്രവേലിയേറ്റങ്ങൾ പല സ്ഥലങ്ങളിലും ഏറ്റക്കുറച്ചിലോടെ അനുഭവപ്പെടുന്നു. ഭൂമദ്ധ്യരേഖാ പ്രദേശത്ത് വേലിയേറ്റം വളരെ കുറച്ചാണ് അനുഭവപ്പെടുക. ഏതാനും അടിമാത്രം എന്നാൽ ധ്രുവങ്ങളിലേക്ക് പോകുമ്പോൾ അത് കൂടി വരുന്നു. കാനഡയിലെ ഫണ്ടി ഉൾക്കടലിൽ ഏറ്റവും അനുകൂലമായ അവസ്ഥയിൽ വേലിയേറ്റം 53 അടിവരെ ഉയരുന്നു. വേലിയേറ്റ പ്രവർത്തനത്തിന്റെ ഫലമായാണ് ഭൂമിയിൽ പ്രത്യേകമായ പരിസ്ഥിതിയും ആവാസ വ്യവസ്ഥയും സൃഷ്ടിക്കപ്പെട്ടത്. ഇത്തരം വേലിയേറ്റങ്ങളുടെ ഫലമായി ജലസംഭരണ പ്രദേശങ്ങളിലും അതിന്റെ ഇതര പ്രദേശങ്ങളിലും നിരവധി ജീവരൂപങ്ങൾ വികാസം പ്രാപിക്കുന്നു. വേലിയേറ്റങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് കാണുന്ന സസ്യങ്ങളുടെയും ജീവികളുടെയും രൂപങ്ങൾ വ്യത്യസ്തമാകുമായിരുന്നു.

മറ്റുഗ്രഹങ്ങളുടെ ഉപഗ്രഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രൻ അസാധാരണമാംവിധം വലുതാണ്. ചന്ദ്രന്റെ വ്യാസാർദ്ധം ഭൂമിയുടെ നാലിലൊന്നാണ്. ചന്ദ്രന്റെ ആനുപാതികമായ ഈ വലിപ്പം കാരണം അത് ഭൂമിയിൽ ഗണ്യമായ ബലം ചെലുത്തുന്നു. ഭൂമിയുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായി ചന്ദ്രന്റെ അസാമാന്യമായ വലിപ്പത്തെപറ്റി പ്രതിപാദിച്ചുകൊണ്ട് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു: 'ചന്ദ്രന്ന് ഭൂമിയോടുള്ള അടുപ്പത്തെ കൂടാതെ മറ്റു ഗ്രഹങ്ങളുടെ സ്വാഭാവിക ഉപഗ്രഹങ്ങളെക്കാൾ ആനുപാതികമായി ചന്ദ്രന്ന് പിണ്ഡം കൂടുതലാണ്. ഇതിന്റെ ഫലമായി ചന്ദ്രനും ഭൂമിയും പരസ്പരം ചെലുത്തുന്ന ശക്തമായ ആകർഷണ ശക്തിമൂലം ഒരു പ്രത്യേക ഗോള വ്യവസ്ഥയായി ഭൂമി-ചന്ദ്ര യുഗ്മം നിലകൊള്ളുന്നു. സൂര്യനിൽ നിന്നും ഭൂമി, ജീവികളുടെ ആവാസവ്യവസ്ഥക്ക് അനുയോജ്യമായ അകലത്തിലാണ് നിലകൊള്ളുന്നത്. ഭൂമി സൂര്യനിൽ നിന്നും ഇപ്പോഴുള്ളതിനേക്കാൾ അടുത്താണെങ്കിൽ സൂര്യതാപത്താൽ അതിലെ ജലമെല്ലാം വറ്റിപ്പോവുമായിരുന്നു. അകലെയാണെങ്കിൽ ജലമെല്ലാം തണുത്തുറ

ഞ്ഞു പോകുകയും ചെയ്യുമായിരുന്നു, ചന്ദ്രന്റെ അനുയോജ്യമായ വലുപ്പവും അതിന്റെ യുഗ്മത്വവുമാണ് നിശ്ചിത അകലത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ അച്ചുതണ്ടിനെ സ്ഥിരമായി നിർത്തി ഭൂമിക്ക് പ്രവചനീയമായ ഒരു കാലവസ്ഥ പ്രദാനം ചെയ്യുന്നത്. യൂറോപ്യൻ സ്പേയസ് ഏജൻസിയുടെ റിസർച്ച് ആന്റ് സയിൻസ് ഡിപ്പാർട്ട്മെന്റിലെ ചീഫ് സയിന്റിസ്റ്റായ ഡോ. ബർണാർഡ് എഛ്. ഫോയിങ്ങ് ആസ്ട്രോ ബയോളജിക്കൽ മാഗസിനിൽ എഴുതുന്നു:

കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ അച്ചുതണ്ടിനെ സ്ഥിരമായി നിർത്തുന്ന ഘടകം ചന്ദ്രനാണ്. നിങ്ങൾ ചൊവ്വാ ഗ്രഹത്തെ നോക്കൂ സൗരയുഥത്തിലെ മറ്റു ഗ്രഹങ്ങളുടെ ആകർഷണ സ്വാധീനം മൂലം ചൊവ്വ അതിന്റെ അച്ചുതണ്ടിൽ ഉലഞ്ഞുകൊണ്ടാണ് കറങ്ങുന്നത് (Wobbling Motion) ഇത്തരത്തിൽ അച്ചുതണ്ട് അസ്ഥിരമായി ചരിഞ്ഞും ഉലഞ്ഞും കൊണ്ടുള്ള ഭ്രമണം മൂലം ചൊവ്വയുടെ ധ്രുവ പ്രദേശത്തുള്ള മഞ്ഞു തൊപ്പി മദ്ധ്യഭാഗത്തേക്ക് മാറുന്നതായി കാണാം. എന്നാൽ ചന്ദ്രൻ നമ്മുടെ ഗ്രഹമായ ഭൂമിയെ സ്ഥിരമായി നിർത്താൻ സഹായിക്കുന്നു. അതിന്റെ അച്ചുതണ്ട് ഒരേ ദിശയിൽ തന്നെ നിശ്ചിതമായ ചരിവോടെ ഉലയാതെ സ്ഥിരമായി കറങ്ങുന്നു. അതുകൊണ്ടാണ് നമുക്ക് കുറഞ്ഞ തോതിലുള്ള കാലാവസ്ഥാ മാറ്റം അനുഭവപ്പെടുന്നത്. ഭൂമിയിലെ ജീവരാശിയുടെ സ്വഭാവത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ചത് ഭൂമിയുടെ ഈയൊരു പ്രത്യേകതയാണ്. അതുകൊണ്ടാണ് ഭൂമിയിൽ സങ്കീർണ്ണങ്ങളായ ബഹുകോശ ജീവികൾ ആവിർഭവിക്കാൻ കാരണം. വലിയ തോതിലുള്ള കാലാവസ്ഥാഭേദങ്ങളുള്ള ഗ്രഹങ്ങളിൽ ചെറിയതും മൃദുലമല്ലാത്തതുമായ ജീവികൾ മാത്രമേ ആവിർഭവിക്കൂ.

ചന്ദ്രൻ ഇല്ലായിരുന്നുവെങ്കിൽ ഭൂമിയുടെ അച്ചുതണ്ട് (വടക്ക് തെക്കായി ഭൂമിയുടെ മദ്ധ്യത്തിലൂടെയുള്ള സാങ്കൽപ്പിക രേഖ) പമ്പരം കറങ്ങി വീഴാൻ നേരത്ത് ആടി ഉലയുന്നത് പോലെയോ അല്ലെങ്കിൽ താങ്ങിനിർത്തുന്ന തൂണുകളില്ലാതെ മുറുക്കിക്കെട്ടിയ കയറിൽ കൂടെ നടക്കുന്ന ഒരു അഭ്യാസിയുടെ വേച്ചു വേച്ചുള്ള നടത്തം പോലെയോ ഉലയുമായിരുന്നു. ഭൂമിക്ക് അൽപ്പം ഉലച്ചിൽ ഉണ്ടെങ്കിലും അത് സ്ഥിരമാക്കി നിർത്തുന്നത് ചന്ദ്രനാണ്. ഇത്കൊണ്ടാണ് ഭൂമിയിൽ ഋതുഭേദങ്ങൾ കൂടുതൽ മാറ്റങ്ങളില്ലാതെയും സ്ഥിരമായും ആവർത്തിക്കുന്നത്. ഈ കാലാവസ്ഥ ഭേദമാണ് കൂടുതൽ സങ്കീർണ്ണമായ ജീവിരൂപങ്ങൾ ആവിർഭവിക്കാനും പരിണമിക്കാനും വിജയകരമായ രൂപസ്ഥിരത കൈവരിക്കാനും കാരണമായിത്തീരുന്നത്.

ഭൂമിയുമായി ചന്ദ്രൻ ഇന്നുകാണുന്ന ഭ്രമണപഥത്തെക്കാൾ കൂടുതൽ അടുത്തായിരുന്നുവെങ്കിൽ കടലിലുണ്ടാകുന്ന ഓരോ വേലിയേറ്റവും ഒരു സുനാമിയായി പരിണമിക്കുമായിരുന്നു. അങ്ങിനെയാണെങ്കിൽ കരയിൽ ജീവിതം അസാദ്ധ്യമായി തീരും. ചന്ദന്റെ ഗുരുത്വ ബലം എല്ലാ കാലത്തും സ്ഥിരമായിരുന്നുവെങ്കിൽ സമുദ്രത്തിൽ വേലിയിറക്കവും വേലിയേറ്റവും ഉണ്ടാകുമായിരുന്നില്ല. ചന്ദ്രന്റെ ഗുരുത്വ ബലത്തെ പറ്റി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു.

ചന്ദ്രന്റെ ഭൂമദ്ധ്യരേഖാ വ്യസാർദ്ധം 1738 കിലോമീറ്ററാണ് (1080 മൈൽ) അതിന്റെ ആകൃതി അൽപ്പം പരന്നതാണ്. ഭൂമിയുടെ നേർക്ക് അൽപ്പം ഉന്തി നിൽക്കുന്നതുമാണ്. ചന്ദ്രന്റെ പിണ്ഡം വിതരണം ചെയ്യപ്പെട്ടിരിക്കുന്നത് എല്ലായിടത്തും ഒരു പോലെയല്ല. ചന്ദ്രന്റെ മദ്ധ്യഭാഗം ഗോളാകാരത്തെ അപേക്ഷിച്ച് 2 കി. മീറ്ററോളം (1.2മൈൽ) വിസ്ഥാപനം സംഭവിച്ച് ഭൂമിക്ക് നേരെ ഉന്തിനിൽക്കുന്നു.

ചന്ദ്ര-ഭൂമി യുഗ്മത്തിന്റെ ഈ പ്രത്യേകതയാണ് ഭൂമിയിൽ സങ്കീർണമായ ജീവിതം ആവിർഭവിക്കാൻ കാരണമായി തീർന്നത്. അത് കേവലം ആകസ്മികമോ യാദൃശ്ചികമോ അല്ല. സ്രഷ്ടാവിന്റെ പ്രത്യേകമായ കരുണാകടാക്ഷമാണ്. അല്ലാഹു പറയുന്നു: ***'രാവിനേയും പകലിനേയും*** **സൂര്യനേയും ചന്ദ്രനേയും അവൻ നിങ്ങളുടെ സേവനത്തിന്നായി ഏർപ്പെടുത്തിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപ്പനയനുസരിച്ച് വിധേയമാക്കപ്പെട്ടവയാണ്. ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്.'** ***(വി.ഖുർആൻ 16:13)***

ചന്ദ്രന്റെ ഭ്രമണത്തെ പറ്റി ഖുർആൻ പറയുന്നു: **'അവനത്രെ രാവിനെയും പകലിനെയും സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചത്. ഇവയിൽ ഒരോന്നും ഒരോ പന്ഥാവിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.' (വി.ഖുർആൻ 21: 34)**

ഈ ലേഖനത്തിന്റെ തുടക്കത്തിൽ ഉദ്ദരിച്ച സൂറ:യൂനുസിലെ വചനം പോലെ വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിന്ന് വേണ്ടി അതിന്ന് പല ഘട്ടങ്ങളും നിർണ്ണയിക്കുകയും ചെയ്തു. സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങളാണ് ഗോള ശാസ്ത്രത്തിന്റെയും ഗണിത ശാസ്ത്രത്തിന്റെയും വികാസത്തിലേക്ക് നയിച്ചത്. പ്രൊഫ: ബർണാർഡ് എഛ്. ഫോയിംങ്ങ് എഴുതുന്നു: 'നമ്മുടെ ചരിത്രത്തിൽ അധിക കാലവും നാം വേട്ടയാടുകയും മത്സ്യം പിടിക്കുകയും കൃഷി നടത്തുകയും നമ്മുടെ ജീവിതം ചന്ദ്രനെ ഉപയോഗിച്ചാണ് ക്രമപ്പെടുത്തിയത്. നമ്മുടെ വേട്ടയുടെ സമയവും കൊയ്ത്തിന്റെ സമയവും നിർണ്ണയിച്ചിരുന്നത് ചന്ദ്രനാണ്. അതുകൊണ്ടാണ് നമ്മുടെ കലണ്ടറുകളധികവും ചന്ദ്രനെ അടിസ്ഥാനമാക്കിയായത്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ നിരീക്ഷണം ഇങ്ങിനെയാണ്. ചന്ദ്രന്റെ പ്രകൃതിയെക്കുറിച്ചും അതിന്റെ ഉത്ഭവത്തെക്കുറിച്ചും

നൂറ്റാണ്ടുകളുടെ നിരീക്ഷണവും ശാസ്ത്ര ഗവേഷണങ്ങളും നടക്കുകയുണ്ടായി. ചന്ദ്രന്റെ ചലനങ്ങളെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചുമുള്ള പുരാതനകാലത്തെ പഠനങ്ങൾ വേലിയേറ്റത്തെക്കുറിച്ചും ഇറക്കത്തെക്കുറിച്ചുമുള്ള പ്രവചനങ്ങൾ നടത്താൻ സാദ്ധ്യമാക്കുകയും അങ്ങിനെ കലണ്ടറുകളുടെ വികാസത്തിലേക്ക് അത് നയിക്കുകയും ചെയ്തു. ഫോയിംങ്ങ് തുടരുന്നു: ശാസ്ത്രത്തിന്റെ വികാസത്തിന്ന് പ്രപഞ്ചത്തിൽ നമ്മുടെ സ്ഥാനത്തെക്കുറിച്ച് അറിയാനും ചന്ദ്രന്ന് നിർണ്ണായകമായ ഒരു പങ്കുണ്ട്. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുടെ ആവർത്തനം നാം കാണുന്നു. ചന്ദ്രഗ്രഹണവും സൂര്യ ഗ്രഹണവും നാം നിരീക്ഷിക്കുന്നു. പ്രകൃതിയെക്കുറിച്ച് മനസ്സിലാക്കാൻ ഇത് നമുക്ക് ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു: ചന്ദ്രചലനങ്ങളെക്കുറിച്ചുള്ള പഠനമാണ് വിജ്ഞാന വളർച്ചയുടെ കേന്ദ്രബിന്ദു. അത് ചന്ദ്രനെക്കുറിച്ച് മാത്രമല്ല, ഗോള ബലതന്ത്രത്തെക്കുറിച്ചും ഭൗതിക ശാസ്ത്രത്തെക്കുറിച്ചുമുള്ള അറിവിന്ന് ആധാരം ഈ ചന്ദ്രനെക്കുറിച്ചുള്ള അറിവാണ്. വിശുദ്ധ ഖുർആൻ പറയുന്നു: **'ചന്ദ്രന്ന് നാം ചില പതനങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. അങ്ങനെ അത് പഴയ ഈന്തക്കുല തണ്ട് പേലെ ആയി തീരുന്നു'** (36: 40–41)

നമ്മുടെ സൗരയൂഥത്തിലെ 139 ചന്ദ്രന്മാരെക്കുറിച്ചുള്ള വിവരണപട്ടിക ഇപ്രകാരമാണ്.

ബുധൻ 0, ശുക്രൻ 0, ഭൂമി 1, വ്യാഴം 62, ശനി 33, യുറാണസ് 27, നെപ്ട്യൂൺ13, പ്ലൂട്ടോ 1(പ്ലൂട്ടോയെ ഇന്റർ നാഷണൽ ആസ്ട്രാണമി യൂനിയൻ 2006 ൽ ഗ്രഹത്തിന്റെ പദവിയിൽ നിന്നും ചില കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്)

## ചന്ദ്രനെ പറ്റി ബൈബിൾ

വിശുദ്ധ ഖുർആനെ സംബന്ധിച്ച് ഞാൻ പക്ഷപാതിത്വത്തോടുകൂടിയല്ല സംസാരിച്ചത്. നമ്മുടെ ചന്ദ്രനെപറ്റി ബൈബിളിൽ എന്താണ് പറഞ്ഞതെന്ന് നോക്കാൻ തീരുമാനിച്ചു. ബൈബിളിൽ രണ്ടു വ്യത്യസ്ഥമായ സൃഷ്ടികഥയാണ് കാണാൻ കഴിഞ്ഞത്. ഉൽപത്തിയിൽ വിവരിച്ച സൃഷ്ടികഥ ഇപ്രകാരമാണ്. അതായത് സൂര്യന്ന് മുമ്പാണ് ഭൂമി സൃഷ്ടിക്കപ്പെട്ടത്. ഈ പരാമർശം ശാസ്ത്രീയമായി തെറ്റാണ്. ഭൂമി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടത് മൂന്നാം ദിവസമാണ്. നാലാം ദിവസം വരെ സൂര്യനും ചന്ദ്രനും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഉൽപത്തി 9–13 വരെയുള്ള വചനങ്ങളിലാണ് ഭൂമിയുടെ സൃഷ്ടികഥ വിവരിച്ചിരിക്കുന്നത്. **ദൈവം അരുളി ചെയ്തു ആകാശത്തിന്നു കീഴിലുള്ള വെള്ളമെല്ലാം ഒരിടത്ത് ഒന്നിച്ച് ചേരട്ടെ, വരണ്ട കര കാണുമാറുകയും ചെയ്യട്ടെ അത് അങ്ങനെ ആയി. വരണ്ട കരയെ ഭൂമിയെന്നും ഒന്നിച്ചു ചേർന്ന വെള്ളത്തെ കടൽ എന്നും ദൈവം വിളിച്ചു. അത് നല്ലത് എന്ന് ദൈവം കണ്ടു. ദൈവം അരുൾ ചെയ്തു: 'ഭൂമിയിൽ സസ്യങ്ങൾ മുളച്ച് വളരട്ടെ അതതു തരം വിത്തുള്ള ചെടികളും അതതു തരം കുരുവോടുകൂടിയ ഫലങ്ങളും കായ്ക്കുന്ന വൃക്ഷങ്ങളും അങ്ങനെ ആയി. ഭൂമി സസ്യങ്ങൾ മുളപ്പിച്ചു അതതു തരം വിത്തുകളോടുകൂടിയ ചെടികളും അതതു തരം കുരുവോടു കൂടിയ ഫലം കായ്ക്കുന്ന വൃക്ഷങ്ങളും അതു നല്ലത് എന്നു ദൈവം കണ്ടു സന്ധ്യയായി. ഉഷസ്സായി മൂന്നാം ദിവസം'(ഉൽപ്പത്തി 1: 1–13)**

ഈ ബൈബിളിൽ വചനത്തിൽ പ്രതിപാദിച്ച മറ്റു വസ്തുതകളിൽ ശാസ്ത്രീയമായി സംഗതമല്ലാത്ത പരാമർശങ്ങളാണുള്ളത്. അതായത് സൂര്യൻ സൃഷ്ടിക്കപ്പെടുന്നതിന്ന് മുമ്പേ സസ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന പരാമർശം. ഇത് ശാസ്ത്രീയം എന്നത് പോയിട്ട് സാമാന്യയുക്തിക്കു പോലും നിരക്കുന്നതല്ല. സൂര്യപ്രകാശം ലഭിച്ചെങ്കിൽ മാത്രമേ പ്രകാശ സംശ്ലേഷണം നടത്തി സസ്യങ്ങൾക്ക് വളരാൻ സാദ്ധ്യമാവു. അത്പോലെ സൂര്യൻ സൃഷ്ടിക്കപ്പെടുന്നതിന്ന് മുമ്പേ രാവും വൈകുന്നേരവുമുണ്ടായി. സൂര്യനും ചന്ദ്രനും നാലം ദിവസമാണ് സൃഷ്ടിക്കപ്പെട്ടത് ബൈബിളിൽ ചന്ദ്രനെപറ്റി അതിന്റെ നാമം പരാമർശിക്കാതെയുള്ള ഒരു പ്രതിപാദനം നോക്കുക.

**ദൈവം അരുൾ ചെയ്തു: പകലും രാത്രിയും വേർതിരിക്കാൻ ആകാശ കമാനത്തിൽ ജ്യോതിസ്സുകൾ ഉണ്ടാകട്ടെ. അവ ഋതുക്കളും ദിനങ്ങളും വത്സരങ്ങളും തിരിച്ചറിയാനുള്ള അടയാളങ്ങളായിരിക്കട്ടെ. അവ ആകാശ കമാനത്തിൽ ഭൂമിക്ക് വെളിച്ചം നൽകുന്ന ജ്യോതിസ്സുകളായിരിക്കട്ടെ. അത് അങ്ങനെ ആയി. അങ്ങനെ രണ്ട് വലിയ ജ്യോതിസ്സുകളെ ദൈവം സ്രൃഷ്ടിച്ചു. അവയിൽ വലുപ്പമേറിയതിനെ പകൽ ഭരിക്കാനും വലിപ്പം കുറഞ്ഞതിനെ രാവു ഭരിക്കാനും ആക്കി. ദൈവം നക്ഷത്രങ്ങളെ സൃഷ്ടിച്ചു. ഭൂമിയിമേൽ പ്രകാശം നൽകാനും പകലും രാത്രിയും ഭരിക്കാനും ഇരുളിൽ നിന്ന് പ്രകാശത്തെ വേർതിരിക്കാനുമായി ദൈവം അവയെ ആകാശകമാനത്തിൽ സ്ഥാപിച്ചു. ഉഷസ്സായി. നാലം ദിവസം. (ഉൽപ്പത്തി 1: 14–19)**

ബൈബിളിൽ ചന്ദ്രൻ എന്ന പദം സെർച്ച് ചെയ്യാനായി WWW. Bible.com എന്ന സൈറ്റിൽ പോയി സെർച്ച് ചെയ്തപ്പോൾ ഞാൻ 62 ബൈബിൾ വചനങ്ങൾ കണ്ടു. പക്ഷേ അതൊന്നും തന്നെ ഖുർആനിൽ പ്രതിപാതിച്ചത് പോലെ ചന്ദ്രന്റെ സൃഷ്ടിപ്പിൽ ഒരു ഉദേശ്യം ഉള്ളതായും അത് ഒരു ഭ്രമണപഥത്തിൽ ചുറ്റിത്തിരിയുന്നതായും പ്രതിപാദിച്ചതായി കാണൻ സാധിച്ചില്ല. അപ്രകാരം ശാസ്ത്രത്തിന്റെയും ഗണിത ശാസ്ത്രത്തിന്റെയും നിദാനം ചന്ദ്രന്റെ വിവിധ പതനഘട്ടങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണെന്ന പരാമർശവും കണ്ടില്ല. ഞാൻ ഈ ലേഖനത്തിൽ ഉദ്ദരിച്ച

ഖുർആൻ വചനങ്ങൾ സർവ്വജ്ഞാനിയായ ദൈവത്തിൽ നിന്നുള്ളതാണെന്ന എന്റെ ബോദ്ധ്യം വീണ്ടും ശക്തിപ്പെടുകയാണുണ്ടായത്. അത് കൂടാതെ സങ്കീർത്തനങ്ങളിൽ പ്രപഞ്ച ശാസ്ത്രത്തെക്കുറിച്ച് ചില പരാമർശങ്ങളുണ്ട്. പക്ഷേ അതൊന്നും തന്നെ ഖുർആനോളം തുല്യമല്ല. ബൈബിളിലെ പരാമർശങ്ങൾ ശാസ്ത്രീയമായ കൃത്യതയോ സൂക്ഷ്മതയോ ഇല്ലാത്തതാണ്. ഒരു ബൈബിൾ വചനം ഇങ്ങിനെയാണ്: **'ഋതുക്കളെക്കുറിക്കാൻ നീ ചന്ദ്രനെ സൃഷ്ടിച്ചു. സൂര്യൻ അതിന്റെ അസ്തമയ കാലം അറിയുന്നു.' (സങ്കീർത്തനം: 104: 19) 'സൂര്യൻ നിശ്ചലമായി നിന്നും ചന്ദ്രൻ അനങ്ങിയില്ല. യാശാറന്റെ പുസ്തകത്തിൽ ഇത് എഴുതിയിട്ടില്ലേ? സൂര്യൻ ആകാശമദ്ധ്യത്തിൽ ഉറച്ചു നിന്നു. അത് ഒരു മുഴുവൻ ദിവസങ്ങളോളം അസ്തമിക്കാൻ മുതിർന്നതേയില്ല.'(യോആശുവാ.10:13)**

ഈ വൈരുദ്ധ്യങ്ങൾ ഡോ. മൗറീസ് ബുക്കായിയുടെ The Bible the Quran and the Science എന്ന പുസ്തകത്തിൽ ചന്ദ്രനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അദ്ദേഹം Creation of the Heaven and Earth എന്ന അദ്ധ്യായത്തിൽ അദ്ദേഹം എഴുതുന്നു: ബൈിൾ, സുര്യനെയും ചന്ദ്രനേയും ജ്യോതിസ് എന്ന പദമാണ് ഉപയോഗിച്ചത്. സൂര്യനെ വലിപ്പമേറിതെന്നും ചന്ദ്രനെ വലിപ്പം കുറഞ്ഞതെന്നും പ്രയോഗിച്ചു. ഖുർആൻ മറ്റൊരു മാനത്തിലാണ് രണ്ട് ഗോളങ്ങളയും വിശേഷിപ്പിച്ചത്. വെറുമൊരു അക്ഷരമാത്രമായ വിശേഷണത്തിൽ കവിഞ്ഞ ഒന്നാണ് ഖുർആന്റെ വിശേഷണം. എന്നാൽ എങ്ങിനെയാണ് ഈ കാലത്ത് ഇങ്ങിനെയൊരു കാര്യം ആശയക്കുഴപ്പമില്ലാതെ മനുഷ്യനോട് വിനിമയം ചെയ്യാൻ സാധിക്കുക. ഖുർആന്റെ ഈ വിശേഷണത്തിൽ സൂര്യന്റെയും ചന്ദ്രന്റേയും പ്രകാശം തികച്ചും വ്യത്യസ്തമായ പ്രകാശമാണ്. ഖുർആൻ ഈ രണ്ട് വ്യത്യാസങ്ങളും വ്യക്തമായി പ്രതിപാദിക്കുന്നു. ഇവിടെ അദ്ദേഹം സൂചിപ്പിച്ച ഖുർആൻ വചനം ഇതാണ്. **'അല്ലാഹു ഏഴാകാശങ്ങളെ എങ്ങനെ പരസ്പരം യോജിച്ച നിലയിൽ സൃഷ്ടിച്ചുവെന്ന് നീങ്ങൾ കണ്ടില്ലേ?' (71:16–17) 'ആകാശത്തിൽ രാശികളെ ഉണ്ടാക്കുകയും അതിൽ ഒരു വിളക്കിനെയും (സിറാജ്) വെളിച്ചം (മുനീർ) നൽകുന്ന ഒരു ചന്ദ്രനേയും സൃഷ്ടിക്കുകയും ചെയ്തവൻ അനുഗ്രഹപൂർണ്ണനാണ്.'(25:62)**

ബൈബിളിൽ ചന്ദ്രന്റെ ഭ്രമണ വൃത്തത്തിലൂടെയുള്ള ചലനത്തെ പറ്റി പ്രതിപാദിക്കുന്നില്ല. ഖുർആൻ ചന്ദ്രന്റെ ഭ്രമണ വൃത്തത്തിലൂടെയുള്ള ചലനത്തെപറ്റി പ്രതിപാദിക്കുവെന്ന് മാത്രമല്ല അത് സൂര്യന്റെ ചലനത്തിൽ നിന്നും വ്യത്യസ്ത പഥത്തിലാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**'അവനത്രെ രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചത്. ഇവയിൽ ഓരോന്നും ഓരോ പാന്ഥാവിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.' (21:34) 'സൂര്യനെ ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഒരോ സഞ്ചാര പഥത്തിൽ അനായായാസം സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.' (36: 41)**

ബൈിളിനെപോലെ ഖുർആനിൽ പരസ്പര വൈരുദ്ധ്യങ്ങളോ സുസ്ഥാപിത ശാസ്ത്രീയ സത്യങ്ങളുമായി വിയോജിപ്പുള്ള വസ്തുതകളോ ഇല്ല.

## ഉപസംഹാരം

**നിങ്ങൾക്ക് കാണാൻ കഴിയാത്ത തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിവച്ചിരിക്കുന്നവനാണ് അല്ലാഹു. പിന്നീട് അവൻ സ്വയം സിംഹാസനത്തിൽ ആസനസ്ഥനായി. സൂര്യനെയും ചന്ദ്രനേയും അവൻ അധീനമാക്കി. എല്ലാം ഒരു നിശ്ചിത കാലയളവനുസരിച്ചു സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അവൻ കാര്യങ്ങളെല്ലാം ക്രമപ്പെടുത്തി നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ നാഥനുമായുള്ള കൂടികാഴ്ചയിൽ നിങ്ങൾക്ക് ദൃഢവിശ്വാസമുണ്ടാകുന്നതിന്ന് വേണ്ടി. അവൻ ദൃഷ്ടാന്തങ്ങൾ വിശദമായി വിവരിക്കുന്നു. (13:3)**

നമ്മുടെ പ്രവിശാലമായ പ്രപഞ്ച സംവിധാനത്തെ പറ്റി പ്രത്യേകിച്ച് സൗരയൂഥത്തെ പറ്റി നിരീക്ഷിക്കുമ്പോൾ എങ്ങിനെയാണ് ഗുരുത്വാകർഷണം നമ്മെ സ്വാധീനിക്കുന്നത് എന്ന് കുറേകൂടി അഗാതമായ തലങ്ങളിൽ നാം ചിന്തിക്കുകയാണെങ്കിൽ അതിന്റെ അന്തർധാരയായി വർത്തിക്കുന്ന സൂക്ഷ്മമായ കാരണങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുന്നു. പ്രപഞ്ചത്തിന്ന് ഒരു സൃഷ്ടാവ് ഉണ്ട് എന്ന യാഥാർത്ഥ്യമല്ലാതെ മറ്റൊന്നുമല്ല അത്. നമ്മുടെ ജീവിതത്തെ അത് ഉത്തരവാദിത്വ പൂർണ്ണമാക്കുകയും പരലോക ജീവിതത്തെ പറ്റിയുള്ള വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ യഹൂദ പ്രവാചകന്മാരായ ദാവൂദ് നബി (അ)യെയും സുലൈമാൻ നബി (അ)യെ പറ്റിയും പറയുന്നു: **നാം ദാവൂദിന്ന് സുലൈമാനെ അനുഗ്രഹിച്ചു നൽകി അദ്ദേഹം വളരെ നല്ല ദാസൻ. തീർച്ചയായും അദ്ദേഹം ദൈവസന്നിധിയിൽ ഭക്തിപൂർവ്വം കുനിയുന്ന ആളായിരുന്നു. വളരെ വേഗം ഓടുന്ന മേത്തരം കുതിരകളെ സായാഹ്നവേളകളിൽ അദ്ദേഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം സ്മരിക്കുക. അപ്പോൾ അദ്ദേഹം പറഞ്ഞു: നല്ല വസ്തുക്കൾ എന്റെ നാഥനെ സംബന്ധിച്ച് സ്മരണ ഉണർത്തുന്നത് നിമിത്തം അവയെ സ്നേഹിക്കുന്നതിനെ ഞാനിഷ്ടപ്പെടുന്നു. അങ്ങനെ അവ മറവിൽ അപ്രത്യക്ഷമായി. (അപ്പോൾ അദ്ദേഹം കൽപ്പിച്ചു) അവയെ എന്റെ മുന്നിൽ തിരിച്ചു കൊണ്ടുവരിക എന്നിട്ട് അദ്ദേഹം അതിന്റെ**

ശേഷം പേജ് 39 ൽ

# ഇബ്നു അറബി സൂഫിയും പണ്ഡിതനും (1165 – 1240)

സൂഫികളുടെ ലോക ഗുരുവായി ആദരിക്കപ്പെറ്റുന്ന ഈ മഹാ പണ്ഡിതൻ സ്പെയിനിലെ ഒരു പണ്ഡിതകുടുംബത്തിലാണ് ജനിച്ചത് വിവ: കെ.വി ഹസ്സൻ കോയ

സക്കരിയാ വിർക്, കാനഡ

മുഹ്യുദ്ദീൻ ഇബ്നു അറബി ഇസ്‌ലാമിക സ്പെയിനിലെ പ്രസിദ്ധനായ യോഗിയും കവിയും പുണ്യവാളനും തത്ത്വജ്ഞാനിയും ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് സൂഫികളിൽ ആത്മീയ ഗുരുക്കന്മാരിൽ സുപ്രസിദ്ധനായിരുന്നു. മികവുറ്റ ഒരു അദ്ധ്യാപകനായിരുന്ന തോടൊപ്പം ആത്മീയ ദർശന ശേഷിയും അദ്ദേഹത്തിന്റെ കഴിവുകൊണ്ട് പ്രശസ്തി നേടിയിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ പേര് മുഹമ്മദ്ബിനു അലിയിബ്നു അൽ അറബി അൽതായിൽ ഹാത്തിമി എന്നായിരുന്നു. മുസ്‌ലിം സ്പെയിനിൽ മദീനത്തുൽ മുർസിയ (മുറീഷ്യ) പട്ടണത്തിൽ 1165 ആഗസ്റ്റിൽ അദ്ദേഹം ഭുജാതനായി. അദ്ദേഹത്തിന്റെ അറബി കുടുംബത്തിന്റെ വേരുകൾ ഔദാര്യത്തിന് കേൾവികേട്ട ഹംത്തി തായിയിൽ നിന്നാണ് ആരംഭിക്കുന്നത്.

അദ്ദേഹത്തിന്റെ പിതാവ് അലി ഇബ്നു അൽ അറബി വളരെ സ്വാധീനമുള്ള വ്യക്തിയായിരുന്നു. കോർഡോബയിലെ മുഖ്യജഡ്ജ് ഇബ്നു റുഷ്ദിനെപ്പോലെയുള്ളവർ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നു. അദ്ദേഹം മുഹമ്മദ്ബിൻ സഈദ് മർദാനിഷിന്റെ രാജകൊട്ടാരവുമായി ബന്ധപ്പെട്ട ആളായിരുന്നു. ഇബ്നു അറബിക്ക് എട്ടു വയസ്സായപ്പോൾ മുർഷ്യയിലെ ജോലി കാരണം കുടുംബം ലിസ്ബൻ വഴി സെവില്ലയിലേക്ക് താമസം മാറ്റി. സെവില്ലയിലെ അമീർ ആയിരുന്ന അബുയൂസഫ് യാക്കൂബ് തന്റെ കൊട്ടാരത്തിൽ തന്റെ പിതാവിന് ഉന്നതസ്ഥാനം നൽകിയതിനാൽ ഇബ്നു അറബി തന്റെ ജീവിതത്തിലെ മുപ്പത് വർഷം കഴിച്ചുകൂട്ടിയത് ഇവിടെയായിരുന്നു. സെവില്ലെ സൂഫിസത്തിന്റെ കേന്ദ്ര പട്ടണമായിരുന്നു. വളരെയേറെ സൂഫികൾ അവിടെ നിവസിച്ചിരുന്നു. രണ്ടു പുണ്യവതികളും അവിടെയുണ്ടായിരുന്നു. മാർച്ചനയിലെ യാസ്മിനും കോർഡോവയിലെ ഫാത്തിമയുമായിരുന്നു അവർ. യാസ്മിനെക്കുറിച്ചുള്ള ഇബ്നു അറബിയുടെ നിരീക്ഷണം.

“അവരുടെ ആത്മീയ പ്രവർത്തനങ്ങളിലും ആശയവിനിമയങ്ങളിലും ഏറ്റവും ഉന്നതയായിരുന്നു അവൾ. അവരുടെ ഹൃദയം ശക്തവും പരിശുദ്ധവുമായിരുന്നു. നല്ല വിവേചനബോധവും ഉണ്ടായിരുന്നു. അവയിൽ ചിലവ അവർ എന്നോട് വെളിപ്പെടുത്തുമായിരുന്നു. എന്റെ നേട്ടത്തെക്കുറിച്ച് അവർക്ക് അറിയാമായിരുന്നുവെന്നത് എന്നെ സന്തുഷ്ടനാക്കി. (1) ഇബ്നു അറബി തന്റെ അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കിയത് മൂറീഷ്യയിലും ലിസ്ബവിലുമായിരുന്നു. സെമാല്ലെയിൽ അദ്ദേഹം വിശുദ്ധ ഖുർആനും ഹദീസും ശരീഅത്തും അറബി വ്യാകരണവും സമഗ്രമായി പഠിച്ചു. അദ്ദേഹത്തിന്റെ പഠനത്തിലുള്ള വൈദഗ്ധ്യം കാരണം സെവില്ലെ ഗവൺമെന്റ് അദ്ദേഹത്തെ ഒരു സെക്രട്ടറിയായി നിയമിച്ചു. ഇബ്നു അറബിയുടെ ആത്മീയനേട്ടങ്ങൾ ഇളംപ്രായത്തിൽത്തന്നെ പ്രകടമായിരുന്നു. അദ്ദേഹം തന്റെ അധികസമയവും ചെലവഴിച്ചിരുന്നത് സൂഫിമാർക്കിടയിലായിരുന്നു. കാരണം തസവ്വുഫ് ആദ്യമേ അദ്ദേഹത്തിന്റെ കുടുംബത്തിൽ പ്രയോഗവൽക്കരിക്കപ്പെട്ടിരുന്നു. 20-ാം വയസ്സിൽ സൂഫി പാതയിൽ പ്രവേശിച്ചു.

### കുടുംബത്തിലെ സൂഫിസം

അദ്ദേഹത്തിന്റെ കുടുംബത്തിന് സാംസ്കാരികമായ ബന്ധങ്ങൾക്കു പുറമെ മതപരമായ പ്രവണതകളിലും ഒരു ചായ്‌വുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രണ്ട് അമ്മാവന്മാർ സൂഫിമാരായിരുന്നു. അബൂ മുസ്‌ലിം അൽ ഖൗലാനിയും യഹ്‌യാ ഇബ്നു യോഹ്മാനും. അൽ ഖൗലാനി രാത്രി മുഴുവൻ നിസ്കരിക്കാറുണ്ടായിരുന്നു. പതിവായി നിൽക്കുന്നത് കാരണം ക്ഷീണിതനായ തന്റെ കാലുകളിൽ സ്വയം വടി കൊണ്ട് അടിക്കുമായിരുന്നു.

രണ്ടാമത്തെ അമ്മാവൻ യഹ്‌യാ ബിൻ യോഗ്മാൻ ഒരു കാലത്ത് ലെംസനിലെ ഭരണാധികാരിയിരുന്നു. പിന്നീട് അദ്ദേഹം അബൂ

അബ്ദുല്ലാ തുനീഷസി എന്ന ഒരു പുണ്യവാളനെ കണ്ടുമുട്ടി. രാജപദവി ഉപേക്ഷിച്ച് തത്ത്വജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. ഇബ്നു അറബിയോട് അദ്ദേഹത്തിന്റെ ജനങ്ങൾ പ്രാർഥിക്കാൻ അപേക്ഷിച്ചാൽ ഇബ്നു അറബി പറയുമായിരുന്നു: "യഹ്യാബ്നു യോഹ്മാനോട് അപേക്ഷിക്കുക. എന്തെന്നാൽ അദ്ദേഹം ഒരു രാജാവായിരുന്നു. പിന്നീട് ഒരു തത്ത്വജ്ഞാനിയായി. അത്തരമൊരു പരീക്ഷണം എന്നെ കൂടി നേരിട്ടിരുന്നുവെങ്കിൽ ഞാനൊരിക്കലും വിജയിക്കില്ലായിരുന്നു."

## സൂഫിസത്തിലേക്കുള്ള ബൈഅത്ത്

1184ൽ തനിക്ക് 20 വയസ്സുള്ളപ്പോഴാണ് താനൊരു സൂഫിയായത് എന്ന് ഇബ്നു അറബി പറയുമായിരുന്നു. സെവില്ലെയിലെ മറ്റു പൗരാന്മാരോടൊപ്പം തന്നെയും അവിടുത്തെ ഒരു പ്രധാനി സൽക്കാരത്തിനു ക്ഷണിച്ചിരുന്നതായി ഇബ്നു അറബി പറയുന്നു. അവരെല്ലാം ഒരു പാനീയം കുടിക്കുകയായിരുന്നു. പാനീയം ഇബ്നു അറബിക്ക് നല്കപ്പെട്ടപ്പോൾ അദ്ദേഹം ഇങ്ങനെ ഒരു ശബ്ദം കേട്ടു: "ഓ മുഹമ്മദ്, ഇതിനാണോ നാം നിന്നെ സൃഷ്ടിച്ചത്?" അദ്ദേഹം പാനീയം താഴെ വച്ചു ഉടനെ അവിടം വിട്ടിറങ്ങി. വീടിനു പുറത്ത് അദ്ദേഹം ഒരു ഇടയനെ കണ്ടുമുട്ടി. അവന്റെ കൂടെ പട്ടണത്തിന്റെ പ്രാന്തപ്രദേശത്തേക്കു പോയി. വസ്ത്രങ്ങൾ പരസ്പരം കൈമാറി. കുറേനേരം കറങ്ങിയ ശേഷം ഒരു ശ്മശാനത്തിൽ എത്തി. അവിടെ അദ്ദേഹം നാലു ദിവസം 'ദിക്റെ ഇലാഹി' (ദൈവസ്മരണ) യിൽ മുഴുകി. അവിടെ നിന്ന് പുറത്തേക്ക് വന്നപ്പോൾ അത്യധികമായ ജ്ഞാനത്താൽ അദ്ദേഹം അനുഗൃഹീതനായി.

ജീവിതം തന്നെ മാറ്റിമറിക്കപ്പെട്ട ഈ അനുഗ്രഹത്തിനുശേഷം തന്റെ യജമാനനായിരുന്ന ശേഖ് യൂസുഫ് ബിൻ ആഖ്ലഫാൽ കുമിയുടെ മാർഗദർശനത്തിൽ ഒമ്പത് മാസം ഏകാന്തതയിൽ കഴിച്ചുകൂട്ടി. ഇബ്നു അറബി പറയുന്നു:

'എന്റെ ഏകാന്തവാസം ഫജ്ർ നേരത്തായിരുന്നു ആരംഭിച്ചിരുന്നത്. സൂര്യനുദിക്കാൻ ആരംഭിച്ചപ്പോൾ പരോക്ഷമായ (ഗൈബിയായ) ലോകത്തെ രഹസ്യങ്ങൾ എന്നിൽ വെളിപ്പെട്ടു. ഈ ഉപാസനയിൽ ഞാൻ പതിനാല് മാസം കഴിച്ചുകൂട്ടി. എന്നോട് പറയപ്പെട്ട എല്ലാ രഹസ്യങ്ങളും ഞാൻ എഴുതിവെച്ചിട്ടുണ്ട്.

ക്യാബിനറ്റിൽ ഒരു പ്രധാന പദവിയായ ഒരു എഴുത്തുകാരന്റെ ജോലിയാണ് എനിക്ക് സിവിൽ സർവീസിൽ ആദ്യമായി ലഭിച്ചത്. അദ്ദേഹത്തിന്റെ പിതാവ് സംസ്ഥാനമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം രാജ്യം മുഴുവൻ അറിയപ്പെട്ടിരുന്നു. ആത്മീയാനുഭവത്തിനു ശേഷം അദ്ദേഹം തന്റെ ജോലി ഉപേക്ഷിച്ചു. അദ്ദേഹം ഒരു ദർവേശായി ജീവിക്കുന്നതിന് മുൻഗണന നൽകി.

## ഇബ്നുറശ്ദുമായുള്ള കൂടിക്കാഴ്ച

ഇബ്നുഅറബിയുടെ അസാധാരണമായ പാണ്ഡിത്യവും ആത്മീയമായ ഉൾക്കാഴ്ചയും കാരണം അദ്ദേഹത്തിന്റെ ഖ്യാതി സ്പെയിൻ മുഴുവൻ വ്യാപിച്ചു. അരിസ്റ്റോട്ടിലിന്റെ തത്ത്വങ്ങളുടെ വ്യാഖ്യാതാവായ കൊർഡോബയിലെ ഖാസി ഇബ്നു റുശ്ദ് (1126–1198) ഇബ്നു അറബിയുമായി കൂടിക്കാഴ്ച നടത്താൻ തന്റെ പിതാവിനോടപേക്ഷിച്ചു.

പ്രശസ്തരായിരുന്ന ഈ രണ്ടു പേരുടെയും കൂടിക്കാഴ്ച സുപ്രധാനമായിരുന്നു. ഒരാൾ ബൗദ്ധിക ദർശനങ്ങളുടെ വ്യാഖ്യാതാവായിരുന്നു. അദ്ദേഹം യൂറോപ്പിലെ ഏറ്റവും സ്വാധീനമുള്ള ചിന്തകനായിരുന്നു. അറിവ് എന്നാൽ ദർശനം ആണെന്നു മനസ്സിലാക്കിയ ഒരു തത്ത്വജ്ഞാനിയായിരുന്നു മറ്റേ ആൾ. അദ്ദേഹം സൂഫിസത്തിലെ അത്യുന്നതനുമായിരുന്നു.

ഇബ്നു അറബി ഈ സന്ദർശനത്തെ സ്വന്തം വാക്കുകളിൽ നിവേദനം ചെയ്യുന്നു:

"ഒരു ദിവസം ഞാൻ കൊർഡോവയിലെ ഖാസിയായ അബൂ വാലിദ് ഇബ്നു റുശ്ദിനെ കാണാൻ പോയി. എന്റെ ഉപാസന കാലത്ത് എനിക്കുണ്ടായ ദൈവിക വെളിപാടുകളെക്കുറിച്ച് കേട്ടറിഞ്ഞതുകൊണ്ടാണ് അദ്ദേഹം എന്നെ കാണാൻ ആഗ്രഹിച്ചത്. ഈ രഹസ്യങ്ങളെക്കുറിച്ചു കേട്ട എല്ലാവരും അത്ഭുതം പ്രകടിപ്പിക്കാറുണ്ടായിരുന്നു. ഞാനപ്പോഴും അനാഗതശ്മശ്രുവായിരുന്നു. ഇബ്നു റുശ്ദ് എന്റെ പിതാവിന്റെ അടുത്ത സുഹൃത്തായിരുന്നു. ഞാൻ മുറിയിൽ പ്രവേശിച്ച ഉടൻ എന്നോടുള്ള ആദരസൂചകമായി എഴുന്നേറ്റു നിന്നു. അദ്ദേഹത്തെ ആലിംഗനം ചെയ്തു. പിന്നെ അദ്ദേഹം എന്നോട് 'അതെ' എന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തെ മനസ്സിലാക്കി എന്ന വിധമുള്ള എന്റെ പ്രതികരണം അദ്ദേഹത്തെ സന്തുഷ്ടനാക്കി. എന്നാൽ നേരെ മറിച്ച്, അദ്ദേഹത്തിന്റെ സന്തുഷ്ടിക്ക് കാരണം എന്നെ മനസ്സിലാക്കി എന്നതാണെന്ന കാരണത്താൽ ഞാൻ 'ഇല്ല' എന്നു പറഞ്ഞു. അപ്പോൾ ഇബ്നു റുശ്ദ് എന്നിൽ നിന്നും പിൻവാങ്ങി. അദ്ദേഹത്തിന്റെ നിറംമാറി. എന്നെക്കുറിച്ചദ്ദേഹം വിചാരിച്ചതിൽ സംശയമുദിച്ചു. അദ്ദേഹം എന്നോടു ചോദിച്ചു. "തത്ത്വശാസ്ത്രപരമായ പ്രകാശത്താലും (കശ്ഫ്)ലും ദൈവീകവെളിപാടു കൊണ്ടും എന്തു പരിഹാരമാണ് താങ്കൾ കണ്ടെത്തിയത്? ധ്യാനപരമായ ചിന്തയും എന്തിലാണോ എത്തിച്ചേർന്നത് അതുമായി യോജിക്കുന്നുണ്ടോ?' ഞാൻ 'അതേ' 'ഇല്ല' എന്നും മറുപടി പറഞ്ഞു. 'അതെ' എന്നും 'ഇല്ല' എന്നുമുള്ളതിനിടയിൽ ആത്മാക്കൾ പദാർഥത്തിനപ്പുറത്തും പറയുന്നു, കഴുത്തുകൾ ശരീരത്തിൽ നിന്നും വേറിടുന്നു.' ഇതു കേട്ടപ്പോൾ റുശ്ദ് മടങ്ങിപ്പോ

യി. അദ്ദേഹം കുലുങ്ങിപ്പോയി. എന്നിട്ട് പിറുപിറുത്തു "ലാ ഹൌല ബിലാ കുവ്വത്ത" (ഒരു ശക്തിയുമില്ല, അല്ലാഹുവിന്റെതൊഴികെ) ഇത് എന്റെ കുത്ത് വാക്ക് കാരണമായിരുന്നു. ഗൂഡാർഥമായ ഭാഷയിൽ ആ യുവാവ് അറിയിച്ചതെന്തെന്നാൽ യുക്തിപരമായ പര്യവേഷണം ദൈവത്തെക്കുറിച്ചുള്ള പരിപൂർണ്ണമായ ജ്ഞാനവും ലോകജ്ഞാനവും നേടാൻ അപര്യാപ്തമാണ് എന്നാണ്.

മറ്റൊരവസരത്തിൽ എന്റെ പിതാവിനോട് ഞാനുമായി അഭിമുഖം നടത്താൻ അദ്ദേഹം അഭ്യർത്ഥിച്ചു. അതുമുഖേന അദ്ദേഹത്തിന്റെ പക്കലുള്ള കാര്യങ്ങൾ (ജ്ഞാനം) എന്നോടു പറയുവാൻ സാധിക്കുമല്ലോ. അദ്ദേഹം ബുദ്ധിമാന്മാരിൽ ഏറ്റവും മികച്ചു നിൽക്കുന്ന ആളായതിനാൽ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തി. അജ്ഞനായ ഒരാൾ ഏകാന്തവാസത്തിനുപോയി മടങ്ങിവന്നപ്പോൾ പരിപൂർണ ജ്ഞാനിയായിരിക്കുന്നു. എന്തെങ്കിലും ചർച്ചയോ പ്രമേയമോ ഗവേഷണമോ അധ്യാപകന്റെ കീഴിൽ പഠിക്കാതെയോ ആണിത്. അദ്ദേഹം പറഞ്ഞു: എല്ലാ പ്രതാപവും അല്ലാഹുവിനത്രെ. എന്റെ ജീവിതകാലത്ത് ഈ അനുഭവത്തിന്റെ ഉടമസ്ഥൻ ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ വാതിലുകളുടെ പൂട്ട് തുറക്കാൻ കഴിയുന്ന ഒരാൾ ഉണ്ടായിരിക്കുന്നു. അങ്ങനെയുള്ള ഒരു വ്യക്തിയെ നേരിൽ കാണാനുള്ള വ്യക്തിപരമായ അനുഗ്രഹം നൽകിയ അല്ലാഹുവിനത്രെ സർവപ്രതാപവും" (2)

ഈ സംവാദത്തിൽ യുവാവായ തത്ത്വജ്ഞാനി മേൽക്കൈ നേടിയിരിക്കുന്നു. പ്രായമുള്ള പര്യടനം നടത്തുന്ന തത്ത്വജ്ഞാനി നിരുദ്ധകണ്ഠനായി. ഇത് കാണിക്കുന്നത് അദ്ദേഹത്തിന്റെ തത്ത്വജ്ഞാനപരമായ ചിന്തയും നിഗൂഢമായ അനുഭവവുമാണ്. ഇവിടെ നിഗൂഢജ്ഞാനം തത്ത്വജ്ഞാനത്തെ മറികടന്നിരിക്കുന്നു. എന്തെന്നാൽ ഇബ്നു അറബി സ്വയം തന്നെ ഒരു തത്ത്വജ്ഞാനി കൂടിയായിരുന്നു.

## അദ്ദേഹത്തിന്റെ യാത്രകൾ

1193ൽ 30 വയസ്സുള്ളപ്പോൾ അദ്ദേഹം ആദ്യമായി വിദേശ യാത്ര ചെയ്തു. അദ്ദേഹം തുനീസിലേക്ക് പോയി. അവിടെ വെച്ച് അബ്ദുൽ അസീസ് ഇബ്നു അബൂബക്കർ അൽഖുറൈശി അൽ മഹ്ദാവിയെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ഇബ്നു അറബി അന്തലൂസിൽ (സ്പെയിൻ) താനുമായി ബന്ധമുള്ള 55 സൂഫി പുണ്യവാളന്മാരുടെ ജീവചരിത്രമെഴുതി അത് 'റൂഹുൽ ഖുദ്സ്' എന്ന് നാമകരണം ചെയ്യപ്പെട്ടു.

ഒരു പക്ഷേ വടക്കെ ആഫ്രിക്കയിലെ ആഭ്യന്തരയുദ്ധം കാരണമായി ഇബ്നു അറബി ആന്തലുസിലേക്ക് മടങ്ങി. 1994-ൽ അദ്ദേഹം ഫെസിലേക്ക് യാത്ര ചെയ്തു. അലാകോസിലെ ക്രിസ്തീയ സൈന്യത്തിനെതിരിൽ യാക്കൂബ് അൽ മൻസൂറിലെ ഭരണാധികാരിയായ അൽമൊഹാദ് വിജയിക്കുമെന്ന് ഇബ്നു അറബി മുൻകൂട്ടി പറഞ്ഞു. 1195 ആവുമ്പോഴേക്ക് അദ്ദേഹം സെവില്ലയിലേക്ക് മടങ്ങി. അവിടെ അദ്ദേഹം മിക്കവാറും സമയവും പഠനത്തിലും ചർച്ചയിലും മുഴുകി. ഇത്രയുമായപ്പോഴേക്കും ആത്മീയമായ ആധികാരികതയുടെ ബഹുമതികാരണം മറ്റുള്ളവർ അദ്ദേഹത്തെ സാദരം വീക്ഷിച്ചു.

1196ൽ അദ്ദേഹം ഫെസിലേക്ക് മടങ്ങി. അസ്ഹർ പള്ളിയിലെ ഇമാമായ അബ്ദുൽ കരീമിന്റെ പ്രഭാഷണം കേൾക്കാനായിരുന്നു ഇത്. അദ്ദേഹം ഇബ്നു ഹയ്യൂമിന്റെ തോട്ടത്തിൽ ഇടയ്ക്കിടെ സന്ദർശനം നടത്തി. ആത്മീയതയുള്ള ആളുകളെ കണ്ടുമുട്ടാനായിരുന്നു ഇങ്ങനെ ചെയ്തത്. ഇവിടത്തെ താമസക്കാലത്ത് അദ്ദേഹത്തിന് നിരവധി ശിഷ്യന്മാരുണ്ടായി. അദ്ദേഹത്തിന്റെ ആത്മീയപദവി അത്യന്തം ഉന്നതമായിരുന്നു. മുഹമ്മദിന്റെ പുണ്യവാളത്തത്തിന്റെ അറിവിന്റെ മുദ്ര താൻ നേടിയതിനാൽ 'അൻഖാത്തമുൽ ഔലിയ' എന്ന് അറിയപ്പെട്ടു. 1193ൽ അദ്ദേഹം ഗ്രനഡ വഴി മുർസിലയിലേക്ക് തിരിച്ചു വന്നു. അദ്ദേഹം കൊർഡോബയിൽ ഇബ്നുറുശ്ദിന്റെ മരണാനന്തരചടങ്ങുകളിൽ സംബന്ധിച്ചു. ഇബ്നു റുശ്ദ് മരാക്കേശിൽ ചരമം പ്രാപിച്ചെങ്കിലും അദ്ദേഹത്തിന്റെ മൃതദേഹം കബറടക്കാനായി ജന്മദേശത്തേക്ക് കൊണ്ടുവന്നിരുന്നു. ഈ അവസരത്തിൽ അദ്ദേഹം താഴെ കൊടുത്ത വരികൾ രചിച്ചു.

ഇതാണ് ഇമാം ഇവ അദ്ദേഹത്തിന്റെ പ്രവൃത്തികളും.'

അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ സഫലീകരിക്കപ്പെട്ടുവെന്ന് ഞാനറിഞ്ഞിരുന്നെങ്കിൽ.

1200ൽ അദ്ദേഹം മറാകേശിലേക്ക് പോയി. അവിടെ അദ്ദേഹം ദാനസൂക്ഷിപ്പുകാരനായ കൂത്തയിലെ അബു അൽ അബ്ബാസിന്റെകൂടെ കുറച്ചുസമയം ചെലവഴിച്ചു. ഇവിടെ അദ്ദേഹത്തിന് രണ്ടനുഭവങ്ങളുണ്ടായി. അതോടെ അദ്ദേഹത്തിന്റെ ആത്മീയ പദവിയിൽ കൂടുതൽ ഔന്നത്യം ഉണ്ടായി. കിഴക്കോട്ടുള്ള മാർഗമദ്ധ്യേ അദ്ദേഹം ബുജിയയിലേക്കും തുനീസിലേക്കും യാത്രചെയ്തു.

## കിഴക്ക് അദ്ദേഹത്തിന്റെ ജീവിതം

അദ്ദേഹം തന്റെ കൂട്ടുകാരനായ അൽഹസറിന്റെ കൂടെ കിഴക്കോട്ട് യാത്ര ചെയ്തു. വളരെ ചുരുങ്ങിയ കാലം കൈറോയിലും അലക്സാന്റിറിയയിലും ചിലവഴിച്ച ശേഷം 1201 ൽ മക്കയിൽ എത്തി.

ഒരിക്കൽ അദ്ദേഹം മക്കടിലെ സാഹിർ ഇബ്നു റന്റസ്തം ഇസ്ഫഹാനിയുടെ ആതിഥ്യം സ്വീകരിച്ചു. അദ്ദേഹവും ഒരു സൂഫിയും സൂഹത്തിൽ ഉന്നതസ്ഥാനമലങ്കരിച്ച ആളുമായിരുന്നു.

സാഹിറിന് നിസാം ഐൻ അശ്ശംസ് എന്ന് പേരുള്ള ഒരു മകളുണ്ടായിരുന്നു. അവളുടെ ശ്രദ്ധയാകർഷിക്കുന്ന നോട്ടങ്ങൾ ഇബ്നു

അറബിയെ തർജുമാനുൽ അസ്‌വാ ഖ് എന്ന പേരിൽ പ്രേമകവിതകൾ എഴുതാൻ പ്രചോദിതനാക്കി. നിസാം അതീവ സൗന്ദര്യം കൊണ്ടും ബുദ്ധിശക്തികൊണ്ടും ആത്മീയമായ അനുഭവങ്ങൾ കൊണ്ടും അനുഗൃഹീതയായിരുന്നു. "അവളുടെ കണ്ണഞ്ചപ്പിക്കുന്ന സൗന്ദര്യവും പെരുമാറ്റത്തിന്റെ വശ്യതയാർന്ന മിതത്വവും മൃദുഭാഷണത്തിന്റെ സ്വരമാധുര്യവും കാരണം അവളുടെ സാന്നിദ്ധ്യം ചുറ്റുമുള്ളവരെ വശീകരിക്കുമായിരുന്നു."

ഇബ്നു അറബി 'തർജ്ജുമാനുൽ അശ്ഫാഖി'ൽ എഴുതി.

മക്കയിലായിരുന്നപ്പോൾ അദ്ദേഹം ഹജ്ജ് നിർവഹിച്ചു. കഅബ പ്രദക്ഷിണം (തവാഫ്) ചെയ്യുമ്പോൾ 'ഹജറുൽ അസ്‌വദ് ' കടന്നുപോകുമ്പോൾ അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി. ഇതദ്ദേഹത്തിന്റെ ആത്മീയപക്വതയുടെ നിർണായകഘട്ടം രേഖപ്പെടുത്തുന്നു.

മക്കയിൽ അദ്ദേഹത്തിന്റെ മാസ്റ്റർപീസായ 'ഫുത്തുഹാത്തുൽ മക്കിയ' എഴുതാൻ തുടങ്ങി. 1204ൽ അദ്ദേഹം മക്ക വിട്ടു. അവിടെ നിന്ന് ബാഗ്ദാദിലേക്കും പിന്നീട് മോസുലിലും പോയി. ഇവിടെ വച്ച് അദ്ദേഹം 'അൽതനസ്സുലാത്ത് അൽ മൗസുലിയ്യ' (മോസുലിലെ വെളിപാടുകാർ) എന്ന പേരിൽ രചിച്ച ഗ്രന്ഥത്തിൽ അംഗശുദ്ധി (വുളു)യുടെയും സ്വലാത്തീ(നിസ്കാരം)ന്റെയും പ്രാധാന്യം വിവരിക്കുന്നു. 1206ൽ കൈറോയിൽ നിന്ന് മടങ്ങുന്ന വഴി ഹെബ്രോണിൽ എത്തി. അവിടെ അദ്ദേഹത്തിനെതിരിൽ മതനിന്ദാരോപണമുണ്ടായി. പക്ഷേ, ഭരണകർത്താവായ നാസിറുദ്ദീൻ അൽ മാലിക്ക്അദിൽ ഇടപെട്ടു. ബുജിയയിൽ നിന്ന് അബുൽ ഹഖിന്റെ കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്.

### കോനിയയിലെ ജീവിതം

കൈറോയിൽ അദ്ദേഹത്തിന് ലഭിച്ച സ്വീകരണം ഇബ്നുഅറബിയെ നിരുത്സാഹപ്പെടുത്തി. 1207ൽ അദ്ദേഹം മക്കയിലേക്ക് മടങ്ങി. ഒരു വർഷം നീണ്ട താമസത്തിനുശേഷം അദ്ദേഹം ഏഷ്യാമൈനറിലേക്ക് (തുർക്കി) യാത്രയായി. 1210ൽ അദ്ദേഹം എത്തിയപ്പോൾ റോമിലെ സൽജ്ജുക്ക് സുൽത്താൻ കെ കയ്സും (1210–1220) കൊനിയയിലെ ജനങ്ങളും അദ്ദേഹത്തെ വരവേറ്റു. ഇവിടെ, സദറുദ്ദീൻ അദ്ദേഹത്തിന്റെ വിശ്വസ്ത ശിഷ്യനായിരുന്നു. അദ്ദേഹം ഇബ്നു അറബിയുടെ അദ്ധ്യാപനങ്ങളുടെ പ്രധാന പ്രയോക്താവായി. അദ്ദേഹത്തിന്റെ രചനകളുടെ ബൃഹത്തായ വ്യാഖ്യാനങ്ങൾ സദറുദ്ദീൻ എഴുതി: സദറുദ്ദീൻ മൗലാനാ ജലാലുദ്ദീൻ റൂമിയുടെ അടുത്ത ശിഷ്യനായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസിയുടെ (1236–1311) അദ്ധ്യാപകനുമായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസി 13–ാം നൂറ്റാണ്ടിലെ എണ്ണപ്പെട്ട സൂഫിയുമായിരുന്നു.

1211ൽ തന്റെ ഏതാനും ശിഷ്യരോടൊപ്പം അദ്ദേഹം കൊനിയയിൽ നിന്ന് ബാഗ്ദാദിലേക്ക് പോയി. ഇവിടെ അദ്ദേഹം ഒരു വലിയ സൂഫി ഗുരുവായ ശിഹാബുദ്ദീൻ സുഹ്രവർദിയുമായി കൂടിക്കാഴ്ച നടത്തി. 1212ൽ ഇബ്നു അറബി സുൽത്താൻ കെക്കോസിന് ഒരു കത്തെഴുതി. അദ്ദേഹം പ്രജകളെന്ന നിലയിൽ ക്രിസ്ത്യാനികളുടെ പെരുമാറ്റം എങ്ങനെയായിരുന്നുവെന്ന് ചോദിച്ചിരുന്നു. അവരുമായുള്ള കൈകാര്യങ്ങളിൽ കർശന നിലപാട് കൈക്കൊള്ളണമെന്നും ഇസ്‌ലാമിന് തന്റെ രാജ്യത്ത് ദോഷം വരുത്തുന്നതിൽ നിന്ന് അവരെ തടയണമന്നും അദ്ദേഹം എഴുതി. ഇതൊരു പക്ഷേ, ആ സമയത്ത് നടന്നിരുന്ന കുരിശുയുദ്ധം കാരണമായിരിക്കണം.

1213ൽ അദ്ദേഹം മക്കയിലേക്ക് യാത്ര ചെയ്യുകയും രണ്ടുവർഷത്തിനുശേഷം ഒരിക്കൽ കൂടി അദ്ദേഹം തുർക്കിയിൽ പോകുകയും കെകോസിനെ കണ്ടുമുട്ടുകയും അന്ത്യോക്യ യുദ്ധത്തിൽ അദ്ദേഹത്തിന് വിജയമുണ്ടാകുമെന്ന് മുൻകൂട്ടി പറയുകയും ചെയ്തിരുന്നു. അദ്ദേഹം 1221ൽ ആലെപ്പോയിൽ എത്തി. പിന്നീട് ഡമാസ്കസ്സിൽ താമസിക്കാൻ തീരുമാനിച്ചു. തന്റെ സംഭവബഹുലമായ ജീവിതത്തിൽ നിന്നും ഒഴിഞ്ഞ് മാറി സമാധാനപൂർവ്വം ചെലവഴിക്കാൻ ആഗ്രഹിച്ചു.

അവിടുത്തെ ഭരണാധികാരി അൽമലിക്കുൽ ആദിൽ അദ്ദേഹത്തോട് വളരെ ബഹുമാനപുരസ്സരമാണ് പെരുമാറിയത്. 1240ൽ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഡമാസ്കസ്സിന്റെ വടക്ക് ഖാസിയൂൻകുന്നിന്റെ അടുത്തുള്ള സാലിഹിയയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. 16–ാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ സ്മാരകമണ്ഡപം നിർമിക്കപ്പെട്ടു. ഇന്നും അത് സൂഫികളുടെ തീർഥാടനകേന്ദ്രമാണ്.

### അദ്ദേഹത്തിന്റെ സന്തതികൾ

ഇബ്നു അറബി മൂന്നു തവണ മൂന്ന് രാജ്യങ്ങളിൽ വിവാഹിതനായിട്ടുണ്ട്. സെവില്ലെയിലെ താമസക്കാലത്ത് അദ്ദേഹം സൂഫിയാവണമെന്ന തന്റെ ആഗ്രഹം പങ്കുവെച്ചു. മുഹമ്മദ്ബ്ൻ അൽദൂനിന്റെ മകൾ മറിയമിനെയാണ് വിവാഹം ചെയ്തത്. രണ്ടാം ഭാര്യ മക്കയിലെ ശരീഫിന്റെ മകളായിരുന്നു. അദ്ദേഹം ഇമാദുദ്ദീന്റെ മാതാവായിരുന്നു. അവസാനമായി അദ്ദേഹം ഡമാസ്ക്കസ്സിലെ ഖാസിയുടെ മകളെയായിരുന്നു വിവാഹം ചെയ്തത്. (5)

അദ്ദേഹത്തിന് 2 പുത്രന്മാരുണ്ടായിരുന്നു. സദ്അദ്ദീൻ മുഹമ്മദ് (1221–1258). അദ്ദേഹം അംഗീകരിക്കപ്പെട്ട ഒരു കവിയായിരുന്നു. പിന്നെ ഇമാദുദ്ദീൻ മുഹമ്മദ് (മരണം 1268).

### അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ

സൂഫികൾക്കിടയിൽ ഇബ്നു അറബി പരാമർശിക്കപ്പെട്ടിരുന്നത് അശ്ശൈഖുൽ അക്ബർ, ഏറ്റവും മഹാനായ അദ്ധ്യാപകൻ എന്നാണ്. ഇതിനുള്ള കാരണം വാചികമായ പ്രക്ഷേപണത്തിലും പരോക്ഷ സൂചനയിലും ഒതുങ്ങിയ സിദ്ധാന്ത

ങ്ങൾ എഴുത്തു മുഖേനയാക്കി എന്നതാണ്. അങ്ങനെ ചെയ്യുന്നതു വഴി അദ്ദേഹം പല വിഷയങ്ങളും ക്രോഡീകരിച്ചു. അതിഭൗതികമായ സിദ്ധാന്തങ്ങൾ ആചാരപരമായ സംശുദ്ധി (വുളു) ബഹിരാകാശ ശാസ്ത്രം, സംഖ്യാശാസ്ത്രം, നിഗൂഢമായ അവസ്ഥകൾ, സൂഫി സിദ്ധാന്തങ്ങൾ എന്നിവ എഴുത്തുമുഖേന രേഖപ്പെടുത്തി ഇബ്നു അറബി തന്റെ സ്വന്തം ഗ്രന്ഥങ്ങളുടെ പട്ടികയിൽ 251 എണ്ണം ചേർത്തിട്ടുണ്ട്. ചില ഗ്രന്ഥങ്ങൾ അച്ചടിക്കപ്പെടുകയോ പരിഭാഷപ്പെടുത്തപെടുകയോ ചെയ്തിട്ടുണ്ട്. 110 രചനകളുടെ കയ്യെഴുത്തുപ്രതികൾ ഇപ്പോഴും ഉണ്ട്. അവയിൽ 18 എണ്ണം ഇബ്നു അറബിയുടെ സ്വന്തം കൈപ്പടയിൽ ഉള്ളതാണ്. 71 രചനകൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്. 33 രചനകളുടെ വ്യാഖ്യാനങ്ങൾ മുസ്ലിം പണ്ഡിതന്മാർ നിർവഹിച്ചിട്ടുണ്ട്.

ഭാഷാശാസ്ത്രം, അക്ഷരപ്രതീകാത്മകത്വം, തത്ത്വശാസ്ത്രം, രാസവാദവിദ്യ, ബഹിരാകാശശാസ്ത്രം എന്നിവയായിരുന്നു അത്. വിശുദ്ധ ഖുർആനിലും ഹദീസിലും അഗാധ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു ബ്നു അറബി.

ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം വിദഗ്ദനായിരുന്നു. വിശുദ്ധ ഖുർആനിലുള്ള ഗദ്യതാളലയങ്ങൾ (ബജ്) അദ്ദേഹത്തിന്റെ കൃതികളിൽ മുഴുവൻ കാണാമായിരുന്നു.

സൂഫിസത്തെ സംബന്ധിച്ച (ആത്മീയജ്ഞാനം) യഥാർഥമായ ഒരു സർവവിജ്ഞാനകോശമാണ് അദ്ദേഹത്തിന്റെ ഫൂത്തുഹാത്തുൽ മക്കിയ എന്ന ഗ്രന്ഥം. പാരമ്പര്യം, ബുദ്ധി, ഗൂഢാർഥപരമായ ഉൾക്കാഴ്ച എന്നിവയെ കയറിഴ പോലെ കൂട്ടിച്ചേർക്കുകയും വേർതിരിയുകയും ചെയ്യുന്നു. ഈ ഉദ്യമം അദ്ദേഹം 1201ൽ മക്കയിൽ വെച്ച് ആരംഭിക്കുകയും 1237ൽ ഡമാസ്കസ്സിൽ വച്ച് പൂർത്തിയാക്കുകയും ചെയ്തു. അതിലടങ്ങിയിരിക്കുന്നത് ഗൂഢാർഥപരമായ അനുഭവങ്ങൾ, അതിഭൗതിക ശാസ്ത്രസിദ്ധാന്തങ്ങൾ, ദർശനങ്ങൾ, ജ്യോതിശാസ്ത്രം, സൂഫീസിദ്ധാന്തങ്ങൾ ധ്യാനം എന്നിവയാണ്. 560 അദ്ധ്യായങ്ങളിൽ രചിക്കപ്പെട്ട ബൃഹത്തായ ഒരു ഗ്രന്ഥമാണിത്. ഇബ്നു അറബി മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത ഇസ്ലാമിലെ എല്ലാ വിഷയങ്ങളും അടങ്ങിയ ഒരു വിശ്വവിജ്ഞാനകോശമാണിത്. അതോടൊപ്പം അദ്ദേഹത്തിന്റെ ആന്തരികമായ ആത്മീയ ജീവിതത്തെക്കുറിച്ചുള്ള വിലമതിക്കാനാവാത്ത വിവരണങ്ങളും ഇതിൽ ഉണ്ട്. ഇതിന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിന്റെയോ ചിന്തയുടെയോ ഫലമല്ലെന്നും അദ്ദേഹം തറപ്പിച്ചു പറയുന്നു.

"പ്രചോദനത്തിന്റെ മലക്കുമുഖേന അല്ലാഹു പറഞ്ഞുതന്നതാണിവയെല്ലാം."

ഈ മഹത്തായ രചനയുടെ നൂറിലധികം വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്.

''ഫുസൂസുൽ ഹിക്കം' (ജ്ഞാനത്തിന്റെ കൈപ്പിടികൾ) എന്ന ഗ്രന്ഥം രചിക്കപ്പെട്ടത് 1229ലാണ്. യഹൂദ, ക്രിസ്തീയ, ഇസ്ലാമിക പ്രവാചകന്മാരുടെ ആന്തരികജ്ഞാനത്തിന്റെ വെളിപ്പെടുത്തലുകളാണിതിൽ. 27 അദ്ധ്യായങ്ങളിൽ ഓരോന്നും ഇസ്ലാമിക സിദ്ധാന്തങ്ങളുടെ നിഗൂഢതത്ത്വശാസ്ത്രത്തിന് അർപ്പണം ചെയ്തിരിക്കുന്നു. മുഹമ്മദ് നബി(സ)യെക്കുറിച്ചുള്ള ഒരു ദർശനത്താൽ പ്രചോദിതനായി എഴുതപ്പെട്ടതാണ്. ദർശനത്തിൽ നബിതിരുമേനി ഒരു പുസ്തകം ഇബ്നു അറബിക്ക് നല്കികൊണ്ട് ഇത് ലോകത്തിന് വിതരണം ചെയ്യണം എന്ന് ഇബ്നു അറബിയോട് ആജ്ഞാപിക്കുന്നതായിരുന്നു ദർശനം. .

ഈ ഗ്രന്ഥം കടുത്ത വിമർശനങ്ങൾക്ക് വിധേയമായി. അദ്ദേഹം അവിശ്വാസിയാണെന്നു നിരവധി മതപണ്ഡിതന്മാർ പ്രഖ്യാപിച്ചു (ഇബ്നു തീമിയ്യ). ഫുസൂസിന് നിരവധി വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ സദറുദ്ദീൻ കോനവിയും, അബ്ദുൽ ഘനി അൽ നബ്യൂസി എന്നിവരുടേതാണ്. ജ്ഞാനപരമായ ഗ്രന്ഥങ്ങളായി സൂഫിഗ്രന്ഥങ്ങൾ അംഗീകരിക്കപ്പെട്ട ഇസ്ലാമിക രാജ്യങ്ങളിൽ അത് പഠിപ്പിക്കപ്പെട്ടുവരുന്നു.

റുഹുൽ ഖുദുസ്, അൽദുറത്തുൽ ഫത്വീറ എന്നീ ഗ്രന്ഥങ്ങൾ ഡോ. ആർ. ഡബ്യു. ഓസ്റ്റിൻ ഒറ്റ വാല്യമായി 1971ൽ പ്രസിദ്ധപ്പെടുത്തി. ആന്തലൂസിയയിലെ സൂഫികൾ എന്ന ഗ്രന്ഥത്തിൽ 71 സൂഫികളുടെ ജീവിതരേഖകൾ നല്കപ്പെട്ടിരിക്കുന്നു. ചില ചെറിയ ഗ്രന്ഥങ്ങൾ 1931ൽ ആസിൻ പലാഷ്യോസ് സ്പാനിഷ് ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട് (6)

സ്വന്തം കൈപ്പടയിലുള്ള 18 രചനകൾ നിലവിലുണ്ട്. നിരവധി പ്രതികൾ അദ്ദേഹം ആധികാരികതയോടെ നിർമിച്ചിട്ടുണ്ട്. നിരവധി ആത്മകഥാ കയ്യെഴുത്തു പ്രതികൾ ബാഗ്ദാദ്, ഇസ്തംബൂൾ, കെനിയ എന്നിവിടങ്ങളിലെ ലൈബ്രറികളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

### അദ്ദേഹത്തിന്റെ മൊഴികൾ

ഇബ്നു അറബിയുടെ ഉദ്ധരണികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ നമുക്ക് അദ്ദേഹത്തിന്റെ വീക്ഷണങ്ങളെക്കുറിച്ചുള്ള ബോധം നൽകുന്നു.

'അല്ലാഹുവിനെ അറിയുന്നവൻ തന്റെ കണ്ണിന്റെ കാഴ്ച (ബസ്വർ) കൊണ്ട് അവനെ കാണുന്നു. മറ്റുള്ളവർ അത് ഉൾക്കാഴ്ച (ബസ്വീറ) കൊണ്ട് കാണുന്നു. ഉൾക്കാഴ്ച കൊണ്ട് കാണുന്നവനെ യഥാർഥത്തിൽ ആരും അറിയുന്നില്ല എന്നിരിക്കിലും അയാൾക്ക് തന്റെ അഹന്ത വരുത്തുന്ന ക്ഷതം അറിയാൻ കഴിയുന്നില്ല. പിന്നെ എങ്ങനെ തന്റെ നാഥൻ അവനുവേണ്ടി മുൻകൂട്ടി വിധിച്ച കാര്യങ്ങളെക്കുറിച്ച് സുരക്ഷിതമാണെന്ന് അറിയാൻ കഴിയുന്നത്?

'അറിവുള്ളവന്റെ പ്രഭാഷണം ശ്രോതാവിന്റെ പ്രതിച്ഛായയിലായിരിക്കും. അതായത്, അപരന്റെ കഴിവുകൾ, തയ്യാറെടുപ്പ്, ദൗർബല്യം, ആന്തരികഗോപനം മുതലായവ. നിങ്ങൾക്ക് ഒരാളുടെ ചോദ്യത്തിന് മറുപടി പറയുന്നത് സങ്കീർണമായി തോന്നുന്നുവെങ്കിൽ ഉത്തരം പറയരുത്. എന്തെന്നാൽ അദ്ദേഹത്തിന്റെ പാത്രം മുമ്പെത്തന്നെ നിറഞ്ഞിരിക്കയാണ്. അതിനാൽ ഉത്തരം ഉൾക്കൊള്ളാൻ അതിൽ സ്ഥലമില്ല.'

'അജ്ഞന് തന്റെ അജ്ഞത കാണ്മാൻ കഴിയുന്നില്ല. എന്തെന്നാൽ അയാൾ അന്ധകാരത്തിൽ ഒളിച്ചിരിക്കയാണ്. അറിവുള്ള ആൾക്ക് സ്വന്തം അറിവ് കാണാൻ സാധിക്കുന്നില്ല എന്തെന്നാൽ അയാൾ പ്രകാശത്തിൽ ഒളിച്ചിരിക്കുകയാണ്.'

'പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്റെ ചലനം സ്നേഹത്തിന്റെ ചലനമാണ്.' തന്റെ ഉറ്റതോഴരെ അദ്ദേഹം ഇങ്ങനെ അഭിസംബോധന ചെയ്തു.

'ഓരോ വിധത്തിലുള്ള അറിവിനും ചില ആളുകളുണ്ട്. ഓരോ അറിവും ഓരോരുത്തർക്കും സ്വയം കീഴടക്കാൻ സാധിക്കില്ല. മാത്രമല്ല, അതിനുള്ള സമയവുമില്ല. അതുകൊണ്ട് ഏത് സമുദായത്തിലും എല്ലാവിധത്തിലുമുള്ള ആളുകളുണ്ടാകണമെന്ന് അത്യാവശ്യമാണ്. വ്യത്യസ്ത മാനസിക കഴിവുള്ള ആളുകൾ ഉണ്ടായിരിക്കണം. എന്നാൽ അവരുടെ ലക്ഷ്യം ഒരേവിധത്തിലുള്ളതാവണം' (8)

## അസ്തിത്വത്തിന്റെ ഐക്യം

അദ്ദേഹം 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന സിദ്ധാന്തത്തിന്റെ പ്രമുഖ വക്താവായാണ് പൊതുവിൽ അറിയപ്പെടുന്നത്. എന്നാൽ ഈ പദം അദ്ദേഹം തന്റെ ഒരു ഗ്രന്ഥത്തിലും ഉപയോഗിച്ചിട്ടില്ല. മറ്റെല്ലാം നിഗൂഢ ജ്ഞാനിയെപ്പോലെ അദ്ദേഹം ഊന്നൽ നൽകിയത്. മനുഷ്യാസ്തിത്വത്തിന്റെ യഥാർത്ഥമായ പ്രബലതയ്ക്കാണ്, ആ പ്രബലത സാക്ഷാൽക്കരിക്കാനുള്ള വഴിയിലേക്കും. അത് പൂർണത പ്രാപിക്കുന്നത് പരിപൂർണ മനുഷ്യനിലാണ് (അൽ ഇൻസാൻകാമിൽ). 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന ഒരു പ്രത്യേകവിധത്തിലുള്ള തത്ത്വജ്ഞാനമാണ്. പ്രപഞ്ചത്തെ സംബന്ധിച്ചേടത്തോളം ദൈവം സർവാധിശായിയാണ് പ്രപഞ്ചം പൂർണമായും അവനിൽ നിന്നും വേറിട്ടുനില്ക്കുന്നതല്ല. പ്രപഞ്ചമാകട്ടെ നിഗൂഢമായി ദൈവത്തിൽ മുങ്ങിയിരിക്കുന്നു. (9)

ഒരു പരിപൂർണ മനുഷ്യൻ യഥാർത്ഥത്തിന്റെ പരിപൂർണമായ പ്രതിബിംബമാവുന്നതെങ്ങനെയാണ്. ഇബ്നു അറബി കാണിച്ചുതരുന്നു. തങ്ങളുടെ സ്വന്തം ആത്മാവിനെ അറിയുന്നവർ ദൈവത്തെ അറിയുന്നതെങ്ങനെയാണെന്നും അദ്ദേഹം കാണിച്ചു തരുന്നു. ഉൺമയുടെ ഐക്യം തന്റെ എഴുത്തുകളിൽ അദ്ദേഹം നല്ലപോലെ തുറന്നുകാണിക്കുന്നു. ഏറ്റവും അവിഭാജ്യവുമായ യാഥാർഥ്യം കൂടുതലുമുയർന്നുനില്ക്കുന്നു. ലോകത്തിന്റെ എല്ലാ പ്രതിബിംബങ്ങളിലും അത് പ്രകടമാകുകയും ചെയ്യുന്നു. ഈ സിദ്ധാന്തം അദ്ദേഹം സർവം ബ്രഹ്മമയമാണെന്ന വിശ്വാസകാരനും കുറ്റക്കാരനുമായി ചിത്രീകരിക്കപ്പെട്ടു. എന്നാൽ ഇബ്നു അറബി വിശ്വസിച്ചിരുന്നത് എല്ലാ വിഭാഗത്തിന്റെ മേൽ ഉയർന്നുനില്ക്കുന്നവനാണെന്ന വിശ്വാസക്കാരനായിരുന്നു. (10)

## അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം

ഇബ്നു അറബി തന്റെ സുഹൃത്തുക്കളിലും ശിഷ്യന്മാരിലും ശക്തമായ സ്വാധീനം ചെലുത്തി. അവരിൽ നിരവധി പേർ സ്വന്തം നിലയിൽ തന്നെ ആത്മീയോന്നതി പ്രാപിച്ചിരുന്നു. ഇസ്‌ലാമിക ലോകത്ത് അദ്ദേഹത്തിന്റെ ആത്മീയ ചിന്തയുടെയും പ്രയോഗത്തിന്റെയും കോഴ്സ് പരിഗണനീയമാംവിധം പ്രബലമായി. സൂഫിസത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പഠിച്ചു. വിവിധ സൂഫികേന്ദ്രങ്ങളിൽ അദ്ദേഹത്തിന്റെ കവിതകൾ മന്ത്രണം ചെയ്തു. (തരീഖ) അടുത്ത കാലത്ത് അദ്ദേഹത്തിന്റെ ലിഖിതങ്ങൾ പാശ്ചാത്യലോകത്ത് വർധിച്ചുവരുന്ന താല്പര്യത്തിനും പഠനത്തിനും വിധേയമായിരിക്കുന്നു. അത് കാരണം അദ്ദേഹത്തിന്റെ പേരിൽ ഒരു അക്കാഡമിക് സൊസൈറ്റി സ്ഥാപിക്കുന്നതുവരെ കാര്യങ്ങൾ എത്തിയിരിക്കുന്നു.

നിയമ നിർമാണപരമല്ലാത്ത വെളിപാടുകളുടെ തുടർച്ചയിൽ ഇബ്നു അറബി വിശ്വസിച്ചിരുന്നു. (അമ്പിയ ലാതശ്‌രിയ ലഹൂം). സൂഫിമാർക്ക് ജിബ്രീൽ മുഖേന നബി(സ) തിരുമേനിയിൽനിർദേശങ്ങൾ ലഭിക്കുമെന്ന് ഇബ്നു അറബി വിശ്വസിച്ചിരുന്നു. വെളിപാടുകൾ നിലച്ചുപോകുക എന്നത് ഇസ്‌ലാമിന്റെ മരണത്തിനു കാരണമെന്ന് ഇബ്നു അറബി ചിന്തിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (11)വനയുടെ അർത്ഥം. അതായത് ദൗത്യവും പ്രവചനവും നിന്നുപോയിരിക്കുന്നു. എനിക്ക് ശേഷം ദൂതനോ പ്രവാചകനോ ഉണ്ടാവുകയില്ല. മുഹമ്മദ് നബി(സ)ക്ക് ശേഷം ഒരു ശരീഅത്ത് പ്രവാചകനും ഉണ്ടാവുകയില്ല. ഭാവിയിലുള്ള ഏത് പ്രവാചകനും തന്റെ ശരീഅത്തിന് വിധേയനായിരിക്കും. ഭാവിയിലുള്ള ശരീഅത്താണ് നിലച്ചത്. പ്രവാചകപദവിയല്ല. (13)

ഇബ്നു അറബിയുടെ അനുയായികൾ ഏറ്റവും അധികം ഉള്ളത് ആധുനിക ഇറാനിലാണ്. ഇന്നും അദ്ദേഹത്തിന്റെയും സുഹ്റവർദിയുടേയും (1155–1191) അതിഭൗതിക ശാസ്ത്രമാണ്. ഇറാനിയൻ ബുദ്ധിജീവികളുടെ വിശ്വ വീക്ഷണത്തിന്റെ അടിസ്ഥാനം.

(The Review of Religions, August 2007)

വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്

# വിജ്ഞാനം കല ഇസ്‌ലാമിന്റെ സുവർണ്ണഭൂതകാലം

ലോക സംസ്കാരത്തിന്ന് അനശ്വരമായ സംഭാവനകൾ നൽകിയ ഒരു ഭൂതകാലം ഇസ്‌ലാമിന്നുണ്ടായിരുന്നു. ശാസ്ത്രം, സാഹിത്യം, കല എന്നീ രംഗങ്ങളിൽ അത് നിറഞ്ഞു നിന്നിരുന്നു.

ചൗധരി അബ്ദുസ്സലാം അക്തർ

മുസ്‌ലിം പ്രതിഭകളെ പറ്റി വിശദീകരിക്കുന്നതിന്ന് മുമ്പായി ഒരു കാര്യം നാം ശ്രദ്ധാപൂർവം ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ വൈജ്ഞാനിക പുഷ്ക്കലകാലത്ത് ഒരു വിഷയവും ഒറ്റപ്പെട്ടു നിന്നില്ല ഒന്നിനോടൊന്ന് ബന്ധപ്പെട്ട നിലയിലായിരുന്നു അവയെല്ലാം. വിശേഷവത്കൃത വിജ്ഞാനം അഥവാ ഒരു പ്രത്യേക വിഷയത്തിൽ വൈദഗ്ദ്യം നേടിയവർ അക്കാലത്തും ഉണ്ടായിരുന്നു. തനിക്ക് ചുറ്റുമുള്ള ലോകത്ത് കൗതുക പൂർവ്വമുള്ള താൽപര്യമാണ് ഒരാളെ വിശേഷവത്കൃതമായ രസതന്ത്ര വിജ്ഞാനിയും ഗോളശാസ്ത്രജ്ഞനും ആക്കുന്നത്, അപ്രകാരം ഒരാളെ തത്വജ്ഞാനിയാക്കുന്നതും ഈ താൽപര്യം തന്നെയാണ്. മഹാനായ ചരിത്രകാരൻ ഇബ്നു ഖൽദൂണ് ഒരേ സമയം തത്വജ്ഞാനിയും ചരിത്ര രചനാ ശാസ്ത്രകാരനും (Historiographer) ആയിരുന്നു. പ്രശസ്ത പാശ്ചാത്യ എഴുത്തുകാരൻ ഫിലിപ്പ് ഹിറ്റി അദ്ദേഹത്തെ വിളിച്ചത് **'ഏക്കാലത്തേയും വലിയ ചരിത്രകാരനായ തത്വശാസ്ത്ര കാരൻ'** എന്നാണ്. മറ്റൊരു മുസ്‌ലിം തത്വശാസ്ത്രജ്ഞൻ ഇബ്നു റുഷ്ദാണ്. അദ്ദേഹം സ്വയം ശാസ്ത്ര പഠനത്തിൽ മാത്രം മുഴുകിയ ആളായിരുന്നില്ല്. അദ്ദേഹ പെറ്റി ഹിറ്റി പറയുന്നത്

*ഇബ്നു റുഷ്ദ് എന്ന വൈദ്യ വിജ്ഞാനിയെ മുഴുവനും തത്വജ്ഞനിയും ഖുർആൻ ഭാഷ്യകാരനുമായ ഇബ്നു റുഷ്ദ് ഗ്രസിച്ചു കളഞ്ഞു വെന്നാണ്.*

മറ്റൊരു ശ്രദ്ധേയമായ വസ്തുത എന്തെന്നാൽ, സാധാരണക്കാരനോട് പോലും അവന്റെ ദൈനദിന ജീവിത പ്രശ്നങ്ങൾക്കപ്പുറത്തേക്ക് വിശാലമായ വൈജ്ഞാനിക ലോകം നോക്കിക്കാണാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു എന്നതാണ്. ഒരു അമുസ്‌ലിം ചിന്തകനെ സംബന്ധിച്ചേടത്തോളം പ്രകൃതിയിൽ നടക്കുന്ന നിയമങ്ങളെപറ്റി ഒരു മതഗ്രന്ഥം പറയുക എന്നത് ഒരു നൂതനമായ ആശയമാണ്. പക്ഷേ ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം അയാൾ ഒരു തൊഴിലാളിയാവട്ടെ ഒരു ഡോക്ടറാകട്ടെ ഒരു ദിവ്യജ്ഞാനിയാകട്ടെ അയാൾക്ക് ഈ പ്രപഞ്ചം ചിന്തിക്കാനുള്ള വിഭവവും പ്രവർത്തിക്കുവാനുള്ള കളരിയുമാണ്. ഖുർആൻ പറയുന്നു:

**ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിന്നുള്ളതാണ്. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ). ഞങ്ങളുടെ നാഥാ!, നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്, അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ (വി.ഖു 3:190–192)**

വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം പ്രപഞ്ചത്തിന്റെ ഘടനാ സംവിധാനത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തണമെന്ന് മാത്രമല്ല ഉന്നത നിലവാരത്തിലുള്ള പ്രതിഭാശാലികളെ വളർത്തിയെടുക്കണമെന്ന് നിർബന്ധിക്കുക കൂടി ചെയ്യുന്നു. അതുകൊണ്ടാണ് പ്രഗത്ഭ ജർമ്മൻ പണ്ഡിതനായ ഹംബോൾട്ട് പറഞ്ഞത് 'ഇസ്‌ലാം മാനവരാശിയുടെ പ്രകാശ പൂർണ്ണമായ ഭാവിയെ പറ്റി നോക്കിക്കാണുകയും അതിന്ന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. അതിന്നായി ഏതൊരു മുസൽമാനും തന്റെ ജീവിതം തൃണവൽഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുകയാണ് വേണ്ടത്. മറ്റേതൊരു ലക്ഷ്യത്തിന്ന് വേണ്ടിയും തന്റെ ജീവിതം സമർപ്പിക്കുവാൻ ഒരു

മുസ്‌ലിം ആഗ്രഹിക്കരുത്. ആ സർവ്വലോക പരിപാലകനായ ദൈവം മറ്റു യാതൊരു ശക്തിയുടെയും പങ്കാളിത്വമില്ലാതെ ഈ ലോകം പരിപാലിക്കുന്ന ദൈവം. ഇസ്‌ലാമിന്റെ ആശയ ലോകത്തിന്ന് കളമൊരുക്കുന്നത്. എല്ലാ കലാരൂപങ്ങൾക്കും പ്രചോദനമാകേണ്ടതും ഈ സങ്കൽപ്പ സമർപ്പണത്തിൽ നിന്നായിരിക്കണം. ഈ ഭൗതിക ലോകത്തിന്റെ ഉപരിയായ ലക്ഷ്യങ്ങളായിരിക്കണം ഒരു മുസ്‌ലിമിന്റെ ആശയങ്ങളെ രൂപപ്പെടുത്തേണ്ടത്. അവൻ ലോകജനതയുടെ പൊതു ക്ഷേമത്തിന്ന് വേണ്ടി പ്രവർത്തിക്കുന്നവനായിരിക്കണം. വാസ്തവത്തിൽ ഈ അടുത്തകാലത്ത് മാത്രമാണ് സംസ്കാരത്തെ സംബന്ധിച്ച ഈ ലക്ഷ്യങ്ങൾ പാശ്ചാത്യരെ സ്വാധീനിച്ചത്.

ഇത് സംബന്ധിച്ച് മാത്യു ആൾനോട് അസന്നിഗ്ദമായ ഭാഷയിൽ പറയുന്നു:

**സംസ്കാരം എന്നത് മിഷണറി പ്രവർത്തനത്തിനപ്പുറത്താണ്. അതിന്ന് ഒരു വികാരം മാത്രമേയുള്ളൂ. പ്രഫുല്ലവും പ്രകാശവത്തായതുമായ ഒന്നിന്ന് വേണ്ടിയുള്ളതായിരുന്നു ആ വികാരം. അവരുടെ മഹത്തായ ഈ അഭിനിവേശമായിരുന്നു അവരെ നിലനിർത്തിയത്. നാമെല്ലാവരും സമ്പൂർത്തി കൈവരിച്ചവരായി തീരുന്നത് വരെ അവർ തൃപ്തരായിരുന്നില്ല. ചുരുക്കം പേരിൽ മാത്രം ഈ പ്രഫുല്ലതയും പ്രകാശവും എത്തുക എന്നത് പോരയ്മയായി അവർ കണ്ടു. മാനവ വംശത്തിന്ന് ആസകലം ഈ പ്രഫുല്ലതയും പ്രകാശവും സ്പർശിക്കാതെ ഒരു വിഭാഗം അസംസ്കൃതവും അപ്രകാശിതരുമായി കഴിയുന്നേടത്തോളം സംസ്ക്കാരം അപൂർണ്ണമായിരിക്കും എന്ന് അവർ കണ്ടു.**

ഇസ്‌ലാം മതം ഊന്നൽ നൽകിയത് പോലെ മറ്റൊരു മതവും മനുഷ്യ സാഹോദര്യത്തിന്ന് ഊന്നൽ നൽകിയിട്ടില്ല. മാനവ സാഹോദര്യത്തിന്റെ മഹത്തായ ഈ സന്ദേശം നൽകിയത് ഇസ്‌ലാം മാത്രമാണ്. ഹിന്ദുമതത്തെ ഈ വിശ്വസാഹോദര്യ സങ്കൽപ്പത്തിൽ നിന്നും തടഞ്ഞ് നിർത്തുന്നത് അവരിലെ ജാതി ശ്രേണീ സങ്കൽപ്പമാണ്. **'കാണാതെ പോയ ആട്ടിൻ ഗോത്രങ്ങൾക്കിടയിലേക്കല്ലാതെ എന്നെ അയക്കപ്പെട്ടിട്ടില്ല'** എന്ന ക്രിസ്തു വചനവും ഈ സാർവ്വ ജനീന സങ്കൽപ്പത്തെ പരിമിതപ്പെടുത്തുന്നു. ഇസ്‌ലാം മാത്രമാണ് ഈ വിശ്വസാഹോദര്യ സങ്കൽപ്പം ആത്മാർത്ഥമായി പ്രാവർത്തികമാക്കിയത്. ഇസ്‌ലാമിക സംസ്ക്കാരത്തിന്റെ സാരസർവ്വസ്വം സഹിഷ്ണുതയായിരുന്നു. ഭൂതകാല ചരിത്രം അതിന്ന് സാക്ഷിയാണ്. അവർ അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും അങ്ങനെയായിരുന്നു. ഭൂതകാല മുസ്‌ലികൾ തങ്ങളുടെ ആരാധനാലയം എല്ലാവർക്കുമായി തുറന്നു വെക്കുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

**പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന്ന് ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന്ന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ (5:3)**

അതിക്രമം പ്രവർത്തിച്ചവരോടും മുസ്‌ലികളിൽ ദുരിതങ്ങൾ വിതച്ചവരോടു പോലും പ്രതികാരം ചെയ്യാൻ പാടില്ല, അപ്പോഴും അവർ സമാധാനകാംഷികളും സാഹോദര്യം കാത്തുസൂക്ഷിക്കുന്നവരുമായ ഒരു ജനതയായിരിക്കണം എന്നാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനം. നിയമത്തെ അനുസരിക്കുക അതായത് രാജ്യത്തിന്റെയും ദൈവത്തിന്റെയും നിയമത്തെ അനുസരിക്കുക എന്നതാണ്. ഇസ്‌ലാമിക ജീവിതത്തിന്റെ അന്തസ്സത്ത. മനുഷ്യ സമൂഹത്തോട് അനുകമ്പാപൂർവ്വം വിശാല ഹൃദയത്തോടുകൂടി പെരുമാറുക. ദുഖിതനും പീഢിതനും ആശ്വാസം നൽകി ശാശ്വതമായ സമാധാനം ലോകത്ത് കൊണ്ട് വരാൻ സാധിക്കുക ഇസ്‌ലാമിന്ന് മാത്രമായിരിക്കും. നാം ഇന്ന് അനുഭവിക്കുന്ന ഭൗതിക ശാസ്ത്രത്തിന്റെ യഥാർത്ഥ സൃഷ്ടാക്കളായി അറബികളെയാണ് കണക്കാക്കേണ്ടത്. ശാസ്ത്ര ചരിത്രകാരനായ ജോർജ്ജ് സാർട്ടൺ അറബ് ശാസ്ത്രജ്ഞന്മാർക്ക് നൽകിയ ഉജ്ജ്വലമായ ആദരം നോക്കൂ. **'8–ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ 11–ാം നൂറ്റാണ്ടിന്റെ അവസാനം വരെ അറബിയായിരുന്നു മനുഷ്യസമൂഹത്തിന്റെ ശാസ്ത്രത്തിന്റേയും പുരോഗമനത്തിന്റെയും ഭാഷ. അക്കാലത്ത് ഏറ്റവും മൂല്യവത്തായതും ഏറ്റവും അർത്ഥഗർഭിതവും ഏറ്റവും മൗലികവുമായ രചനകൾ എഴുതപ്പെട്ടത് അറബിയിലായിരുന്നു. ആ നാളുകളിൽ ഒരാൾ കൂടുതൽ അറിവ് നേടാനും സമകാലീന ജ്ഞാനം ആർജ്ജിക്കാനും അറബി പഠിക്കേണ്ടതുണ്ടായിരുന്നു. ശാസ്ത്ര രംഗത്ത് സമസ്ഥാനീയ പദവിയലങ്കരിക്കാൻ പശ്ചിമ ദേശത്ത് അക്കാലത്ത് ആരുമില്ലായിരുന്നു. പ്രഗത്ഭമതികളായ അറബി വിജ്ഞാനികൾ ചിലരുടെ പേരുകൾ ഇപ്പോൾ സ്മരിക്കുന്നത് ഉചിതമായിരിക്കും. ജാബിരുബ്നു ഹയ്യാൻ, അൽ കിന്ദി, അൽ ഖാവാരിസ്മി, അൽ റാസി, താബിത്ത്ബ്നൂ ഖുർറു, ഇബ്നു യൂനുസ്, അലി ഇബ്നു ഈസാ, ഇബ്നു സീനാ,.... കീർത്തി ധാവള്യം പരത്തിയ അതിപ്രശസ്തരായ ഇവരുടെ പട്ടിക ഇനിയും നീട്ടാൻ യാതൊരു പ്രയാസവുമില്ല... മദ്ധ്യകാല യൂറോപ്പിന്റെ ചരിത്രത്തിൽ മുസ്‌ലിം സ്പെയിൻ ധൈഷണിക പ്രബുദ്ധതയുടെ തിളങ്ങുന്ന അധ്യായം എഴുതി ചേർക്കുകയുണ്ടായി. 8–ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം മുതൽ 13–ാം നൂറ്റാണ്ടിന്റെ ആദ്യം വരെ അറബി ജനതയായിരുന്നു സംസ്ക്കാരത്തിന്റെയും നാഗരികതയുടെ ദീപശിഖ വഹിച്ചവർ'**

മറ്റൊരു പ്രമുഖനും ആധികാരിക ഭൗതിക ശാസ്ത്ര

ചരിത്രകാരനുമായ സർ എഡ്വേർഡ് തോർപെയ്ൻ എഴുതുന്നു

**'സ്പെയിനിലെ മുസ്‌ലിം ഖലീഫമാരായിരുന്ന യൂസുഫിന്റെയും യാഖൂബിന്റെയും ഭരണത്തിന്ന് കീഴിലാണ് ശാസ്ത്രം സമ്പൂർണ്ണ നാശത്തിൽ നിന്നും രക്ഷിക്കപ്പെട്ടത്. കോർഡോബ, ഗ്രനഡ്, സാവില്ലി ടൊലിഡോ എന്നവിടങ്ങളിലായിരുന്നു പശ്ചിമ യൂറോപ്പിലെ മുഖ്യ വിദ്യാകേന്ദ്രങ്ങൾ അവറോസ് എന്ന പേരിലറിയപ്പെട്ട പ്രഗത്ഭനായ മുസ്‌ലിം പ്രതിഭാശാലി ഇബ്നു റുശ്ദി (എഡി. 1126- 1193) ആണ് അതിന്ന് നേതൃത്വം നൽകിയത്. മുസ്‌ലിംകളായ ജബർ, അവിസെന്ന എന്നിവരിലൂടെയായിരുന്നു റോജർ ബേക്കർ മുതലായ പ്രശസ്തരായ ക്രിസ്ത്യൻ പണ്ഡിതന്മാർ അരിസ്റ്റോട്ടിലിന്റെ തത്ത്വശാസ്ത്ര സിദ്ധാന്തങ്ങൾ മനസ്സിലാക്കിയത്. ഈ പാശ്ചാത്യ പണ്ഡിതരുടെ പൗരസ്ത്യ വിജ്ഞാനത്തോടുള്ള പരിചയം മുഖേനയായിരുന്നു.'**

## ചരിത്രരചനാ ശാസ്ത്രം (ഹിസ്റ്റോറിയോഗ്രഫി)

ഹിസ്റ്റോറിയോ ഗ്രഫി എന്നാൽ ചരിത്രത്തിലെ വസ്തുതകൾ കാലനുക്രമമായും ഉദ്ദേശ്യാധിഷ്ഠിതമായും എഴുതുകയും രേഖപ്പെടുത്തുകയും ചെയ്യുക എന്നാണർത്ഥം. സമീപനത്തിൽ ശുദ്ധ തത്വശാസ്ത്രകാരന്മാരോട് അടുത്ത് നിൽക്കുന്നവരാണ് മുസ്‌ലിം ഹിസ്റ്റോറിയോഗ്രഫേഴ്സ് മുസ്‌ലിം ചരിത്ര രചനാശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ പ്രാഥസ്മരണീയരും അതുല്യരുമായ മൂന്ന് പേരുണ്ട്. ആദ്യത്തേയാൾ അബൂ അൽ ഹസൻ അലി അൽ മസ്ഊദി മഹാനായ ഗ്രീക്ക് ചരിത്രകാരൻ ഹെറോഡോട്ടസിനെപോലെ തീർച്ചയായും അദ്ദേഹം അറബികളുടെ ചരിത്രത്തിന്റെ പിതാവാണ്. പക്ഷേ മസ്ഊദിയുടെ രീതി വ്യത്യസ്തമായിരുന്നു. വിഷയാധിഷ്ഠിതമായി ചരിത്രത്തെ സമീപിക്കുന്ന രീതി അദ്ദേഹമാണ് കണ്ടെത്തിയത്. സംഭവങ്ങളെ അദ്ദേഹം വർഷങ്ങളുടെയും തിയ്യതികളുടെയും അടിസ്ഥാനത്തിലല്ല തരം തിരിച്ചത്. വ്യക്തികൾക്കും രാജപരമ്പരകളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ചരിത്രത്തെ ചിട്ടപ്പെടുത്തി. ചരിത്രകഥനത്തിന്ന് സജീവത വരുത്തുവാൻ അദ്ദേഹം ചരിത്ര സംഭവങ്ങൾക്ക് ഉപാഖ്യാനങ്ങളും നൽകുകയുണ്ടായി.

അസാമാന്യരായ മറ്റു രണ്ട് ചരിത്രകാരന്മാരാണ് ഇബ്നു ഖൽദൂണും തബരിയും. ചരിത്രത്തിലാദ്യമായി കാലവസ്ഥയും ഭൂമിശാസ്ത്രവും മനുഷ്യന്റെ ധാർമിക ഘടങ്ങളും ചേർന്നാണ് ചരിത്രം നിർമ്മിക്കുന്നതെന്ന സിദ്ധാന്തം ഇബ്നു ഖൽദൂനാണ് ആവിഷ്ക്കരിച്ച്ത്. അപ്രകാരം ജനവർഗ്ഗങ്ങളുടെ പുരോഗതിയുടെയും ശൈഥില്യത്തിന്റെയും നിയമം കണ്ടെത്തിയതും ജനതയുടെ ഉയർച്ചയുടെയും താഴ്ച്ചയുടെയും യഥാർത്ഥ കാരണം ആദ്യമായി കണ്ടെത്തിയത് ഈബ്നു ഖൽദൂൺ തന്നെയാണ്.

തബരി ലോകാരംഭം മുതൽ എ.ഡി 915 വരെയുള്ള ലോകത്തിന്റെ ചരിത്രം എഴുതുകയുണ്ടായി. പഠനത്തിന്ന് വേണ്ടി പഠിക്കുക എന്ന തത്വത്തിൽ അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ ചരിത്രം അതുകൊണ്ട് ഒരു മത ശാസ്ത്രിയുടെ ആവേശമുള്ളതും ഒരു ന്യായാധിപന്റെ സൂക്ഷ്മയുള്ളതും രാഷ്ട്രവിജ്ഞാനിയുടെ അന്തർദൃഷ്ടി പ്രകടമാവുന്നതുമായിരുന്നു. തബരിയുടേത് തികച്ചും വിജ്ഞാനാന്വേഷണത്തിന്നുവേണ്ടി ഉഴിഞ്ഞുവെച്ച ഒരു ജീവിതമായിരുന്നു.

## ചിത്രകലയും വാസ്തു ശിൽപ്പവും

കല എന്നത് വിവാദാത്മകമായ ഒരു വിഷയമാണ്. ആധുനിക കാലത്ത് അതിൽ പലതിന്നും പല രൂപ പരിണാമങ്ങളും സംഭവിച്ചിരിക്കുന്നു. പക്ഷേ ഇന്നുവരെയുള്ള മനുഷ്യന്റെ ചിത്രരചനയോടുള്ള സർഗ്ഗവാസന പരിഗണിക്കുമ്പോൾ മുസ്‌ലികൾ ഭാവനയുടെ പാരമ്യങ്ങൾ കൈവരിച്ചതായി കാണാം.13ാം നൂറ്റാണ്ടിലെ പുസ്തകങ്ങൾ പ്രത്യേകിച്ചും കഥാ പുസ്തകങ്ങളും ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളും ചിത്രീകരണങ്ങൾ കൊണ്ട് സമൃദ്ധമായിരുന്നു. യഹ്യാ ഇബ്നു മഹ്മൂദ് അൽവസീതി (Yahya ibn Mahmud al-Wasiti) ഏറ്റവും പ്രശസ്തനായ ചിത്രകലാകാരനായിരുന്നു അദ്ദേഹത്തിന്റെ പ്രതീകാത്മക ചിത്രീകരണമായ ***'മുഖാമത്തി ഹരീരി*'*** ആഹ്ലാദവും പ്രചോദനവും ഒരേ സമയം പ്രദാനം ചെയ്യുന്നു. സിറിയൻ മരുഭൂമിയിലെ കുളിമുറിയുടെയും സുഖഭവനങ്ങളുടെയും ചുമരുകളിൽ വലീദിന്റെ (എ.ഡി. 705-715) കാലത്ത് വരച്ച ചുമർചിത്രങ്ങളും (Murals) യസീദ് നിർമ്മിച്ച പ്രശസ്തമായ കസറെ അമ്റ് ഭിത്തിയും അതീവ മനോഹരമായ ചിത്രങ്ങളെകൊണ്ട് അലങ്കൃതമായിരുന്നു. അത്തരത്തിലുള്ള ചുവർ ചിത്രങ്ങളായിരുന്നു ഉമവി ഖലീഫമാരുടെ കീഴിലായിരുന്ന ഇറാനിലും ഈജിപ്തിലും കണ്ടിരുന്നത്.

ലോകം കണ്ടതിൽ വെച്ചേറ്റവും നല്ല ചിത്രകല ആവിഷ്ക്കരിക്കപ്പെട്ടത് മുഗളന്മാരുടെ കീഴിലായിരുന്നു. ആഗ്രയിലെ രാജകീയ ഗ്രന്ഥാലയത്തിൽ 24,000 കൈയ്യെഴുത്തു പ്രതികൾ സൂക്ഷിക്കപ്പെട്ടിരുന്നു. അതിലധികവും ചിത്രീകരണമുള്ളവയായിരുന്നു. ജാലകങ്ങൾ കോട്ടയുടെ മാർബിളുകളിലെ വർണ്ണചാർത്തുകൾക്കും പുറമെ കൊട്ടാരങ്ങളും കുഭഗോപുരങ്ങളും മിക്കതും കല്ലിലെഴുതിയ കവിത പോലെ മനോഹരമായിരുന്നു. മുഗൾ കാലഘട്ടത്തിലെ വാസ്തു ശിൽപ്പകല പ്രത്യേകം ഒരു വിഷയം തന്നെയാണ്. മുഗൾ വാസ്തു ശിൽപ്പകലയിൽ താഴിക കുടങ്ങൾക്കും കമാനങ്ങൾക്കും നൽകിയ പ്രാധാന്യം ശ്രദ്ധേയമാണ്. ഈ നിർമ്മാണകലയിലെ പൊതു

ശൈലിയാണ് പിന്നീട് ഇസ്ലാമിക വാസ്തു ശിൽപ്പകലാ രീതിയായി മാറിയത്. Glories of Islam എന്ന ഗ്രന്ഥത്തിൽ Architectual style of Muslim എന്ന അദ്ധ്യായത്തിൽ Noor Ahmed എഴുതുന്നു.

**കുരിശുയുദ്ധത്തോടെ മുസ്ലിം ക്രിസ്ത്യൻ വാസ്തു ശിൽപ്പകല മിശ്രണം ചെയ്യപ്പെട്ടു. അത് ഇപ്പോൾ സ്പാനിഷ് ശൈലി എന്നാണറിയപ്പെടുന്നത്. സ്പാനിഷ് ഭാഷയിൽ നിരവധി അറബി വാക്കുകൾ ഇപ്പോഴും നിലനിൽക്കുന്നു എന്ന വസ്തുത തന്നെ സ്പാനിഷ് നിർമ്മിതികളുടെ അറബി മൂലം തെളിയിക്കുനു. കുതിരലാടത്തിന്റെ ആകൃതിയിലുള്ള ആർച്ചുരൂപങ്ങൾക്ക് ഇപ്പോഴും മൂറിഷ് ആർച്ച് എന്നാണ് പറയുന്നത്. മുസ്ലിം വാസ്തു ശിൽപം പടിഞ്ഞാറ് ദേശത്ത് അറിയപ്പെടുന്നത് അങ്ങനെയാണ്. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ ക്രൈസ്തവ മുസ്ലിം നാടുകളിൽ വാസ്തു ശിൽപ കലാരംഗത്ത് ഇരു സംസ്കാരങ്ങളും അന്യോന്യം വമ്പിച്ച തോതിൽ സ്വാധീനിക്കപ്പെടുകയുണ്ടായി വക്ര രീതിയിൽ വർണ്ണം ചാർത്തുള്ള കമാനങ്ങളും (Cusped Arc) വാതിലുകൾക്കും ജനാലകൾക്കും കഴകളും താലങ്ങളും കൊണ്ടുള്ള പണിത്തരങ്ങൾ (Bar Tracery ,Plate Tracery) പശ്ചിമ നാടുകൾ ഇങ്ങിനെ നിരവധി വാസ്തു ശിൽപ ഘടനകൾ ഇസ്ലാമികലോകത്ത് നിന്നും സ്വീകരിക്കുകയുണ്ടായി. പാലത്തിന്റെ തൂണുകൾ, അലംകൃതമായ കൊത്തളങ്ങൾ, കൊത്തുപണികൾ, രേഖാങ്കിംതമായ പൂമുഖങ്ങൾ, ലോഹഗ്രില്ലുകൾ, നിർമ്മാണ ഘടനയിലെ ജാമിതീയ രൂപങ്ങൾ, മുതലായ വാസ്തു ശിൽപകലാരംഗത്തെ ലാവണ്യാത്മകമായ നിരവധി ഘടങ്ങൾ അക്കാലഘട്ടങ്ങളിൽ സമ്മിശ്രമാക്കപ്പെട്ടു.**

## പ്രഭാഷണകലയും സംഗീതവും

ഇസ്ലാമിന്റെ ആദ്യകാലത്ത് പള്ളിയായിരുന്നു സുപ്രധാനമായ പ്രഖ്യാപനങ്ങളുടെയും അദ്ധ്യാപനങ്ങളുടെയും ചർച്ചകളുടെയും കേന്ദ്രം. ഇവിടെ നിന്നാണ് പ്രഭാഷണ കലയുടെ ആരംഭം കുറിച്ചത്. വരമൊഴിയേക്കാൾ വാഴ്മൊഴി വഴക്കത്തിന്ന് പ്രാധാന്യം നൽകി കൊണ്ടുള്ള സാഹിത്യരൂപം ഇക്കാലത്ത് പുഷ്ടിപ്പെടുകയുണ്ടായി. പൊതു പ്രഭാഷണ കലയെ പറ്റി പറയുമ്പോൾ അതിന്ന് ആരംഭം കുറിച്ചത് ഉമവിയ്യാ കാലഘട്ടത്തിലാണെന്ന് ഫിലിപ്പ് ഹിറ്റി പറയുന്നു. വീണ്ടും നമുക്ക് അദ്ദേഹത്തെ ഉദ്ധരിക്കാം.

**ഒരു ജനറൽ തന്റെ പട്ടാളക്കാർക്ക് ആവേശം പകരുന്ന തരത്തിൽ പൊതുജനങ്ങൾ സമ്മേളിക്കുന്ന വെള്ളിയാഴ്ച്ച ഉച്ചനേരത്തെ നമസ്ക്കാരത്തിലെ പ്രഭാഷണം ഖത്തീബ് ഒരു ഉപകരണമാക്കി മാറ്റി. പ്രാദേശിക ഗവർണ്ണർമാർ തങ്ങളുടെ പ്രജകളിൽ സ്വരാജ്യ സ്നേഹം വളർത്താൻ അത് ഉപാധിയാക്കി. പ്രാസനിബദ്ധവും വിവേകം തുളുമ്പുന്നതുമായ അത്യുന്നത ധാർമികത പുലർത്തിയ അലിയുടെ പ്രഭാഷണം, ഖലീഫ ഉമറുബിനു അബ്ദിൽ അസീസിന്റെ സാന്നിദ്ധ്യത്തിൽ സൂഫി വര്യനായ ഹസനുൽ ബസരി നടത്തിയ പ്രഭാഷണം മുതലായവ പിൽക്കാല ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സൈനിക മേധാവിയായിരുന്ന താരീഖ്ബ്നു സിയാദിന്റെ ദേശാഭിമാന ഭരിതമായ ഉജ്ജ്വല പ്രസംഗം, അഗ്നി സ്ഫുരണം മാറുന്ന ഹല്ലാജിന്റെ വാഗ്ധോരണി ഇതെല്ലാം തന്നെ ആ കാലഘട്ടം നമുക്ക് കൈമാറിയ അമൂല്യങ്ങളായ സാഹിത്യ നിധികളാണ്.**

ആദ്യകാല മുസ്ലിംകൾക്കിടയിൽ വാഗ്മിത്വ വൈഭവത്തിന്റെ പ്രതിഭകളെ കണ്ടെത്താൻ അദ്ധ്വാനിക്കേണ്ട പ്രശ്നം തന്നെയില്ല. അത്രയധികം പ്രഭാഷക പടുക്കൾ മുസ്ലിംകളിലുണ്ടായിരുന്നു. ആദ്യകാല മുസ്ലിം ചരിത്രം കലാപ കലുഷിതവും അഗ്നി പരീക്ഷണങ്ങളാൽ സംഘർഷഭരിതവും യുദ്ധ നിരതവുമായിരുന്നു. എല്ലാ ഓരോ മുസ്ലിം ഭടന്മാരും ഓരോ പ്രഭാഷകന്മാരായിരുന്നു. യുദ്ധാവശ്യങ്ങൾക്ക് വേണ്ടി പട്ടാളത്തിൽ ആളെ ചേർക്കുന്ന സന്ദർഭങ്ങളിൽ ഓരോ ഭടന്റേയും ആവേശ ഭരിതമായ പ്രസംഗങ്ങൾ ആയിരക്കണക്കിന്ന് സ്ത്രീകളടക്കം പട്ടണത്തിലേയും നഗരത്തിലെയും ജനത മുഴുവൻ വിജയത്തിന്നായി യുദ്ധമുന്നണിയിലേക്ക് നീങ്ങുമായിരുന്നു.

### സംഗീതം

സംഗീതത്തിന്റെ ചരിത്രവും മറിച്ചല്ല. പ്രഗത്ഭനായ തത്വശാസ്ത്ര വിശാരദൻ അൽ ഫറാബി((872-950/951) മഹാനായ ഒരു സംഗീതജ്ഞൻ കൂടിയായിരുന്നു. അദ്ദേഹം എഴുതിയ കിത്താബുൽ മൗസിക്ക് അൽ കബീർ മ്യൂസിക്കിനെ സംബന്ധിച്ച് 17-ാം നൂറ്റാണ്ടുവരെ ആധികാരിക ഗ്രന്ഥമായി അറിയപ്പെട്ടു. എങ്കിലും ഇന്നത്തെ പോലെ സംഗീതം ഒരു പ്രഫഷനായി സ്വീകരിച്ചിരുന്നവർ ഉണ്ടായിരുന്നു എന്ന് കരുതുന്നത് ശരിയല്ല. സാഹിത്യാസ്വാദനത്തിന്ന് ഒരു സഹായി എന്ന നിലയിലായിരുന്നു സംഗീതത്തിന്ന് സ്ഥാനം നൽകപ്പെട്ടിരുന്നത്. ആധുനിക കാലത്ത് സുകുമാരകലകൾക്ക് പ്രത്യേക ശാഖകളായി പല പിരിവുകളുമുണ്ടായിട്ടുണ്ട്. എന്നാൽ ഇസ്ലാമിക സംസ്കാരത്തിന്റെ പ്രമുഖ കാലഘട്ടത്തിൽ ഈ കലകളെല്ലാം സമഗ്രമായ മനുഷ്യ ജീവിതത്തിന്റെ ധ്വനി സ്പന്ദനമായി തീർന്നു. വിശുദ്ധ ഖുർആനിലെ പല വരികൾക്കും സ്വതസ്സിദ്ധവും അതീവ ഹൃദ്യവുമായ സംഗീത സാന്ദ്രതയും പ്രാസനിഷ്ഠയും ഉണ്ടായിരുന്നു. അതിന്റെ വിശുദ്ധ വചനങ്ങൾ ഉച്ചത്തിൽ പരായണം ചെയ്യപ്പെടുമ്പോൾ അതിന്റെ സ്വരലയ സംഗീതം ആത്മാവിന്റെ കർണ്ണപുടങ്ങളെ പ്രകമ്പിതമാക്കും.

## സംസ്കാരവും സഹിഷ്ണുതയും: ഇസ്‌ലാമിക സമീപനം

സംസ്കാരം എന്നാൽ മനസ്സിന്റെ വളർച്ചയാണ്. പക്ഷേ അത് ചിലർ കരുതുന്നത് പോലെ ഒരു മനസ്സിന്റെ വളർച്ചയല്ല. വിശ്വൈകമായ മൂല്യങ്ങളുടെ സാക്ഷാത്ക്കാരത്തിന്ന് വേണ്ടിയുള്ള മനുഷ്യ സമൂഹത്തിന്റെ ആകമാന വളർച്ചയാണ്. മാർമഡ്യൂക്ക് പിക്ത്താൾ ഇസ്‌ലാമിക സംസ്കാരത്തെ കുറിച്ച് പറയുന്നത് കാണുക.

**'ഇസ്‌ലാമിന്റെ നേട്ടങ്ങളായി അവതരിപ്പിക്കുന്ന മഹായുദ്ധങ്ങളാകട്ടെ സമാധാനമാകട്ടെ അതിനെക്കാളെല്ലാം ഉപരിയായി ഇസ്‌ലാമിന്ന് ഉന്നതമായ ലക്ഷ്യവും വിശാലമായ ഒരു കാഴ്ചപാടുമുണ്ട്. സാർവ്വ ജനീനമായ വിശ്വസാഹോദര്യത്തിൽ കുറഞ്ഞതൊന്നും തന്നെ തന്നെ ഇസ്‌ലാം ലക്ഷ്യമായിക്കരുതുന്നില്ല. ശാസ്ത്ര രംഗം, കല, സാഹിത്യം എന്നീ രംഗങ്ങളിൽ ഇസ്‌ലാം കൈവരിച്ച് നേട്ടങ്ങൾ രണ്ടായി തരം തിരിക്കാം ാതിൽ ഒന്ന് സഹായകമായത് മറ്റൊന്ന് ആനന്ദദായകമായതും. കവിതയും വാസ്തു ശിൽപ്പവും പോലെയുള്ള ഈ രണ്ടിലും പെടുന്നവയാണ്. അതെല്ലാം തന്നെ ഒരു നേതാവിനെയാണ് തിരിച്ചറിഞ്ഞ്ത്. ഒരു മാർഗ്ഗ ദർശനമാണ് സ്വീകരിച്ചത്. ഒരു ലക്ഷ്യത്തിലേക്കാണ് നീങ്ങിയത്. അതിന്റെയെല്ലാം നേതാവ് പ്രവാചകനായിരുന്നു(സ). മാർഗ്ഗദർശനം വിശുദ്ധ ഖുർആനും ലക്ഷ്യം അല്ലാഹുവുമായിരുന്നു.'** ഇസ്‌ലാം മാനവരാശിയുടെ പ്രകാശപൂർണ്ണമായ ഭാവിയെപറ്റി നോക്കിക്കാണുകയും അതിന്ന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. അതിന്നായി ഏതൊരു മുസൽമാനും തന്റെ ജീവിതം തൃണവൽഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുകയാണ് വേണ്ടത്. മറ്റേതൊരു ലക്ഷ്യത്തിന്ന് വേണ്ടിയും തന്റെ ജീവിതം സമർപ്പിക്കുവാൻ ഒരു മുസ്‌ലിം ആഗ്രഹിക്കരുത്. ആ സർവ്വലോക പരിപാലകനായ ദൈവം മറ്റു യാതൊരു ശക്തിയുടെയും പങ്കാളിത്വമില്ലാതെ ഈ ലോകം പരിപാലിക്കുന്ന ദൈവം. ഇസ്‌ലാമിന്റെ ആശയലോകത്തിന്ന് കളമൊരുക്കുന്നത് എല്ലാ കലാരൂപങ്ങൾക്കും പ്രചോദനമകേണ്ടതും ഈ സങ്കൽപ്പ സമർപ്പണത്തിൽ നിന്നായിരിക്കണം. ഈ ഭൗതിക ലോകത്തിന്റെ ഉപരിയായ ലക്ഷ്യങ്ങളായിരിക്കണം ഒരു മുസ്‌ലിമിന്റെ ആശയങ്ങളെ രൂപപ്പെടുത്തേണ്ടത്. അവൻ ലോക ജനതയുടെ പൊതുക്ഷേമത്തിന്ന് വേണ്ടി പ്രവർത്തിക്കുന്നവനായിരിക്കണം. വാസ്തവത്തിൽ ഈ അടുത്തകാലത്ത് മാത്രമാണ് സംസ്കാരത്തെ സംബന്ധിച്ച ഈ ലക്ഷ്യങ്ങൾ പാശ്ചാത്യരെ സ്വാധീനിച്ചത്. ഇത് സംബന്ധിച്ച് മാത്യു ആൾനോട് അസന്നിഗ്ദമായ ഭാഷയിൽ പറയുന്നു:

**സംസ്കാരം എന്നത് മിഷണറി പ്രവർത്തനത്തിനപ്പുറത്താണ്. അതിന്ന് ഒരു വികാരം മാത്രമേയുള്ളൂ. പ്രഫുല്ലവും പ്രകാശവത്തായതുമായ ഒന്നിന്ന് വേണ്ടിയുള്ളതായിരുന്നു ആ വികാരം. അവരുടെ മഹത്തായ ഈ അഭിനിവേശമായിരുന്നു അവരെ നിലനിർത്തിയത്. നാമെല്ലാവരും സമ്പൂർത്തി കൈവരിച്ചവരായി തീരുന്നത് വരെ അവർ തൃപ്തരായിരുന്നില്ല. ചുരുക്കം പേരിൽ മാത്രം ഈ പ്രഫുല്ലതയും പ്രകാശവും എത്തുക എന്നത് പോരയ്മയായി അവർ കണ്ടു. മാനവ വംശത്തിന്ന് ആസകലം ഈ പ്രഫുല്ലതയും പ്രകാശവും സ്പർശിക്കാതെ ഒരു വിഭാഗം അസംസ്കൃതവും അപ്രകാശിതരുമായി കഴിയുന്നേടത്തോളം സംസ്ക്കാരം അപൂർണ്ണമായിരിക്കും എന്ന് അവർ കണ്ടു.**

ഇസ്‌ലാം മതം ഊന്നൽ നൽകിയത് പോലെ മറ്റൊരു മതവും മനുഷ്യ സാഹോദര്യത്തിന്ന് ഊന്നൽ നൽകിയിട്ടില്ല. മാനവ സാഹോദര്യത്തിന്റെ മഹത്തായ ഈ സന്ദേശം നൽകിയത് ഇസ്‌ലാം മാത്രമാണ്. ഹിന്ദുമതത്തെ ഈ വിശ്വസാഹോദര്യ സങ്കൽപ്പത്തിൽ നിന്നും തടഞ്ഞ് നിർത്തുന്നത് അവരിലെ ജാതി ശ്രേണീ സങ്കൽപ്പമാണ്. **'കാണാതെ പോയ ആട്ടിൻ ഗോത്രങ്ങൾക്കിടയിലേക്കല്ലാതെ എന്നെ അയക്കപ്പെട്ടിട്ടില്ല'** എന്ന ക്രിസ്തു വചനവും ഈ സാർവ്വ ജനീന സങ്കൽപ്പത്തെ പരിമിതപ്പെടുത്തുന്നു. ഇസ്‌ലാം മാത്രമാണ് ഈ വിശ്വസാഹോദര്യ സങ്കൽപ്പം ആത്മാർത്ഥമായി പ്രാവർത്തികമാക്കിയത്. ഇസ്‌ലാമിക സംസ്ക്കാരത്തിന്റെ സാരസർവ്വസ്വം സഹിഷ്ണുതയായിരുന്നു. ഭൂതകാല ചരിത്രം അതിന്ന് സാക്ഷിയാണ്. അവർ അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും അങ്ങനെയായിരുന്നു. ഭൂതകാല മുസ്‌ലികൾ തങ്ങളുടെ ആരാധനാലയം എല്ലാവർക്കുമായി തുറന്നു വെക്കുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

**പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന്ന് ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന്ന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. (5:3)**

അതിക്രമം പ്രവർത്തിച്ചവരോടും മുസ്‌ലികളിൽ ദുരിതങ്ങൾ വിതച്ചവരോടു പോലും പ്രതികാരം ചെയ്യാൻ പാടില്ല, അപ്പോഴും അവർ സമാധാനകാംഷികളും സാഹോദര്യം കാത്തുസൂക്ഷിക്കുന്നവരുമായ ഒരു ജനതയായിരിക്കണം എന്നാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനം. നിയമത്തെ അനുസരിക്കുക അതായത് രാജ്യത്തിന്റെയും ദൈവത്തിന്റെയും നിയമത്തെ അനുസരിക്കുക എന്നതാണ്. ഇസ്‌ലാമിക സാമൂഹിക ജീവിതത്തിന്റെ അന്തസ്സത്ത. മനുഷ്യ സമൂഹത്തോട് അനുകമ്പാപൂർവ്വം വിശാല ഹൃദയത്തോടുകൂടി പെരുമാറുക. ദുഖിതനും പീഢിതനും ആശ്വാസം നൽകി ശാശ്വതമായ സമാധാനം ലോകത്ത് കൊണ്ട് വരാൻ സാധിക്കുക ഇസ്‌ലാമിന്ന് മാത്രമായിരിക്കും.

ഭാഗം – 2

# ക്രിസ്ത്യാനികളുടെ യഥാർത്ഥ നാമമെന്ത്?

യേശുവിന്റെ അനുയായികളെ അന്തിയോക്യയിൽ വെച്ച് തെല്ല് അവജ്ഞയോടെ വിളിച്ച പേരാണ് ക്രിസ്ത്യാനികൾ എന്നത്. യേശുവോ യേശുവിന്റെ അപ്പോസ്തലന്മാരോ തങ്ങളുടെ അനുയായികളെ ക്രിസ്ത്യാനികൾ എന്ന് വിളിച്ചിട്ടില്ല. നസാറായ മതക്കാർ നസ്റീൻ വ്രതക്കാർ എന്നിങ്ങനെയുള്ള പേരുകളാണ് വിശുദ്ധ ബൈബിളിലുള്ളത്. ആയിരത്തി നാനൂറ് വർഷമായി വിശുദ്ധ ഖുർആനും യേശുവിന്റെ അനുയായികളെ തദനുസൃതമായി നസാറാക്കൾ എന്നാണ് വിളിക്കുന്നത്. യേശുവിനെ ജീവിതകാലം മുഴുവൻ ദ്രോഹിക്കുകയും റോമൻ ആഭിമുഖ്യം പ്രകടിപ്പിക്കുകയും ചെയ്ത പൗലോസാണ് ക്രിസ്ത്യാനികളെ അങ്ങനെ വിളിച്ചത്.

എ. എം. മുഹമ്മദ് സലീം

### ക്രിസ്ത്യാനികൾ എന്ന സംജ്ഞാനാമത്തിന്റെ ഉത്ഭവം

ക്രിസ്തു എന്ന പദത്തിനർത്ഥം അഭിഷിക്തൻ എന്നാണ്. പുരോഹിതനെ അഭിഷേകം ചെയ്യിക്കുക (പുറപ്പാട് 29:29, ലേവ്യ പുസ്തകം 4:3) രാജാവിനെ അഭിഷേകം ചെയ്യിക്കുക (ശമുവേൽ 10:1 24:7) പ്രവാചകന്മാരെ അഭിഷേകം ചെയ്യിക്കുക (യെശയ്യാ 61:1) എന്നീ അർത്ഥങ്ങളിലെല്ലാം പഴയ നിയമത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. വരാനിരിക്കുന്ന മസീഹിനെ അഭിഷിക്തൻ എന്ന അഭിധാനത്തിൽ യഹൂദർ കാത്തിരിക്കുകയും ചെയ്തിട്ടുണ്ടാവാം. പക്ഷേ അവരുടെ സങ്കൽപ്പത്തിലെ അഭിഷിക്തൻ രാജാവായ അഭിഷിക്തനായിരുന്നു. അതുകൊണ്ടാണ് ചെങ്കോലും സിംഹാസനവുമില്ലാതെ ദരിദ്രനായി വന്ന യേശു നിരാകരിക്കപ്പെട്ടത്.

### അന്തിയോക്യയിലെ പരിഹാസപ്പേര്

യേശു ഫലസ്തീൻ വിട്ടതിന്ന് ശേഷം പൗലോസ് അടങ്ങിയ അപ്പോസ്തല സംഘം സുവിശേഷം പ്രബോധിക്കാൻ എത്തിയ അന്തിയോഖ്യയിൽ വെച്ചാണ് ക്രിസ്ത്യാനികൾ എന്ന പേര് യേശുവിന്റെ അനുയായികൾക്ക് ആദ്യമായി ലഭിക്കുന്നത്. ക്രിസ്ത്യാനി എന്ന നാമം 3 തവണ മാത്രമേ ബൈബിൾ ഉപയോഗിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്. (അപ്പോ: 11:26, 26:28,1 പത്രോ 4:16) അത് യേശു കേൾക്കാനിടയില്ലാത്ത പേരുമാണ്. അതിന്ന് മുമ്പ് യേശു അവർക്കിടയിൽ കഴിഞ്ഞിരുന്ന കാലത്ത് നസാറായ മതക്കാർ എന്നാണ് യേശുവും അനുയായികളും വിളിക്കപ്പെട്ടിരുന്നത്.

അന്തിയോഖ്യ എന്നത് ഇപ്പോഴത്തെ തുർക്കിയിൽ സിറിയൻ അതിർത്തിയിൽ മെഡിറ്ററേനിയൻ കടലിന്റെ അതിർത്തിയിലുള്ള ഒരു നഗരമാണ്. അവിടെ ധാരാളം യഹൂദർ താമസിച്ചിരുന്നു. ജെറുസലേമിൽ നിന്നും ക്രിസ്തുമത പ്രചാരണത്തിന്ന് ആദ്യം അന്തിയോഖ്യയിലേക്ക് അയക്കപ്പെട്ടത് ബർണബാസിനെയാണ്. അദ്ദേഹം സൈപ്രസുകാരനായ ഒരു യഹൂദനും യേശുവിന്റെ അപ്പോസ്തലൻ (അപ്പോ: 14:14) എന്ന് വിശേഷിപ്പിക്കപ്പെട്ട ആളുമാണ്. അദ്ദേഹമാണ് തന്റെ സുഹൃത്തായ പൗലോസിനേയും കൂട്ടി യവനവത്കൃതമായ അന്തിയോഖ്യയിൽ സുവിശേഷം പ്രസംഗിക്കാൻ പോവുന്നത്. യഹൂദരല്ലാത്ത വിജാതിയരുടെ സഭ ആദ്യം വളർന്നത് ഇവർ രണ്ടു പേരുടേയും പരിശ്രമ ഫലമായി അന്തിയോഖ്യയിലാണ്. പിന്നീട് ബർണബാസ് പൗലോസുമായി തെറ്റിപ്പിരിയുകയാണുണ്ടായത്. ഒരു നേതാവിന്റെ അനുയായികളെ വിശേഷിപ്പിക്കാൻ ianos എന്ന പേര് ചേർത്താണ് ഗ്രീക്കുകാർ വിളിക്കാറ്. ക്രിസ്തുവിന്റെ അനുയായികൾ അവരെ സ്വയം വിളിച്ച പേരുമല്ല. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലക്ക് Christianos എന്നായിരുന്നു ക്രിസ്തുശിഷ്യന്മാരെ അവർ വിളിച്ചിരുന്നത്. അവർ യേശുവിന്റെ പാർട്ടിക്കാരാണ് എന്ന് തിരിചറിയാനാണ് 'ഇയോനോസ്' പ്രയോഗം. ബൈബിൾ ഈ വസ്തുത വെളിപ്പെടുത്തുന്നു. **'ശിഷ്യന്മാർ ആദ്യമായി അന്തിയോഖ്യയിൽ വെച്ച് ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടു.' (അപ്പോ 11: 26)** ആ നാമം യേശുവിനാൽ വെളിപാട് മുഖേന വിളിക്ക

പ്പെട്ട ഒരു നാമമല്ല. ക്രിസ്തുവിന്റെ അനുയായികളെ ക്രിസ്തുവിന്റെ അഭാവത്തിൽ വിജാതീയർ വിളിച്ച പേരാണ്. മിക്കവാറും യേശുവിന്റെ അനുയായികളെ പരിഹസിക്കാനോ നിന്ദിക്കാനോ ആയിരിക്കണം ഗ്രീക്കുകാർ അങ്ങനെ വിളിച്ചത്. ഒരു യേശു ശിഷ്യൻ മറ്റൊരു യേശു ശിഷ്യനെ ക്രിസ്ത്യാനി എന്ന് ബൈബിളിൽ വിളിച്ചതായി കാണില്ല. ബൈബിളിൽ തന്നെ ആ നാമം മൂന്ന് തവണ മാത്രമാണുള്ളത്. പിന്നീട് യൂറോപ്യൻ നാടുകളിൽ ക്രിസ്ത്യാനികൾ എന്ന ഗ്രിക്ക് നാമം അതിശീഘ്രം പ്രചരിക്കുകയായിരുന്നു.

## വിശുദ്ധ ഖുർആനും നസാറാക്കൾ എന്ന പ്രയോഗവും

യേശുവിന്റെ അനുയായികളെ വിശുദ്ധ ഖുർആൻ **'നസാറാ'** എന്നാണ് വിളിക്കുന്നത്. വളരെ ആദരണീയമായ നാമങ്ങളിലാണ് ഖുർആൻ ക്രിസ്ത്യാനികളെ വിശേഷിപ്പിച്ചിട്ടുള്ളത്. ക്രിസ്ത്യാനികൾ എന്ന അർത്ഥത്തിൽ **'അൽ മസീഹിയൂൻ'** എന്ന അറബ് നാമത്തിൽ ഖുർആനിലോ ഇസ്ലാമിന്റെ ആധികാരിക സാഹിത്യങ്ങളിലോ ക്രിസ്ത്യനികളെ വിളിച്ചിട്ടില്ല. 15 സ്ഥലങ്ങളിലും സഹായികൾ എന്ന അർത്ഥം വരുന്ന 'നസാറാ' അഥവാ സഹായികൾ എന്ന പദം തന്നെയാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. ക്രിസ്ത്യാനികൾ സ്വയം തന്നെ അഭിമാനപൂർവ്വം പറയുന്ന പേരും നസാറാക്കൾ ആണെന്നാണ് ഖുർആൻ പറയുന്നത്. **'ഞങ്ങൾ നസാറാക്കളാണ് (ക്രിസ്ത്യാനികൾ) എന്ന് പറയുന്നവരിൽ നിന്നും നാം (ദൈവം) അവരുടെ കരാർ വാങ്ങിയിരുന്നു' (അൽമായിദ 5:15)** മാത്രമല്ല മുസ്ലിംകളോട് ഏറ്റവും അടുത്ത് നിൽക്കുന്ന മതവിഭാഗം നസറാക്കളാണെന്ന് ഖുർആൻ പറയുന്നു. യേശുവിനെ യഹൂദ പുരോഹിതന്മാർ വേട്ടയാടുകയും ക്രൂശിക്കാൻ ധൃഷ്ടരാവുകയും ചെയ്തപ്പോൾ അദ്ദേഹത്തെ സഹായിക്കാനെത്തിയവർ എസ്സീൻ സംഘത്തിൽ (ഹവാരികൾ-ശുഭ്ര വസ്ത്ര ധാരികൾ) പെട്ട യേശുവിന്റെ അനുയായികളായ നസാറാക്കളായിരുന്നു.

**'സത്യവിശ്വാസികളോട് ഏറ്റവും അടുത്ത് സ്നേഹമുള്ളവരായി ഞങ്ങൾ നസാറാക്കളാണ് (ഞങ്ങൾ ക്രിസ്ത്യാനികളാണ് - ഇന്നാ നസാറാ) എന്ന് പറഞ്ഞ വരെയും നീ കണ്ടെത്തുന്നതാണ്. അതിന്നു കാരണം അവരിൽ പണ്ഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ല എന്നതുമാണ്.' (5:83)** സഹായികൾ എന്ന് അർത്ഥമുള്ള കിസ്ത്യാനികളെ സംബന്ധിച്ച് **'നസാറാ'** എന്ന സംജ്ഞാനാമം എങ്ങനെ നിഷ്പന്നമായി എന്നതിലേക്ക് കൂടി വിശുദ്ധ ഖുർആൻ വെളിച്ചം വീശുന്നു. .

**'വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ സഹായികളാവുക (അൻസാറ) മർയമിന്റെ മകൻ ഈസാ(തന്റെ) അനുയായികളോട് 'അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരാരുണ്ട്' (മൻ അൻസാരീ ഇലല്ലാഹി) എന്ന് ചോദിച്ച അവസരം (സ്മരിക്കുക) 'ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന്' (നഹ്നു അൻസാറുല്ലാഹ്) ആ അനുയായികൾ പറഞ്ഞു. അങ്ങനെ ഇസ്റായീൽ സന്തതികളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ വിശ്വസിച്ചരെ നാം ബലപ്പെടുത്തി അങ്ങനെ അവർ വിജയികളായി തീർന്നു' (61:15)**

അഭിഷിക്തൻ (ക്രിസ്തു) എന്ന അർത്ഥം വരുന്ന **'മസീഹ്'** എന്ന പദം 11 തവണയാണ് ഖുർആൻ പ്രയോഗിച്ചത്. ഈ പദത്തിന്ന് അറബി പണ്ഡിതന്മാർ രണ്ട് മൂലങ്ങളിലാണ് നിഷ്പാദിക്കുന്നത്. അഭിഷേകം ചെയ്യുക എന്ന അർത്ഥമുള്ള **'മസഹ'** എന്ന ക്രിയയാണ് ഒന്ന് **'ഞാൻ എവിടെയാണെങ്കിലും അവൻ എന്നെ അനു ഗ്രഹീതനാക്കിയിരിക്കുന്നു' (19:32)** എന്ന ഖുർആൻ വചനം ഈസാ നബി (അ) അനുഗ്രഹങ്ങളാൽ അഭിഷിക്തനാണ് എന്ന് പറയുന്നു. സഞ്ചരിക്കുക തീർത്ഥാടനം ചെയ്യുക, രണ്ടാമത്തെ മൂല നിഷപത്തി, ചുറ്റിക്കറങ്ങുക എന്ന അർത്ഥത്തെ സാക്ഷാത്ക്കരിക്കുന്നു. സഞ്ചരിക്കുക എന്നർത്ഥമുള്ള **'സാഹ'** എന്ന ക്രിയയാണത്. സഞ്ചരിക്കുക എന്ന അർത്ഥത്തിൽ ഖുർആനിലും ഈ പദം മറ്റൊരു സ്ഥലത്ത് പ്രയോഗിച്ചു കാണുന്നു. **'ഫസീഹു ഫിൽ അർള്' (9:2-ഭൂമിയിൽ സഞ്ചരിക്കുക)** കുരിശ് സംഭവത്തിന് ശേഷം കാണാതെ പോയ ഇസ്രയേൽ ദശഗോത്രങ്ങളെ തേടി ദീർഘ സഞ്ചാരം നടത്തി ഇന്ത്യയിൽ അദ്ദേഹം അഭയം തേടിയതായി വിശുദ്ധ ഖുർആൻ പറയുന്നു. **'നാം ഇബ്നു മറിയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി '(23:51)**. ബൈബിളിൽ യേശുവിന്റെ ദൗത്യം കാണാതെ പോയ യഹൂദഗോത്രങ്ങളെ തേടിപ്പിടിച്ച് അവർക്ക് ദൈവ രക്ഷയും ആത്മീയ മുക്തിയും നൽകലാണെന്ന് യേശു തന്നെ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നുണ്ട്. കാണാതെ പോയ യഹൂദ ദശഗോത്രങ്ങൾ ദൂരദിക്കുകളിൽ പ്രവാസികളായി കഴിയുകയായിരുന്നു.

അഹ്മദിയ്യ പ്രസ്ഥാന സ്ഥാപകരായ **ഹദ്റത്ത് അഹ്മദ് (അ)** തന്റെ വിശ്വപ്രശസ്തമായ **'യേശു മിശിഹാ ഇന്ത്യയിൽ'** എന്ന പുസ്തകത്തിൽ 'റൌസ ത്തുസ്സഫാ' എന്ന ഗ്രന്ഥത്തിൽ നിന്നും ഒരു ഉദ്ദരണി ഇപ്രകാരം ചേർക്കുന്നു.

**'ഈസാനബി (അ)ക്ക് മസീഹ് എന്ന പേര് നൽകപ്പെട്ടത് അദ്ദേഹം വലിയൊരു സഞ്ചാരി ആയിരുന്നതു കൊണ്ടാണ്. അദ്ദേഹം രോമനിർമിതമായ ശിരസാടയും കമ്പിളിയങ്കിയുമാണ് ധരിക്കാറുണ്ടായിരുന്നത്. കയ്യിൽ ഒരു ഊന്നു വടിയും ഉണ്ടാ**

കുമായിരുന്നു. അദ്ദേഹം രാജ്യാന്തരങ്ങളിലും നഗരംതോറും ചുറ്റി തിരിഞ്ഞു പോന്നു.' തുടരുന്നു. **'എല്ലായ്പ്പോഴും ചുറ്റിസഞ്ചരിക്കുകയും ഒരു സ്ഥാനത്ത് സ്ഥിരമായി പാർക്കാതിരിക്കുകയും ചെയ്തിരുന്നതിനാലാണ് യേശുവിന്ന് മസീഹ് എന്ന് നാമകരണം ചെയ്യപ്പെട്ടിരുന്നത്. എന്ന് 'ലിസാനുൽ അറബ്' എന്ന് ഗ്രന്ഥത്തിൽ 461-ാം ഭാഗത്ത് രേഖപ്പെടുത്തികാണുന്നു. താജുൽ ഉറൂസ് എന്ന ശറഅ് ഖാമൂസിലും ഇപ്രകാരം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.'** *(യേശു മിശിഹാ ഇന്ത്യയിൽ- ഹദ്റത്ത് അഹ്മദ് (അ) പേജ് 114-11)*

## കേരളത്തിലെ പുരാതനമായ നസ്റാണി സമൂഹവും പോർട്ടുഗീസ് അധിനിവേശവും

അതിപുരാതന കാലം മുതൽ കേരളത്തിൽ പാർത്തുവരുന്ന യഹൂദരെ തേടി വന്ന യേശുവിന്റെ ശിഷ്യനായ സെന്റ് തോമസിന്റെ ശ്ലൈഹിക പാരമ്പര്യം അവകാശപ്പെടുന്നവരായത് കൊണ്ടാണ് യേശു മിശിഹായിൽ വിശ്വസിച്ചിരുന്ന കേരളത്തിലെ പുരാതന യഹൂദ ക്രിസ്ത്യാനികളെ നസ്റാണികൾ എന്ന് വിളിക്കാൻ കാരണം. വാസ്തവത്തിൽ ആദിമ ക്രിസ്തു സഭയെ പരിശോധിക്കാനുള്ള തനതായ ഒരു ഫോസിൽ അവശിഷ്ടം കൂടിയാണ് റോമൻ വത്ക്കരണത്തിന്ന് മുമ്പുള്ള കേരളത്തിലെ പുരാതന നസ്റാണി ക്രൈസ്തവ സമൂഹം. ഗ്രീക്-റോമൻ -വത്കൃതമായ പാശ്ചാത്യ ക്രിസ്തു സഭയാണ് ക്രിസ്ത്യനികൾ എന്ന നാമം യേശുവിന്റെ മതത്തിന്റെ പേരിൽ പ്രചചരിപ്പിച്ചത്. യേശു സ്വന്തം അനുയായികളെ ഒരിക്കലും വിളിക്കാത്ത ഒരു വിളിപ്പേരാണ് ക്രിസ്ത്യാനികൾ എന്നത്. പാശ്ചാത്യരോടുള്ള മാനസികാടിമത്തമാണ് പുരാതനമായ സുറിയാനി തനത് ബന്ധത്തിന്റെ പരിശിഷ്ടമായ നസ്റാണികൾ എന്ന പ്രയോഗം ഇപ്പോൾ കേരള ക്രിസ്ത്യാനികൾക്കിടയിൽ അന്യംനിന്ന് പോകാൻ കാരണം. മാത്രമല്ല മുസ്‌ലികളും വിശുദ്ധ ഖുർആനും അവരെ ആദരപൂർവ്വം നസാറാക്കൾ എന്ന് വിളിക്കുന്നതിലുള്ള നിക്ഷിപ്ത താൽപര്യക്കാരുടെ അസഹിഷ്ണുതയും ഒരു കാരണമാണ്. കേരളത്തിൽ ഉണ്ടായിരുന്ന യഥാർത്ഥ ക്രിസ്തുമതത്തിന്റെ കിഴക്കൻ ബന്ധവും പാശ്ചാത്യർക്ക് അതിനോടുള്ള വെറുപ്പും ഈ നസ്റാണി പ്രയോഗത്തിന്റെ ക്ഷയത്തിന് കാരണമാകാം.

പതിനഞ്ചാം നൂറ്റാണ്ടിൽ പോർച്ചുഗീസ് അധിനിവേശം ഒരു അശനിപാതം പോലെ തനത് സാംസ്കാരിക പൈതൃകമുണ്ടായിരുന്ന കേരള നസ്റാണി ക്രൈസ്തവ സമൂഹത്തിനുമേൽ പതിക്കുകയായിരുന്നു. പാശ്ചാത്യ കോളനി സ്ഥാപന ലക്ഷ്യവുമായി കേരളത്തിലെത്തിയ പോർട്ടുഗീസുകാർ ക്രിസ്ത്യാനികളായിരുന്നുവെങ്കിലും തിയോക്രസിയുടെയും മതമൗലിക വാദത്തിന്റെയും വാക്താക്കളും അസഹിഷ്ണുക്കളും ക്രൂരന്മാരുമായിരുന്നു. അതിക്രൂരനും കൊളോണിയൽ അധിനിവേശക്കാരനുമായ വാസ്കോദിഗാമ എന്ന പോർട്ടുഗീസു നാവികൻ റോമൻ സഭക്ക് വേണ്ടി പാശ്ചാത്യ സാമ്രാജ്യത്തിന്റെയും റോമൻ വത്കൃത ക്രിസ്തു സഭയുടെയും പ്രതിനിധികളായിട്ടാണ് കേളത്തിലേക്ക് വന്നത്. മാർപാപ്പയുടെ ആശീർവാദത്തോടെ ലോകം വെട്ടിപിടിക്കാനിറങ്ങിയ ഈ നാവിക ശക്തികളെ കുറിച്ച് ഫാദർ ജോൺ പള്ളത്തിന്റെ വിവരണം കാണുക.

**'ഇന്ത്യയിലേയും മറ്റ് പൗരസ്ത്യ രാജ്യങ്ങളിലെയും ക്രിസ്ത്യാനികളുടെ സ്ഥിതിഗതികൾ മാർപ്പാപ്പ പഠിച്ചുകൊണ്ടിരുന്നു. മലബാർ ക്രൈസ്തവ സഭ സെലൂഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നുവെന്ന് റോമിന്നറിയാമായിരുന്നു. ഇവരെ പറ്റി കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിന് ഫ്രാൻസിസ്ക്കൻ സന്യാസിമാരെ മാർപാപ്പ ഇന്ത്യയിലേക്കയച്ചു. അങ്ങനയാണ് ജോർഡാനസ് കറ്റലാനി, മരിഞ്ഞൊളി മുതലായവർ വന്നത്. വാണിജ്യവും സുവിശേഷ പ്രചരണവും ഒരുപോലെ നടത്താൻ കഴിവുള്ള രാഷ്ട്രത്തിന് മാത്രമേ പൗരസ്ത്യ രാജ്യങ്ങളിൽ മതം പ്രചരിപ്പിക്കുന്നതിൽ വിജയം വരിക്കാൻ സാധിക്കുകയുള്ളൂവെന്ന് കണ്ടു. ഇതിന്റെ വെളിച്ചത്തിലാണ് സ്പെയിൻ പോർട്ടുഗൽ സമുദ്രയാത്രകളെ മാർപാപ്പമാർ പ്രോത്സാഹിപ്പിച്ചത്.**

**പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ യൂറോപ്യൻ ശക്തി രാഷ്ട്രങ്ങൾ സ്പെയിനും പോർട്ടുഗലുമായിരുന്നു. കത്തോലിക്കാ രാജ്യങ്ങളായ ഇവർ രണ്ടും തമ്മിലുണ്ടാകാവുന്ന മത്സരങ്ങൾ ഒഴിവാക്കാൻ മാർപാപ്പമാർ പലപ്പൊഴും രാഷ്ട്രീയ തർക്കങ്ങൾക്ക് മാദ്ധ്യസ്ഥം വഹിക്കാറുണ്ട്.**

**...... 1454 ജനുവരി 8 ന് നിക്കളാവൂസ് അഞ്ചാമൻ മാർപാപ്പ ആഫ്രിക്കയിലെ പശ്ചിമ തീരത്തുള്ള കേപ്പ് നോനി (Noni)ന് ഇന്ത്യാ ഭൂഖണ്ഡത്തിന് മദ്ധ്യേയുള്ള ഏതെങ്കിലും രാജ്യങ്ങൾ പോർട്ടുഗീസു രാജാവിന് ക്രിസ്തു മതം പ്രചരിപ്പിക്കാനുള്ള അധികാരാവകാശം അനുവദിച്ചു....... ഭാവിയിൽ ഈ രണ്ട് വൻ ശക്തികൾ തമ്മിൽ തങ്ങളുടെ അധീനതയിൽ ഉൾപ്പെടുത്താൻ സാധ്യതയുള്ള രാജ്യങ്ങളെ മേലുള്ള അധികാരാവകാശങ്ങളെ തടയുവാൻ സാങ്കൽപ്പികമായ അതിർത്തിരേഖ നിർദ്ദേശിച്ചു. .........ഈ സാങ്കൽപിക രേഖയുടെ പടിഞ്ഞാറുള്ള സ്ഥലങ്ങളിൽ തലേ വർഷത്തെ ക്രിസ്മസിന് മുമ്പ് കണ്ടുപിടിച്ച് എല്ലാ രാജ്യങ്ങളിലും ആധിപത്യം സ്ഥാപിച്ചില്ലെങ്കിൽ അത് ഫെർഡിനന്റ് രാജാവിന്റെയും ഇസബെല്ലാ രാജ്ഞിയുടെയും അവരുടെ പിൻഗാമികളുടെയും അധീനതയിലായിരിക്കുമെന്നും കിഴക്കുഭാഗത്തുള്ള രാജ്യങ്ങളിലെല്ലാം പോർട്ടുഗൽ രാജാവിന്റെ അധീനതയിലും.'**

(ഫാ.ജോൺ പള്ളത്ത് – പേർട്ടുഗൽ യുഗത്തിലെ ക്രൈസ്തവ സഭ. പേ. 50,51) അങ്ങനെ റോമൻ സഭക്ക് ക്രിസ്തുമതം പ്രചരിപ്പിക്കാനും യൂറോപ്പിലെ സാമ്രാജ്യത്വ കോഴ്മകൾക്ക് കോളനികൾ സ്ഥാപിക്കാനുമാണ് വാസ്ഗോഡിഗാമ കേരളത്തിലെത്തിയത്.

പോപ്പ് നിക്കോളസിന്റെ ഒരു പ്രഖ്യാപനം വഴിയാണ് മധ്യനൂറ്റാണ്ടിൽ ഭൂമിയിൽ ക്രൈസ്തവ നാവികശക്തികൾ കണ്ടെത്തുന്ന രാജ്യങ്ങൾ ക്രിസ്തു വിശ്വാസം പ്രചരിപ്പിക്കാനുള്ള അവകാശം നൽകുന്ന ഉടമ്പടികൾ റോമൻ സഭയും പോർട്ടുഗൽ ഗവർമെന്റും തമ്മിൽ നടത്തിയിരുന്നു. ഇതിനെയാണ് 'പദ്രുവാദൊ' സംവിധാനം എന്ന് പറയുന്നത്. ആ പദ്രുവാദോ സംവിധാനത്തിനു കീഴിൽ ദൈവ മാലാഖമാരുടെ പേരുകൾ നൽകിയ സാവോ ഗബ്രിയേൽ, സാവോ റാഫേൽ, സാവോ മിഖായേൽ എന്നീ മൂന്ന് കപ്പലുകളിലാണ് ലിസ്ബണിൽ ഖുർബാന നടത്തിയതിന് ശേഷം വാസ്ഗോഡ ഗാമ പുറപ്പെട്ടത്. പ്രെസ്റ്റർ ജോൺ എന്ന ഒരു ക്രിസ്തീയ രാജാവ് ഇന്ത്യയിലോ ചൈനയിലോ ഉണ്ടായിരുന്ന് എന്ന ഒരു സങ്കൽപ്പത്തിൽ ആ ക്രിസ്തീയ രാജാവിനെ തേടിയായിരുന്നു ഗാമയുടെ വരവ്. പോർട്ടുഗീസു നാവികർ മതപുരോഹിതന്മാരോടൊപ്പമാണ് ഇവിടെ കപ്പലിറങ്ങിയത്.

പോർട്ടുഗീസു ക്രിസ്ത്യാനികൾക്ക് തികച്ചും അപരിചിതമായ ആചാര വിശ്വാസങ്ങളോടുകൂടിയ മാർത്തോമാ നസ്റാണികളെയാണ് കേരളത്തിൽ കണ്ടത്. പാവങ്ങളും സൗമ്യശീലരുമായ നസ്റാണികളെ കോളോണിയൽ ശക്തരും ക്രൂരരുമായ പോർട്ടുഗീസുകാർ നിർബന്ധപൂർവ്വം ഇവിടുത്തെ ഭരണകോഴ്മകളെ സ്വാധീനിച്ചും ഭീഷണിപ്പെടുത്തിയും റോമൻ വത്ക്കരണത്തിന് വിധേയരാക്കുകയാണുണ്ടായത്. പതിനേഴാം നൂറ്റാണ്ടു വരെ ഒരേ വിശ്വാസവും ഒരേ സഭയുമായി കഴിഞ്ഞിരുന്ന തനത് നസ്റാണി ക്രൈസ്തവ സമൂഹം കേരളത്തിലെ പോർട്ടുഗൽ യുഗത്തിന് ശേഷം മലങ്കര ഓർത്തോഡക്സ് സുറിയാനി സഭ, യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ, സീറോ മലബാർ സഭ, സീറോ മലങ്കര കത്തോലിക്ക സഭ, കൽദായ സുറിയാനി സഭ, സ്വതന്ത്ര സുറിയാനി സഭ, മലങ്കര മാർത്തോമാ സുറിയാനി സഭ എന്നിങ്ങനെ നിരവധി വ്യത്യസ്ത സഭകളിലായി ചിതറിക്കിടക്കുകയാണ്. പോർട്ടുഗീസുകാരുടെ റോമൻ വത്ക്കരണത്തിന്റെ ആദ്യപടിയായി നടന്ന ഉദയംമ്പേരൂർ സൂനഹദോസിനെയും അതിൽ പുറപ്പെടുവിച്ച കാനോനകളെയും അവലോകനം ചെയ്ത് കൊണ്ട് ഡോ. സ്കറിയാ സ്ക്കറിയ എഴുതുന്നു.

**'പാശ്ചാത്യ കത്തോലിക്കാ മാതൃകയിലുള്ള ക്രൈസ്തവ സഭയായി പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ നസ്രാണികൾക്ക് നഷ്ടപ്പെട്ടത് പതിനഞ്ചു നൂറ്റാണ്ടുകൾക്കൊണ്ട് വികസിച്ചു വന്ന തനിമയാർന്ന കേരള ക്രൈസ്തവ പാരമ്പര്യമായിരുന്നു.' (ഉദയംമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ – ഡോ. സ്കറിയാ സ്ക്കറിയ പേ. 7)**

ഉദയംമ്പേരൂർ സൂനഹദോസിന്റെ കാനോനകളിലുടനീളം പോർട്ടുഗീസുകാർ പോലും കേരള ക്രിസ്ത്യാനികളെ മാർത്തോമാ നസ്റാണികൾ എന്നാണ് അഭിസംബോധന ചെയ്യുന്നത്. ഇന്ത്യയിലെ ഏറ്റവും പഴയ പത്രങ്ങളിലൊന്നായ മലയാളത്തിലെ ആദ്യത്തെ ദിനപത്രത്തിന്റെ പേര് **'നസ്രാണി ദീപിക'** എന്നാണ് 1887 ഏപ്രിൽ 15 ന് ആരംഭിച്ച പത്രം 1927 ൽ ദിനപത്രമായതോടെ ദീപിക എന്ന പേര് മാറ്റുകയാണ് ചെയ്തത്. നിധീരിക്കൽ മാണിക്കത്തനാർ എന്ന ക്രിസ്തീയ പുരോഹിതനാണ് പത്രം ആരംഭിച്ചത്. പോർട്ടുഗീസ് അധിനിവേശത്തിന്ന് ശേഷം കേരള ക്രൈസ്തവരുടെ ഇടയിൽ ഉടലെടുത്ത പഴയകൂർ പുത്തൻകൂർ വിഭാഗങ്ങളെ ഒന്നിപ്പിക്കാൻ രൂപം കൊണ്ട 'നസ്റാനി ജാതൈക്യ സംഘം' എന്ന സംഘടനയാണ് കോട്ടയത്തിന്നടുത്തുള്ള മന്നാനത്തെ സെന്റ് ജോസഫ് അച്ചടിശാലയിൽ തടികൊണ്ടുണ്ടാക്കിയ പ്രസ്സിൽ നിന്നും **'നസ്രാണി ദീപിക'** എന്ന വർത്തമാന പത്രം ആദ്യമായി പ്രസിദ്ധികരിച്ചത്.

ചുരുക്കത്തിൽ നമ്മുടെ കേരളത്തിൽ പ്രാക്തന വിശുദ്ധിയോടെ സമീപ ഭൂതകാലത്ത് വരെ നിലനിന്നിരുന്ന തനത് യഹൂദ പാരമ്പര്യത്തിന്റെ അവശേഷിപ്പുകൾ സൂക്ഷിക്കുന്ന കേരളീയ ക്രിസ്തീയ സമൂഹത്തിൽ നിന്നും മഹാനായ യേശുവിന്റെ അനുയായികൾക്ക് നൽകപ്പെട്ട നസ്റാണികൾ എന്ന പേരും അവരുടെ നസ്രാണിത്തരവും ഇപ്പോഴും നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. റോമൻ ക്രിസ്തീയ പ്രഭാവത്തിനടിമപ്പെട്ട് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നസ്രാണി സംസ്ക്കാരത്തെ സംരക്ഷിക്കാൻ കേരളക്രിസ്ത്യാനികൾ മുന്നോട്ടു വരേണ്ടതുണ്ട്.

---

**പേജ് 11 ൽ നിന്ന് തുടർച്ച**

തന്നെയാണ് എല്ലാ സൗരയൂഥ വ്യവസ്ഥക്കും ഗാലക്സികൾക്കും ഗാലക്സി വ്യൂഹങ്ങൾക്കും ബാധകമാവുന്നത്. സർവ്വവലയിതമായ ഈ നിയമത്തിൽ നിന്നും ഒരു കണികപോലും മുക്തമല്ല. ഒരു ഭ്രമണ വൃത്തങ്ങളിലൂടെയുള്ള ഗോളചലനങ്ങൾ മുതൽ തന്മാത്രയുടെയും ആറ്റത്തിന്റേയും ഉള്ളിലുള്ള ഏറ്റവും സൂക്ഷ്മമായ ലോകത്തേക്ക് വരെ ഒരാൾ ദൃഷ്ടി പായിക്കുകയാണെങ്കിൽ ഇതേ ഭ്രമണ ചലനം തന്നെയായിരിക്കും കാണാൻ സാധിക്കുക.

ഗോളങ്ങളുടെ ഭ്രമണവൃത്തത്തിലൂടെയുള്ള ചലനം ഗുരുത്വാകർഷണത്തിന്റെ എതിർബലവുമായി പൂർണ്ണമായും സംന്തുലനപ്പെടുത്തേണ്ടതുണ്ട്. ഗുരുത്വബലം ചലിച്ചുകൊണ്ടിരിക്കുന്ന ഗോളത്തെ നിരന്തരമായി ഭ്രമണ വൃത്തത്തിന്റെ കേന്ദ്രത്തിലേക്ക് വലിച്ചുകൊണ്ടിരിക്കും.

ഭാഗം – 41

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ജുമുഅ നമസ്ക്കാരത്തിന്നായി ഒരു നിവേദനം

1911 ഡിസംബർ 12–ാം തീയതി ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിയുടെ കിരീടധാരണ മഹോത്സവം ഇന്ത്യയുടെ തലസ്ഥാന നഗരിയായ ഡൽഹിയിൽ വച്ചു നടക്കുന്നതാണെന്നു ബ്രിട്ടീഷ് ഭരണകൂടം വിളംബരപ്പെടുതിയിട്ടുണ്ടായിരുന്നു. അതൊരു അസുലഭ മുഹൂർത്തമായി കരുതി മുസ്‌ലിംകൾക്കു ജുമുഅ നമസ്ക്കരിക്കാനായി രണ്ടു മണിക്കൂർ അവധി നൽകണമെന്ന ഒരു നിവേദനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തയ്യാറാക്കുകയും അതു ഇന്ത്യയുടെ വൈസ്രോയി മുഖേന ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിക്കു സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. നിവേദനത്തിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു.

ഇസ്‌ലാംമത വിശ്വാസികളെ സംബന്ധിച്ചിടത്തോളം വെള്ളിയാഴ്ച (ജുമുഅ) വളരെ പ്രധാനപ്പെട്ടതും അനുഗ്രഹീതവുമായ ഒരു ദിവസമാണ്. അതു മുസ്‌ലിംകളുടെ പെരുന്നാൾ ദിനമാണു. ഇസ്‌ലാമിൽ വെള്ളിയാഴ്ചകളിലെ ഈ പെരുന്നാൾ അനുഷ്ഠാനത്തെ കുറിച്ചു താക്കിത് ചെയ്തു കൽപിച്ചതു പോലെ വർഷത്തിൽ വരുന്ന മറ്റു രണ്ടു പ്രധാന പെരുന്നാളുകളുടെ കാര്യത്തിൽ പോലും അല്ലാഹു ഇത്രമാത്രം നിർബന്ധം കൽപിച്ചിട്ടില്ല. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്.വെള്ളിയാഴ്ചകളിലെ പെരുന്നാൾ ഒരു സാധാരണ പെരുന്നാളല്ല. ഈ പെരുന്നാളിനെ കുറിച്ചു ഖുർആനിൽ പ്രത്യേക കൽപനയുണ്ട്. ഖുർആൻ കൽപിക്കുന്നു.

يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ وَذَرُوا الْبَيْعَ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ

(വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്ക്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേയ്ക്കു നിങ്ങൾ ധൃതിപ്പെട്ടു പോവുകയും വ്യാപാരം നിർത്തി വയ്ക്കുകയും ചെയ്യുക. നിങ്ങൾ (കാര്യം) മനസ്സിലാക്കുന്നുവെങ്കിൽ അത് നിങ്ങൾക്കു ഗുണകരമാണ്. (ഖുർആൻ 62:10) ഈ ഒരു കാരണത്താൽ ഇസ്‌ലാമിന്റെ ആവിർഭാവത്തിനു ശേഷം ഇസ്‌ലാമിക രാജ്യങ്ങളിൽ വെള്ളിയാഴ്ച അവധി ദിവസമായി ആഘോഷിക്കപ്പെട്ടിരുന്നു. ഈ ഇന്ത്യാ രാജ്യത്തു പോലും എത്രയോ നൂറ്റാണ്ടുകളോളം വെള്ളിയാഴ്ച അവധി ദിനമായി ഗണിക്കപ്പെട്ടിരുന്നു. ജുമുഅ നമസ്ക്കാരം മറ്റു സാധാരണ നമസ്ക്കാരം പോലെ തനിച്ചു അനുഷ്ടിക്കാൻ മുകളിലെഴുതിയ ഖുർആൻ വചനം അനുവദിക്കുന്നില്ല എന്നതു തന്നേയാണു ഇതിന്റെ പ്രധാന കാരണം. ജുമുഅ ദിവസം പള്ളികളിൽ സന്നിഹിതനായി ഖുത്തുബ കേൾക്കലും ജമാഅത്തിനോടൊപ്പം നമസ്ക്കരിക്കലും നിർബന്ധമാണെന്നു കൽപിക്കപ്പെട്ടിരിക്കുന്നു.

ഗവർമ്മേണ്ട് സംവിധാനത്തിൽ ആഴ്ചയിൽ രണ്ടു നാൾ അവധി അനുവദിക്കാൻ സാദ്ധ്യമല്ലെന്ന കാര്യം വളരെ വ്യക്തമാണു. കാരണം ഞായറാഴ്ച എന്നത് കാലത്തിന്റെ ഭരണകർത്താക്കളുടെ മത താൽപര്യമനുനുസരിച്ചു അവധി ഒഴിച്ചു കൂടാനാവാത്തതാണ്. അതിനാൽ ഗവർമ്മേണ്ട് സംവിധാനത്തിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും പ്രതിബന്ധങ്ങളും സൃഷ്ടിക്കപ്പെടാത്ത രീതിയിൽ അതോടൊപ്പം മുസ്‌ലിംകൾക്കു ഈ കാര്യത്തിൽ പൂർണ സ്വാതന്ത്ര്യം നൽകുന്നതുമായ ഒരു പരിഹാരം ഗവർമ്മേണ്ടിനു മുന്നിൽ നിർദേശിക്കപ്പെടേണ്ടതാണ്. അതിനുള്ള ഏറ്റവും നല്ല എളുപ്പ മാർഗം വെള്ളിയാഴ്ച ദിവസം ജുമുഅ നമസ്ക്കാരവേളയിൽ എല്ലാ ഓഫീസുകൾക്കും കോടതികൾക്കും സ്കൂളുകൾക്കും കോളേജുകൾക്കും രണ്ടു

മണിക്കൂർ അവധി നൽകുക എന്ന താണ്. അതല്ലായെങ്കിൽ ഏറ്റവും ചുരുങ്ങിയത് ആ ഒരു സമയം മുസ്ലിം ജീവനക്കാർക്കും മുസ്ലിം വിദ്യാർഥികൾക്കും ജുമുഅ നമസ്ക്കരിക്കാൻ അനുവാദമുണ്ടായിരിക്കണം. അതു സംബന്ധമായി ഗവർമ്മേണ്ടിന്റെ നിർദേശമടങ്ങിയ സർകുലർ ബന്ധപ്പെട്ട എല്ലാ ഓഫീസുകൾക്കും കോടതികൾക്കും വിദ്യഭ്യാസ സ്ഥാപങ്ങൾക്കും നൽകേണ്ടതാണ്.

മുകളിൽ പറഞ്ഞ കാര്യത്തിനായി നാം ഒരു നിവേദനം തയ്യാറാക്കിയിട്ടുണ്ട്. അതു ഇന്ത്യയുടെ വൈസ്രോയിക്കു അയക്കുന്നതായിരിക്കും. എന്നാൽ ഇത് മുസ്ലിംകളുടെ പൊതുവായ കാര്യമായതു കൊണ്ട് വൈസ്രോയിക്കു അയക്കുന്നതിനു മുമ്പ് മുസ്ലിം പത്രങ്ങളേയും മുസ്ലിം സംഘടനകളേയും അഞ്ചുമനുകളേയും ഈ കാര്യം അറിയിക്കേണ്ടത് അത്യാവശ്യമാണ്. എങ്കിൽ അവർക്കും മുസ്ലിംകളുടെ മർമ പ്രധാനമായ ഈ ആവശ്യത്തെ കുറിച്ചുള്ള തങ്ങളുടെ അനുകൂലമായ അഭിപ്രായം ഒരു പ്രമേയത്തിലൂടെ (resolution) ഗവർമ്മേണ്ടിനു മുന്നിൽ വെളിപ്പെടുത്തുവാൻ സാധിക്കും. ആ കാര്യം ജോർജ്ജ് അഞ്ചാമന്റെ സ്ഥാനാരോഹണ ചടങ്ങിന്റെ സന്തോഷ വേളയിൽ നാം വൈസ്രോയിയുടെ സന്നിധിയിൽ സമർപ്പിക്കും.

ഈ അഭ്യർഥന നമ്മളാണു സർക്കാറിനു മുന്നിൽ സമർപ്പിക്കേണ്ടത് എന്ന ഒരു നിർബന്ധബുദ്ധിയും നമ്മൾക്കില്ല. അല്ലാഹു ഈ കാര്യത്തെ കുറിച്ചുള്ള ചിന്ത നമ്മുടെ ഹൃദയത്തിലിട്ടു അതു കൊണ്ട് നമ്മൾ സർക്കാറിനു സമർപ്പിക്കുന്നു എന്നു മാത്രം. ഈ ആവശ്യം ഞങ്ങളുടെ ഭാഗത്തു നിന്നു ഉന്നയിക്കപ്പെടുന്നു എന്ന ഒറ്റക്കാരണത്താൽ ഇതിനോടു അനുകൂലാഭിപ്രായം പ്രകടിപ്പിക്കാൻ വിമുഖത കാണിക്കുന്ന അഞ്ചുമനോ ജമാഅത്തോ ഉണ്ടെങ്കിൽ ഈ നിവേദനം ഞങ്ങൾ സർക്കാറിനു സമർപ്പിക്കുന്നില്ല എന്നു സന്തോഷപൂർവ്വം അവരെ അറിയിക്കുന്നു. അങ്ങനെയാണെങ്കിൽ നിങ്ങൾ ഈ കാര്യത്തിൽ വേണ്ട നടപടികൾ കൈകൊള്ളണമെന്ന ഒരു നിബന്ധന മാത്രമേ ഞങ്ങൾക്കുള്ളു എന്നു നൂറുദ്ദീൻ ഖലീഫത്തുൽ മസീഹ്. ഖാദിയാൻ, ഗുരുദാസ്പൂർ 01-07-1911

1896 ജനുവരി ഒന്നാം തിയ്യതി ഇതേ ആവശ്യത്തിന്നായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇന്ത്യടെ വൈസ്രോയിക്കു ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, ആ കാലത്തെ പണ്ഡിത വർഗത്തിന്റെ എതിർപ്പു മൂലം അത് അന്നു സ്വീകരിക്കപ്പെട്ടില്ല. എന്നാൽ ഇന്നു മുസ്ലിംകൾ എല്ലാവരും ഏക സ്വരത്തിൽ ഈ ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. അലിഗഡിലുള്ള സംഘടനകളും ചില മുസ്ലിം നേതാക്കളും ഇതു ആൾ ഇന്ത്യാ മുസ്ലിം ലീഗിന്റെ ഭാഗത്തു നിന്നു സമർപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ നല്ലതായിരുന്നുവെന്നു അഭിപ്രായപ്പെട്ടപ്പോൾ ഖലീഫത്തുൽ മസീഹ് പറഞ്ഞു വളരെ നല്ലത്. നിവേദനം ആര് സമർപ്പിച്ചാലും നമുക്കു കാര്യം നടക്കണമെന്നു മാത്രമേയുള്ളു. പിന്നീട് അത്തരത്തിൽ നിവേദനം സമർപ്പിക്കുകയും സർക്കാർ അതു സ്വീകരിക്കുകയും ചെയ്തു. എന്നാൽ വ്യസനകരമെന്നു പറയട്ടെ മുസ്ലികൾ ഈയൊരു ഇളവ് വേണ്ടവിധം പ്രയോജനപ്പെടുത്തുകയോ ജുമുഅ നമസ്ക്കരിക്കുവാനായി മുസ്ലിംകളിൽ വലിയൊരു ഭാഗം പള്ളികളിൽ പോവുകയോ ചെയ്യുന്നില്ല.

## സാഹിബ് സാദാ സാഹിബിനു ഇമാമത്തിനുള്ള നിർദേശം

1910 ൽ ഹുദൂറിനുഅപകടം പറ്റിയശേഷം 1911 ന്റെ ആരംഭം മുതൽ തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ നിർദേശമനുസരിച്ചു ഹദ്റത്ത് മിയാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബ് മസ്ജിദ് മുബാറക്കിൽ സാധാരണ നമസ്ക്കാരങ്ങൾക്കും മസ്ജിദ് അഖ്സയിൽ ജുമുഅ ഖുത്തുബയ്ക്കും നേതൃത്വം (ഇമാമത്ത്) നൽകാറുണ്ടായിരുന്നു. ആ അവസരത്തിൽ ഹുദൂർ വെള്ളിയാഴ്ചകളിൽ ജുമുഅ നമസ്ക്കരിക്കുവാനായി മസ്ജിദ് അഖ്സയിൽ പോകാറുമുണ്ടായിരുന്നു. 1911 സപ്റ്റംബർ 26-ാം തിയ്യതി ഈദ് ഖുത്തുബ നിർവഹിക്കുവാനും സാഹിബ് സാദാ സാഹിബിനെ തന്നേയാണു ഹുദൂർ ഭരമേൽപിച്ചത്. അന്നു ഹുദൂറും പള്ളിയിൽ സന്നിഹിതനായിരുന്നു. ഖുത്തുബ വളരെ ഉൽകൃഷ്ടവും പുതുമ നിറഞ്ഞതും വിജ്ഞാനപ്രദവുമായിരുന്നു.

## അല്ലാഹു തന്നേയാണു എന്റെ അന്നദാതാവ് (റാസിഖ്)

ഈദ് ഖുത്തുബയ്ക്കു ശേഷം എഴുന്നേറ്റു നിൽക്കാൻ പ്രയാസമുണ്ടായിട്ടും ഹുദൂർ തന്റെ ഊന്നുവടിയുടെ സഹായത്തോടെ എഴുന്നേറ്റു നിന്നുകൊണ്ട് സഹോദരന്മാരെ അഭിസംബോധന ചെയ്തു ഇങ്ങനെ സംസാരിക്കാൻ തുടങ്ങി. ബലഹീനത നിമിത്തം ഹുദൂറിന്റെ ശബ്ദം പതിഞ്ഞിട്ടാണുണ്ടായിരുന്നത് ഹുദൂർ പറഞ്ഞു എന്റെ എല്ലാ തവക്കുലും അല്ലാഹുവിൽ മാത്രമാണു. അതിനാൽ ഒരിക്കലും എനിക്കു ഒരു കാര്യത്തിലും ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. അതു ഭക്ഷണമാകട്ടെ പണമാകട്ടെ വസ്ത്രമാകട്ടെ മറ്റെന്തെങ്കിലുമാകട്ടെ. എന്റെ ആവശ്യം മനസ്സിലാക്കി അവനെനിക്കു എല്ലാം നൽകാറുണ്ട്. ഒരു കണക്കിൽ പറഞ്ഞാൽ അവനാണെന്റെ ഖജാൻജി. ഞാൻ മദീനയിലായിരുന്ന അവസരത്തിൽ ഒരിക്കൽ എന്റെ കൈയിൽ ഒന്നും ഉണ്ടായിരുന്നില്ല. രാത്രി ഭക്ഷണം എന്തു കഴിക്കും എന്ന ചിന്തയായിരുന്നു. സമയമായപ്പോൾ വുസു എടുത്തു ഇശാ നമസ്ക്കാരത്തിനായി ഞാൻ പള്ളിയിലേയ്ക്കു നടന്നു. വഴിയിൽ ഒരു പോലീസ് ഓഫീസർ എന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു താങ്കളെ ഞങ്ങളുടെ ഓഫീസർ

വിളിക്കുന്നു. ഞാൻ പറഞ്ഞു ബാങ്ക് കൊടുത്തിരിക്കുന്നു. ഞാൻ പള്ളിയിലേയ്ക്കു പോവുകയാണ്. അദ്ദേഹം പറഞ്ഞു അതൊന്നും എനിക്കറിയില്ല. ഞാനൊരു പോലീസുകാരനാണ്. ആജ്ഞാനുവർത്തിയാണ്. അതുകൊണ്ട് എന്നോടൊപ്പം വരിക. അല്ലാത്തപക്ഷം ഞാൻ താങ്കളെ കൊണ്ടു പോവുക തന്നെ ചെയ്യും. അതു കേട്ടപ്പോൾ ഞാനയാളെ അനുഗമിച്ചു. അയാളെന്നെ വലിയൊരു വീട്ടിലേയ്ക്കു ആനയിച്ചു. അവിടെ ഒരു ഓഫീസർ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുന്നിൽ വലിയൊരു തളികയിൽ ജിലേബിയും ഇരിപ്പുണ്ട്.

അദ്ദേഹം എന്നോടു ചോദിച്ചു ഇതെന്താണു? ഞാൻ പറഞ്ഞു എന്റെ നാട്ടിൽ ഇതിനെ ജിലേബി എന്നു വിളിക്കുന്നു. അദ്ദേഹം പറഞ്ഞു ഞാനിതിനെ കുറിച്ചു ഒരു ഇന്ത്യക്കാരനിൽ നിന്നാണു അറിഞ്ഞത് അങ്ങനെ ഞാൻ ഒരാളെ കൊണ്ട് ജിലേബി ഉണ്ടാക്കിച്ചു. തയ്യാറായപ്പോൾ ഇത് ആദ്യം ഒരു ഇന്ത്യക്കാരനു തന്നെ നൽകാമെന്നു തീരുമാനിച്ചു. അങ്ങനെയാണു ഞാൻ താങ്കളെ കുറിച്ചോർത്തത്. അതുകൊണ്ട് താങ്കൾ തിന്നാൻ തുടങ്ങിക്കോളൂ. ഞാൻ പറഞ്ഞു പള്ളിയിൽ ബാങ്ക് കൊടുത്തിരിക്കുന്നു. നമസ്ക്കാര ശേഷം ഞാൻ വരാം. അദ്ദേഹം പറഞ്ഞു ബാങ്ക് കൊടുത്തതേയുള്ളു ഇനിയും സമയമുണ്ട്. അങ്ങനെ ഞാനവിടെയിരുന്നു വയറു നിറയെ ജിലേബി തിന്നു. പിന്നീട് നമസ്ക്കാര സമയമായപ്പോൾ ഞാൻ പള്ളിയിലേയ്ക്കു പോയി.

ഈ സംഭവത്തിന്റെ പിറ്റേ ദിവസം എന്റെ താമസസ്ഥലത്തു ഞാനെന്റെ പുസ്തക സഞ്ചി തട്ടിക്കുടഞ്ഞു വൃത്തിയാക്കുകയായിരുന്നു. പെട്ടെന്നാണു പുസ്തകങ്ങൾക്കുള്ളിൽ നിന്നും ഒരു പൗണ്ട് തെറിച്ചു വീണത്. ഞാനൊരിക്കലും തന്നെ അന്യരുടെ പണം ശ്രദ്ധിക്കുകയോ എടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ സ്ഥലത്ത് എത്രയോ നാളുകളായി ഞാനല്ലാതെ മറ്റൊരാൾ തങ്ങിയിട്ടില്ല. ഇവിടെ ആരും വന്നിട്ടുമില്ല. അതിനാൽ ഇതു എനിക്കുള്ള ദൈവിക ഉപഹാരമായി കരുതി ഞാനാ പൗണ്ടെടുത്തു. അല്ലാഹുവിനെ സ്തുതിച്ചു. ആ ഒരു പൗണ്ട് അടുത്ത ഏതാനും ദിവസങ്ങളിലെ ചെലവിനായി മതിയായതായിരുന്നു.

ഒരിക്കൽ ഹുദൂർ തന്റെ ഏതോ ഒരു ജോലിയിൽ വ്യാപൃതനായിരുന്നു. അതു പൂർത്തിയാക്കാനുള്ള ചിന്തയിൽ സമയം പോയതറിഞ്ഞില്ല. രാത്രി ഏറെ വൈകി. വീട്ടിൽ തിരിച്ചെത്തിയപ്പോഴാണു കഴിക്കാൻ ഒന്നുമില്ലെന്നു മനസ്സിലായത്. എന്തു ചെയ്യുമെന്നു ആലോചിച്ചിക്കുമ്പോഴാണു പുറത്തു ആരോ വാതിലിൽ മുട്ടുന്നതു കേട്ടത്. ആരാണെന്നു ചോദിച്ചപ്പോൾ മിർസാ മുഹമ്മദ് ഇസ്മായീൽ ആണെന്നു മറുപടി വന്നു. രാത്രി ഇത്ര വൈകിയെന്താ കാര്യമെന്നു ചോദിച്ചു കൊണ്ട് ഹുദൂർ വാതിൽ തുറന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു ഞാനിന്നു പാലു കൊണ്ടൊരു വിഭവം ഉണ്ടാക്കിയിരുന്നു. നോക്കിയപ്പോൾ വളരെ നന്നായിട്ടുണ്ട്. അതിനാൽ കുറച്ചു ഹുദൂറിന്റെ സന്നിദ്ധിയിലും സമർപിക്കാമെന്നു കരുതി. പക്ഷേ, ഹുദൂർ ജോലിയിൽ വ്യാപൃതനായതു കാരണം എനിക്കു സമയത്തു കൊണ്ടുത്തരാൻ പറ്റിയില്ല. ഇശാ നമസ്ക്കാര ശേഷം ഞാനൊന്നു മയങ്ങിപ്പോയി. മയക്കത്തിൽ നിന്നും ഉണർന്ന ഉടനെ അതുമായി വന്നതാണ്. ഹുദൂർ അതു അയാളോടു വാങ്ങി എന്നിട്ടു വീട്ടുകാരേയും വിളിച്ചു കൊണ്ടു പറഞ്ഞു നിങ്ങളും കഴിച്ചോളൂ. കാരണം ഇത് അല്ലാഹു അയച്ചതാണ്.

## കടബാദ്ധ്യതയിൽ നിന്നും രക്ഷനേടാനുള്ള മാർഗം

ഒരിക്കലൊരാൾ ഹുദൂറിന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു ഹുദൂർ ഞാൻ നാലായിരം രൂപ കടക്കാരനാണു. എനിക്കു വേണ്ടി ദുആ ചെയ്യണം. ഹുദൂർ പറഞ്ഞു ഇതിനു മൂന്നു പരിഹാര മാർഗങ്ങളാണുള്ളത്. ഒന്നു കൂടുതലായി ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുക. രണ്ട്. അമിതവ്യയം പാടേ ഉപേക്ഷിക്കുക. മൂന്നു. ഒരു പൈസയായാലും അതു മിച്ചം വയ്ച്ചു ഒരു തുകയായാൽ അതു കടക്കാരനു നൽകി തന്റെ കടത്തിലേയ്ക്കു വരവു വയ്ക്കാൻ പറയുക. എന്നിട്ടു ഹുദൂർ അഞ്ചു രൂപ അദ്ദേഹത്തിനു നൽകിക്കൊണ്ട് പറഞ്ഞു കൈയിൽ ബാക്കി വരുന്ന ഏതു സംഖ്യയും ഇതോടൊപ്പം ചേർത്തു ഒരു നൂറു രൂപയാൽ കടക്കാരനു നൽകുക. അദ്ദേഹം പറയുകയാണു. ഞാൻ ഹുദൂർ ഉപദേശിച്ചതു പോലെ തന്നെ പ്രവർത്തിച്ചു. ധാരാളമായി ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരുന്നു. ചെലവുകൾ വളരെ ചുരുക്കി. മിച്ചംവരുന്ന ചെറിയ തുക പോലും ഞാൻ കടക്കാരനു നൽകി. അത്തരത്തിൽ നാലായിരം രൂപയുടെ കടം എനിക്കു രണ്ടു വർഷം കൊണ്ട് തന്നെ വീട്ടാൻ സാധിച്ചു.

## തിന്മയിൽ നിന്നും അനാവശ്യ വിവാദങ്ങളിൽ നിന്നും വിട്ടു നിൽക്കുക

ഹുദൂർ പറയുന്നു മനുഷ്യൻ പൊതുവിൽ തിന്മയിലേയ്ക്കു ആകൃഷ്ടനാകുന്നവനാണു. പക്ഷേ, അല്ലാഹു തന്റെ കാരുണ്യമാകുന്ന സിഫത്തു കാരണം അതവന്റെ ആ തിന്മ വെളിപ്പെടുത്താതെ മറച്ചു വയ്ക്കുന്നു. ഇവൻ തലേ ദിവസം രാത്രി ഇത്തരത്തിൽ തിന്മ പ്രവർത്തിച്ചവനാണെന്നു അല്ലാഹു അവന്റെ നെറ്റിയിൽ എഴുതി വയ്ക്കുന്നില്ല. ഇതു അല്ലാഹുവിന്റെ കാരുണ്യമാണ്. അല്ലാഹുവിന്റെ ഈ സിഫത്തിനെ(ഗുണം) മനുഷ്യർ പ്രയോജനപ്പെടുത്തി തിന്മയിൽ നിന്നും വിട്ടു നിൽക്കുകയാണു വേണ്ടത്. അതോടൊപ്പം അല്ലാഹുവിനെകുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കുകയും എപ്പോഴും അല്ലാഹുവിനെ കുറിച്ചുള്ള ചിന്ത തന്റെ മനസ്സിലും ഹൃദയത്തിലും കുടിയി

രുത്തുകയും ചെയ്യേണ്ടതാണ്. അല്ലാഹു എല്ലാം കാണുന്നവനാണെന്നും അവൻ എല്ലം അറിയുന്നവനാണെന്നും അവനിൽ നിന്നു ഒന്നും മറഞ്ഞിരിക്കുന്നില്ലെന്നുമുള്ള ദൃഢബോധം മനുഷ്യൻ ഉണ്ടാക്കിയെടുത്താൽ അവനു തിന്മയിൽ നിന്നും രക്ഷപ്പെടാനാകും.

ചിലർ അനാവശ്യ വിവാദങ്ങൾ സൃഷ്ടിക്കുന്നവരാണ്. ഉദാഹരണമായി റസൂൽ തിരുമേനിയുടെ മാതാപിതാക്കൾ മുസ്ലിമായിരുന്നോ കാഫിറയിരുന്നോ? എന്നൊക്കെ ചോദിക്കും. ഇതൊക്കെ അർഥശൂന്യവും അസംബന്ധം നിറഞ്ഞതുമായ ചോദ്യങ്ങളും ചിന്താഗതികളുമാണ്. ഹദ്റത്ത് റസൂൽ കരീമി(സ)ന്റെ കാലഘട്ടം ജ്വലിച്ചു നിൽക്കുന്ന സൂര്യപ്രകാശമുള്ള കാലഘട്ടമായിരുന്നു. ആ സൂര്യൻ എല്ലായിടവും പ്രകാശപൂരിതമാക്കി. എന്നാൽ തിരുമേനിക്കു മുമ്പുള്ള കാലം അന്ധകാരം നിറഞ്ഞതായിരുന്നു. ആ കാലഘട്ടത്തിലെ ജനങ്ങളെ ഇസ്‌ലാമിന്റേയും കുഫ്റിന്റേയും വൃത്തത്തിൽ കൊണ്ടുവരാൻ പറ്റുമോ? അവർ കൂരിരുട്ടിലായിരുന്നു വസിച്ചിരുന്നത്. എന്നാൽ ഒരു പരിഷ്കർത്താവ് വന്നുകൊണ്ട് അശ്രദ്ധയിലും അനുസരണക്കേടിലുമുള്ള ജനങ്ങളെ ഉണർത്തുകയും ജാഗ്രതപ്പെടുത്തുകയും ചെയ്തിട്ടും അദ്ദേഹത്തെ നിഷേധിച്ചവരാണ് പാപികളും കുറ്റവാളികളും. ഹുദൂർ തുടർന്നു പറയുകയാണ്

ഇതുപോലെവേറെയും അനാവശ്യ ചോദ്യങ്ങൾ ചോദിക്കുന്നവരുമുണ്ട്. അല്ലാഹുവിന്റെ രൂപമെങ്ങനെയാണെന്നു പറഞ്ഞു തരാമോയെന്നു ഒരിക്കൽ ഒരാൾ എന്നോടു ചോദിക്കുകയുണ്ടായി. ഞാൻ ചോദിച്ചു ഏതാനും നിമിഷ നേരംകൊണ്ട് ലോകം മുഴുവനും ചുറ്റിക്കറങ്ങി വരുന്ന നിങ്ങളുടെ ചിന്താശക്തിയുണ്ടല്ലോ അതെവിടെയാണു കുടിയിരിക്കുന്നത്. കാലഘട്ടം എവിടെയാണു കുടിയിരിക്കുന്നത്. ഇത്തരത്തിലുള്ള ധാരാളം സൃഷ്ടികളെ നമുക്കു ചൂണ്ടിക്കാണിക്കാൻ പറ്റും. അതിനൊന്നും തന്നെ ഒരു പ്രത്യേക സ്ഥലമോ രൂപമോ ഒന്നും തന്നെ നിശ്ചയിക്കപ്പെട്ടിട്ടില്ല. പിന്നെ അല്ലാഹു, അവൻ അല്ലാഹുവാണു. സർവശക്തനാണു. അവനു രൂപമോ അവന്റേതായ പ്രത്യേക സങ്കേതമോ ഇല്ല. ആ നിലയ്ക്കു അല്ലാഹുവിനെ കുറിച്ചു ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുന്നത് അസംബന്ധമാണ്.

## ഖബർ സന്ദർശനം കൊണ്ടുള്ള പ്രയോജനം

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അവ്വൽ (റ) അരുൾ ചെയ്യുകയാണ്. ഖബർ സന്ദർശനം കൊണ്ട് നബി കരീം (സ) ഉദ്ദേശിച്ചിരുന്നത് മൂന്നു കാര്യങ്ങളാണു. ഒന്നു മനുഷ്യൻ അതിലൂടെ എന്നും മരണത്തെ ഓർക്കും. രണ്ടാമതായി പാപപ്പൊറുതിക്കായി ദുആ ചെയ്യുവാനുള്ള ചിന്ത ഉണ്ടാകും. മൂന്നാമതായി മരിച്ചു ഖബറിൽ കിടക്കുന്നവരുടെ പാപപ്പൊറുതിക്കായി ദുആ ചെയ്യുവാനുള്ള അവസരം ലഭിക്കും. ഖബറിൽ കിടക്കുന്നവരോടു തങ്ങളുടെ ആവശ്യങ്ങൾ പറഞ്ഞു അവരോടു ചോദിക്കുന്നത് ഏറ്റവും കൊടിയ പാപമാണു. അല്ലാഹുവിനോടല്ലാതെ അവന്റെ സൃഷ്ടികളുടെ മുന്നിൽ കൈ നീട്ടരുത്. അവരോടു ഒന്നും ആവശ്യപ്പെടുകയുമരുത്. നോക്കു, ഹദ്റത്ത് മസീഹ് മൗഊദിനോടു നമുക്ക് എന്തെന്നില്ലാത്ത സ്നേഹവും പ്രതിപത്തിയുമായിരുന്നു. നാം നമ്മുടെ ജീവനും സർവസ്വവും അദ്ദേഹത്തിനു മുന്നിൽ ബലിദാനം ചെയ്യാൻ സദാ സന്നദ്ധനായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഖബറിനു മുന്നിൽ പോയി ഞാൻ ഒരിക്കലും എന്തെങ്കിലും ഉദ്ദേശത്തോടെ ദുആ ചെയ്തിട്ടില്ല അങ്ങനെ ചെയ്യുന്നത് അനുവദനീയവുമല്ല. അതു ഏറ്റവും വലിയ പാപങ്ങളിൽ ഒന്നാണു. അതു ശിർക്കാണ്.അത്തരം കാര്യങ്ങളിൽ നിന്നും അല്ലാഹു രക്ഷിക്കുമാറാകട്ടെ.

1911 ലെ ജലസയിൽ ചെയ്ത പ്രസംഗത്തിൽ ഹുദൂർ പറയുകയാണു. അല്ലാഹുവിനോടുള്ള തഖ്‌വാ എന്നു പറഞ്ഞാൽ എന്താണു? യഥാർഥത്തിലുള്ള വിശ്വാസം ഉണ്ടായിരിക്കുക, ആ വിശ്വാസമനുസരിച്ചുള്ള സൽകർമങ്ങൾ അനുഷ്ടിക്കുക. അത്തരത്തിലുള്ള തഖ്‌വ കൈകൊള്ളുന്നതിലൂടെ മനുഷ്യൻ എല്ലാവിധ ദു:ഖങ്ങളിൽ നിന്നും രക്ഷനേടുകയും അവനു എല്ലാ കാര്യങ്ങളിലും ശാന്തിയും സമാധാനവും കൈവരികയും ചെയ്യുന്നു. മുത്തഖി എപ്പോഴും അല്ലാഹുവിനു പ്രിയപ്പെട്ടവരായിരിക്കും. അവനു എല്ലാവിധ കഷ്ടപ്പാടിൽ നിന്നും മോചനം ലഭിക്കും. അല്ലാഹു വാഗ്ദാനം ചെയ്തതു പോലെ

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

അവനു ലഭിക്കും. (അവൻ ഉദ്ദേശിക്കാത്ത ഭാഗത്തു കൂടി അല്ലാഹു അവനു ഉപജീവനം നൽകുകയും ചെയ്യും. ഖുർആൻ 65:4) മുത്തഖീങ്ങളുടെ ദുആകൾ കൂടുതലായി അല്ലാഹു സ്വീകരിക്കുന്നു. മുത്തഖീങ്ങൾ ക്കെതിരിൽ വരുന്ന ശത്രുക്കൾ നശിപ്പിക്കപ്പെടുന്നു. മുത്തഖീങ്ങളുടെ മേൽ ദൈവിക ജ്ഞാനം തുറക്കപ്പെടുന്നു. അതിനാൽ എന്റെ പ്രഥമ ഉപദേശം നിങ്ങൾ മുത്തഖീങ്ങൾ ആയിത്തീരുവിൻ എന്നാണ്. അല്ലാഹുവിനായി നിങ്ങൾ തഖ്‌വ കൈകൊള്ളുകയും അവനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ പര്യവസാനം ആ അനുസരണത്തിലായിരിക്കണം. അനുസരണത്തിലൂടെ അസാധാരണമായ അനുഗ്രഹങ്ങ ളാണു കൈവരുന്നത്. നമ്മുടെ അബുൽ അംമ്പിയാ (പ്രവാചകരുടെ പിതാവ്) യെന്നു വിശേഷിപ്പിക്കപ്പെടുന്ന ഹദ്റത്ത് ഇബ്രാഹീം നബി (അ) നു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും കാരണം ഈ അനുസരണം തന്നേയായിരുന്നു. ഖുർആൻ പറയുന്നു

إِذْ قَالَ لَهُ رَبُّهُ أَسْلِمْ قَالَ أَسْلَمْتُ لِرَبِّ الْعَالَمِينَ

(അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹ

ത്തോടു കീഴ്പ്പെടുക എന്നു പറഞ്ഞപ്പോൾ,സർവ ലോക നാഥനു ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നുവെന്നു അദ്ദേഹം പറഞ്ഞു. ഖുർആൻ 2:132) അതിനാൽ സ്വർഗീയാനുഗ്രഹങ്ങൾ പ്രതീക്ഷിക്കുന്നുവെങ്കിൽ നിങ്ങളും മുത്തഖിങ്ങളായി ത്തീരുവിൻ. നിങ്ങളുടെ മരണം ഇസ്‌ലാമിൽ തന്നെയായിരിക്കട്ടെ.

പിന്നീട് ഹുദൂർ പറഞ്ഞു

وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا

(നിങ്ങളെല്ലാവരും ഒത്തു ചേർന്നു അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. ഖുർആൻ 3:104) നോക്കൂ നിങ്ങൾ ഭിന്നിച്ചാൽ അതിന്റെ ഫലമായി എന്താണു സംഭവിക്കുക. ഹബ്ലുല്ലാഹ് ( حَبْلُ اللّٰه ) നിങ്ങൾക്കു നഷ്ടപ്പെടും അതോടുകൂടി നിങ്ങൾ ബലഹീനരായിത്തീരും അല്ലാഹു അരുൾ ചെയ്യുന്നു

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ

(അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. ഖുർആൻ 8:47) അങ്ങനെയായൽ നിങ്ങളുടെ ശക്തി മുഴുവനും ചോർന്നു പോകും. അതോടെ ശത്രുക്കൾ നിങ്ങളെ അധീനപ്പെടുത്തുകയും ചെയ്യും.

## വികാരനിർഭരമായ ഒരു ഉപദേശം

അതിനു ശേഷം ജമാഅത്തിൽ നടന്നു കൊണ്ടിരിക്കുന്ന അഞ്ചുമൻ വാദികളുടെ ആക്ഷേപത്തിനു മറുപടിയായി പറഞ്ഞു. നോക്കൂ ഞാൻ ഖലീഫത്തുൽ മസീഹ് ആണ്. അല്ലാഹുവാണു ആ സ്ഥാനത്തെന്നെ ഇരുത്തിയിരിക്കുന്നത്. അത്തരത്തിലൊരു സ്ഥാനം ഞാൻ ഒരിക്കലും മോഹിക്കുകയോ ഇഛിക്കുകയോ ചെയ്തിട്ടില്ല. അല്ലാഹുയെന്നെ ഖിലാഫതെന്ന ഈ മേലങ്കി അണിയിച്ച സ്ഥിതിക്കു ഭിന്നിപ്പുകളിലേയ്ക്കും കലഹങ്ങളിലേയ്ക്കും നയിക്കുന്ന നിങ്ങളുടെ അഭിപ്രായ വ്യത്യാസങ്ങൾ ഒന്നും തന്നെ ഞാൻ അൽപം പോലും ഇഷ്ടപ്പെടുന്നില്ല. ഇത്തരം വില കുറഞ്ഞ അഭിപ്രായ വ്യത്യാസങ്ങൾക്കു തടയിടാൻ തന്നേയാണു ഞാൻ വിചാരിക്കുന്നത്.

നമ്മുടെ സമുദായത്തിൽ ഉണ്ടാകുന്ന ഭിന്നിപ്പിന്റെ ചെറിയ സ്വരം പോലും എന്റെ ഹൃദയത്തിൽ എത്ര വലിയ ആഘാതമാണു സൃഷ്ടിക്കുന്നതെന്നു നിങ്ങൾക്കറിയാമോ? ആ വേദനയും ആധിയും നിങ്ങൾക്കപരിചിതമാണ്. ഞാനനുഭവിക്കുന്ന ആ വേദനയുടെ ചിന്ത പോലും നിങ്ങൾക്കില്ല. ഇനി ഞാൻ നിങ്ങൾക്കിടയിലുള്ള ഈ ഭിന്നിപ്പിനെ കുറിച്ചും കലഹത്തെ സംബന്ധിച്ചും ഒന്നും ശ്രദ്ധിക്കാതെ ആ ഭാഗത്തേയ്ക്കു ചെവി കൊടുക്കാതെ وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا എന്ന അല്ലാഹുവിന്റെ നിർദേശം നിങ്ങൾ അനുസരിക്കുന്നുണ്ടോ എന്നു പരിശോധിക്കാനാണ് ഞാൻ വിചാരിക്കുന്നത്. ഞാൻ വീണ്ടും നിങ്ങളോടു പറയട്ടെ, കേൾക്കുന്നവർ കേട്ടു കൊൾക. മറ്റുള്ളവർക്കു എത്തിക്കുകയും ചെയ്യുക.

നിങ്ങൾ കലഹിക്കരുത്. ഞാൻ മരിച്ചാൽ കലഹിക്കാനുള്ള അവസരങ്ങൾ നിങ്ങൾക്കേറെ ഉണ്ടാവാം. ഞാൻ ഹദ്റത്ത് അബൂബക്കറിനെ പോലെ വളരെ എളുപ്പത്തിൽ ഖലീഫയായെന്നു നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങൾ യാഥാർഥ്യത്തെ വേണ്ട വിധം മനസ്സിലാക്കുന്നില്ല. അതിനു പിറകിലെ വേദന നിങ്ങൾ അറിയുന്നില്ല. എന്റെ മേൽ ചുമത്തപ്പെട്ട ഭാരത്തെ നിങ്ങൾ കാണുന്നില്ല. എനിക്കതു ചുമക്കാൻ സാധിച്ചു എന്നതു അല്ലാഹുവിന്റെ അനുഗ്രഹമാണ്. നിങ്ങൾക്കതു ചുമക്കാൻ പോയിട്ടു ഊഹിക്കാൻ പോലും സാധ്യമല്ല. ലക്ഷക്കണക്കിനു ആളുകളുമായി ബന്ധമുള്ള ഒരാൾക്കു സമാധാനത്തോടെ എങ്ങനെ ഉറങ്ങാൻ സാധിക്കാനാണ്.

## ഖിലാഫത്തിന്റെ പ്രാധാന്യവും ആവശ്യകതയും

പിന്നീട് ഖിലാഫത്തിനെ കുറിച്ചു വിവരിച്ചു കൊണ്ട് ഹുദൂർ പറഞ്ഞുഈ പള്ളിയിൽ ഖുർആൻ കയ്യിലെടുത്തു അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് ഞാൻ പറയട്ടെ എനിക്കു പീർ (ആത്മീയ ഗുരു) ആകണമെന്ന ആഗ്രഹമോ നേതൃസ്ഥാനം ലഭിക്കണമെന്ന അഭിലാഷമോ ഇല്ല, ഒരിക്കലും ഇല്ല. അശേഷം ഉണ്ടായിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ ഇച്ഛയും തീരുമാനവും ആരാണു അറിയുന്നത്. അവൻ അവന്റെ ഇഷ്ടമനുസരിച്ചു ചെയ്തു. നിങ്ങളെയെല്ലാവരേയും പിടിച്ചു എന്റെ കയ്യിൽ ഒരുമിച്ചു കൂട്ടി. ആ അല്ലാഹുവിനെ ആദരിക്കലും അനുസരിക്കലും എന്റെ കർത്തവ്യമായി ഞാൻ കരുതുന്നു. ഞാൻ നിങ്ങളുടെ ധനം ആഗ്രഹിക്കുന്നവനോ നിങ്ങളുടെ ഇംഗിതത്തിനു വഴങ്ങുന്നവനോ അല്ല. നിങ്ങളിൽ ആരെനിക്കു സലാം ചൊല്ലുന്നു ആര് ചൊല്ലുന്നില്ല എന്ന കാര്യം പോലും ഞാൻ ശ്രദ്ധിക്കാറില്ല, അതൊട്ടു ആഗ്രഹിക്കുന്നുമില്ല. നിങ്ങളിൽ ചിലർ കാണിക്കയായി നൽകിയിരുന്ന പണം പോലും ഞാൻ മൗലവി മുഹമ്മദ് അലിക്കു നൽകാറായിരുന്നു പതിവ്. എന്നാൽ അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതിന്റെ ഫലമായി ഇതു ഞങ്ങളുടെ അവകാശമാണെന്നും ഞങ്ങളാണിതിന്റെ സൂക്ഷിപ്പുകാരെന്നും അവകാശപ്പെ ടാൻ തുടങ്ങിയപ്പോൾ ഞാനതു നിർത്തി. ഇത്തരത്തിൽ തെറ്റായ ഉപദേശം നൽകിയത് ആരായാലും അവർ തൗബ ചെയ്യേണ്ടതാണ്. അവർ തൗബ ചെയ്തില്ലെങ്കിൽ അതവർക്കു നല്ലതായിരിക്കുകയില്ല. ഞാനാപണം മറ്റൊരു ഇനത്തിൽ പെടുത്തി അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ട് അതു ചെലവഴിക്കുന്നു. എനിക്കോ എന്റെ ബന്ധുക്കൾക്കോ ആശ്രിതർക്കോ നിങ്ങളുടെ ഒരു ചില്ലിക്കാശു പോലും ആവശ്യമില്ല. എന്നെ

അല്ലാഹു ഒരിക്കലും ആരുടേയും ആശ്രിതനാക്കിയിട്ടില്ല. അവൻ തന്റെ അദൃശ്യ ഖജനാവിൽ നിന്നും എനിക്കു ആവശ്യമായത് നൽകുന്നുണ്ട്. ഓർത്തു കൊള്ളുവിൻ ഞാൻ വീണ്ടും പറയട്ടെ, ഞാൻ നിങ്ങളുടെ പണമോ സഹായമോ ആശ്രയിക്കുന്നവനല്ല . അല്ലാഹു അവന്റെ ഇഷ്ടമനുസരിച്ചാണു പ്രവർത്തിക്കുന്നത്. അതിനെതിരിൽ നിങ്ങൾക്കോ മറ്റാർക്കെങ്കിലുമോ വല്ലതും ചെയ്യാൻ സാധിക്കുമോ? എങ്കിൽ ചെയ്തോളൂ.

നല്ലവണ്ണം ഓർത്തു കൊള്ളുക. നിങ്ങൾ ആഗ്രഹിക്കുന്നതു പോലെ നിങ്ങൾക്കെന്നെ സ്ഥാന ഭ്രഷ്ട നാക്കാനാവുകയില്ല. എന്നിൽ ന്യൂനതകൾ കണ്ടെത്തിക്കൊള്ളു. അതെന്നെ അറിയിക്കുകയാണു വേണ്ടത്. എന്നാൽ മര്യാദയും വിനയവും കൈവിടരുത്. ഖലീഫയെ നിശ്ചയിക്കുന്നത് ജനങ്ങളുടെ ജോലിയല്ല. അത് അല്ലാഹുവിന്റെ ജോലിയാണ്. എന്നെ ഖലീഫയായി തെരഞ്ഞെടുത്തത് അല്ലാഹുവാണു. അതിനവനു പല ഉദ്ദേശ്യലക്ഷ്യങ്ങളുമുണ്ടാകും. നിങ്ങൾ ഈ കാര്യം അല്ലാഹുവിനു വിട്ടേയ്ക്കൂ. എന്നെ ഖലീഫയുടെ സ്ഥാനത്തു നിന്നിറക്കാൻ നിങ്ങൾക്കാവുകയില്ല. അങ്ങനെ അല്ലാഹു ഇച്ഛരിക്കുന്നുവെങ്കിൽ അവനെനിക്കു മരണം നൽകും. ഞങ്ങളാണു താങ്കളെ ഖലീഫയാക്കിയതെന്നു ചിലർ പറയുന്നു. അവർ കള്ളമാണു പറയുന്നത്. എനിക്കു നിങ്ങളിലാരോടും ആ കാര്യത്തിൽ ഒരു നന്ദിയുമില്ല കൃതജ്ഞതയുമില്ല. ഇതു ജനാധിപത്യത്തിന്റേയും ഭരണഘടനാപരമായ പാർലിമെന്റ് സംവിധാനത്തിന്റേയും കാലമാണെന്നു ചിലർ പറയുന്നു. ഖിലാഫത്തിന്നെതിരിലുള്ള ഇത്തരം ജൽപനങ്ങൾ എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിക്കും. അതിനാൽ അവരെല്ലാം തന്നെ തൗബ ചെയ്യേണ്ടതാണ്.

അല്ലാഹുവാണു ഖലീഫയെ നിയമിക്കുന്നതെന്നു ഖുർആനിൽ വ്യക്തമായി എഴുതിയിട്ടുള്ള കാര്യം ഞാൻ നിങ്ങളെ വീണ്ടും ഓർമപ്പെടുത്തുന്നു.

وَإِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً

ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കുവാൻ പോവുകയാണെന്നു നിന്റെ നാഥൻ മലക്കുകളോടു പറഞ്ഞ സന്ദർഭം ഓർക്കുക. ഖുർആൻ 2:31) അതിന്നെതിരിൽ മലക്കുകൾ ആക്ഷേപം ഉന്നയിച്ചതുകൊണ്ട് അവരെന്താണു നേടിയത്. അവസാനം മലക്കുകൾക്കു سُبْحَانَكَ لَا عِلْمَ لَنَا എന്നു പറയേണ്ടി വന്നു (നീ പരിശുദ്ധനാണ്. ഞങ്ങൾക്കു നീ പഠിപ്പിച്ചു തന്നതല്ലാതെ ഞങ്ങൾക്കു യാതൊരറിവുമില്ല. ഖുർആൻ 2:33) തുടരും

---

**പേജ് 8 ൽ നിന്ന് തുടർച്ച**

അകലെ ഫോർട്ട് വർത്തിൽ അഞ്ച് ഏക്കറിൽ ഒരു കെട്ടിടം വാങ്ങി. അവിടെ കുബ്ബയും രണ്ട് മിനാരങ്ങളും പണിതുകൊണ്ട് പള്ളിയുടെ രൂപത്തിലാക്കാൻ പദ്ധതിയുണ്ട്. ഇതൊരു നല്ല സ്ഥലമാണ്. ജമാഅത്തിലെ ആളുകൾ ഇവിടെ നമസ്കരിക്കുന്നു. അവിടെ മഗ്രിബ്, ഇശാ നമസ്കരിപ്പിക്കാനും എനിക്ക് അവസരം ലഭിച്ചു. വളരെ നല്ല രീതിയിൽ ദൈവോദ്ദേശ്യമനുസരിച്ച് ഒരുമിച്ച് പ്രവർത്തിക്കുക എന്ന സന്ദേശമാണ് ജമാഅത്ത് ഇമാം നൽകിയതെന്ന് ഫോർട്ട് വർത്തിൽ താമസിക്കുന്ന ഡാലസിൽ മസ്ജിദ് ഉദ്ഘാടനത്തിന് എത്തിയ അതിഥി ഏബേ കിർക്ക് പറഞ്ഞു. സമാധാനത്തിനും ആണവ യുദ്ധത്തിനെതിരിലും നൽകിയ സന്ദേശം എനിക്ക് പ്രത്യേക പ്രാധാന്യമുള്ളതാണ്. ഡല്ലാസിലെത്തിയ ഫോർട്ട് വർത്തിൽ നിന്നുള്ള ഒരു സഭാംഗം പറയുന്നു: (ഖലീഫയുടെ ഈ) സന്ദേശം അതിശയകരമായിരുന്നു. ഖലീഫയുടെ ഈ വ്യക്തമായ സന്ദേശം എല്ലാവരും കേൾക്കണം. ഖലീഫയുടെ രണ്ട് വാക്കുകൾ എന്നെ വല്ലാതെ ആകർഷിച്ചുവെന്ന് ഒരു ഹൈസ്കൂൾ അധ്യാപകൻ പറഞ്ഞു; ഒന്ന്, സമൂഹത്തിനുള്ളിൽ ഇസ്‌ലാമിനെതിരെ മുൻവിധികൾ ഉണ്ടെന്ന് അദ്ദേഹം സമ്മതിക്കുന്നു, ഇത് എന്റെ വിദ്യാർത്ഥികളിൽ ഞാൻ കാണുന്നു. ഞാൻ ശരിക്കും അഭിനന്ദിച്ച രണ്ടാമത്തെ കാര്യം ആണവായുധങ്ങൾ ഉപയോഗിക്കുന്നതിനെതിരെയുള്ള ഖലീഫയുടെ മുന്നറിയിപ്പാണ്. ഇന്നത്തെ സാഹചര്യത്തിൽ ഇത്തരമൊരു യുക്തിപരമായ സന്ദേശം കേൾക്കുന്നത് വളരെ സന്തോഷകരമാണ്.


ഡൂയിയുടെ മുബാഹലയെ പരാമർശിച്ച് സയണിലെ ഫത്ഹെ അസീം മസ്ജിദിൽ പ്രദർശനം ഒരുക്കിയിട്ടുണ്ടായിരുന്നു. വാഗ്ദത്ത മസീഹ്(അ) മജ്മൂഅഃ ഇശ്തിഹാറാത്തിലെ വാള്യം മൂന്നിൽ 32 പത്രങ്ങളുടെ പേരുകൾ എഴുതിയിട്ടുണ്ട്, അതിൽ ഈ മുബാഹലയെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്ത് അമേരിക്കയുടെ ഗവേഷണമനുസരിച്ച്, ഇതിനെക്കുറിച്ച് പരാമർശി ക്കുന്ന 128 പത്രങ്ങൾ കൂടി കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ അമേരിക്കയിലെ 160 പത്രങ്ങളിൽ തന്നെ ഇത് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഈ പത്രങ്ങളെല്ലാം ഡിജിറ്റൽ രൂപത്തിൽ ഈ പ്രദർശനത്തിൽ ഉണ്ടായിരുന്നു. അതുപോലെ, വിവിധ പത്രങ്ങളും വാർത്താ ചാനലുകളും എന്റെ സന്ദർശനത്തെക്കുറിച്ചുള്ള വാർത്തകൾ സംപ്രേക്ഷണം ചെയ്തു.

ക്രിസ്ത്യാനിറ്റിയിൽ നിന്ന് അഹ്മദിയത്തിലേക്ക് വന്ന അമേരിക്കൻ നവഅഹ്മദി ക്രിസ്റ്റഫർ സാഹിബിന്റെ ബൈഅത്തിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ഈ ബൈഅത്ത് മുമ്പുള്ളവരിലും വിവിധ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരായ അഹ്മദികളിലും നല്ല സ്വാധീനം ചെലുത്തി. വൈകാരികാവസ്ഥ സൃഷ്ടിക്കപ്പെട്ട പലർക്കും ബൈഅത്തിനുള്ള അവസരവും ഇതിലൂടെ ലഭിച്ചു. ചുരുക്കത്തിൽ അല്ലാഹു തആല ഈ സന്ദർശനത്തെ എല്ലാവിധത്തിലും അനുഗ്രഹിച്ചിരിക്കുന്നു. അല്ലാഹു തആല ഭാവിയിൽ എപ്പോഴും അനുഗ്രഹിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

# സമകാലിക ലോകത്തിനൊരു സ്നേഹദൂത്

വിശ്വമാകെ ഇസ്ലാം തെറ്റിദ്ധരിച്ചു കൊണ്ടിരിക്കുന്ന അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് 'സമകാലിക ലോകത്തിനൊരു സ്നേഹദൂത്' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം നടന്നത് എന്നത് എന്തുകൊണ്ടും ശ്രദ്ധേയമാണ്.

**മാലിക്ക് അമീൻ, കാക്കനാട്**




അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സാരഥി വാഗ്ദത്ത മസീഹിന്റെ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് 2018 ൽ മധ്യ- വടക്കെ അമേരിക്കൻ നാടുകളിലെ പര്യടന വേളയിൽ നിർവ്വഹിച്ച നാലു പ്രഭാഷണങ്ങളുടെ സമാഹാരമാണ് ഈ വിശിഷ്ട കൃതി. അഹ്മദിയ്യ മുസ്ലീം ജമാഅത്ത് രൂപവും ഭാവവും നൽകിയ ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന സ്വതന്ത്ര ജീവകാരുണ്യ സംഘടനയുടെ ശ്രമഫലമായി നിർമ്മിച്ച ഗ്വാട്ടിമാലയിലെ നാസിർ ഹോസ്പിറ്റലും വടകെ അമേരിക്കൻ നാടുകളായ ഫിലാഡെൽഫിയ - ബാൾട്ടിമോർ - വിർജീനിയ - എന്നീ സ്ഥലങ്ങളിലെ അഹ്മദിയ്യ മുസ്ലിം ജമാഅത്തിന്റെ മൂന്നു പള്ളികളും, ഉൽഘാടനം നിർവ്വഹിച്ചു കൊണ്ട് നടത്തിയ ആ നാലു

പ്രഭാഷണങ്ങളിലുടനീളം നിറഞ്ഞു തുളുമ്പുന്നത് ഇസ്ലാമിന്റെ തേജോമയവും ശാന്തസുന്ദരവുമായ പാഠങ്ങളും അദ്ധ്യാപനങ്ങളുമാണ്.

കാലത്തിന്റെ കുലങ്കുത്തി പാച്ചലിലോ, സ്വാർത്ഥമതികളായ മുല്ലാക്കളുടെ കൈ കടത്തൽ മൂലമോ നഷ്ടപ്പെട്ട് പോയ ഇസ്ലാമിന്റെ തനതായ സാമൂഹ്യവും രാഷ്ട്രീയവും സംസ്ക്കാരികവുമായ മൂല്യങ്ങളേയും സന്ദേശങ്ങളേയും അതിന്റെ മൗലികഭാവത്തോടെ അചുംബിതമായ നിയത രൂപത്തെ ഒന്നൊന്നായി അനാവരണം ചെയ്തിരിക്കുകയാണ് ആ പ്രഭാഷണങ്ങളിലൂടെ ഖലീഫ തിരുമനസ്സ് നിർവഹിച്ചിട്ടുള്ളത്. 9/11 നു ശേഷമുള്ള ഭീകരതയെ ഇസ്ലാമികമെന്ന് വിശേഷിപ്പിക്കുകയും വ്യാഖ്യാനിക്കുകയും

പ്രചരിപ്പിക്കുകയും ചെയ്യുന്ന ഇക്കാലത്ത് ഇസ്‌ലാമിൽ ഭീകരതയുടെ ഒരു പൊടി പോലും കണ്ടെത്താൻ കഴിയുകയില്ലെന്ന് ഉച്ചൈസ്ഥരം വ്യക്തമാക്കുന്ന വാക്കുകളും ചിന്തകളും തെളിവുകളുമാണ് ഈ പ്രഭാഷണങ്ങളിലൂടെ മുഴങ്ങികൊണ്ടിരിക്കുന്നതെന്ന് പ്രത്യേകം പ്രസ്താവ്യമാണ്. എന്തുകൊണ്ടും കാലിക പ്രസക്തിയുള്ള ഈ നാലു പ്രഭാഷണങ്ങളുടെ ശേഖരമായ ഈ ചെറുകൃതി ജന മദ്ധ്യത്തിൽ പ്രചരിപ്പിക്കേണ്ടതും കൂടുതൽ വായിക്കപ്പെടേണ്ടതുമാണ് എന്ന് സമകാലിക ലോകത്ത് അരങ്ങേറികൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ തന്നെ വിളിച്ചു പറയുന്നുണ്ട്.

മനുഷ്യർക്ക് സാമൂഹികമായ ഇടപെടലുകളില്ലാതെയും, സഹജീവികളുമായി പരസ്പരം ബന്ധമുണ്ടാക്കാതെയും അതിജീവനം സാദ്ധ്യമല്ലയെന്നും, ജനങ്ങൾ തമ്മിലും വിത്യസ്ത സമുദായങ്ങൾ തമ്മിലും ആദരവോടു കൂടിയ സംവാദങ്ങളും സംഭാഷണങ്ങളും നടക്കേണ്ടത് സമൂഹത്തിന്റെ വികാസ പരിണാമത്തിനും, കൂട്ടായ്മയുടേയും സമാധാനത്തിന്റേയും അന്തരീക്ഷം വളർത്തി എടുക്കുന്നതിനും, വർണ്ണ, മത, സാമൂഹ്യ വൈവിധ്യങ്ങളെ മാറ്റി നിർത്തിയാൽ മനുഷ്യരെന്ന നിലയിൽ എല്ലാവരും ഒന്നാണെന്നും, സ്വസമുദായംഗങ്ങളുമായി മാത്രം ഇടകലർന്ന് ജീവിക്കാതെ എല്ലാ മനുഷ്യരുമായി ഇടകലർന്ന് ജീവിക്കുകയും സാമൂഹ്യമായ ഇടപെടലുകൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും, മറ്റു വിശ്വാസികളുടെ ആരാധന മൂർത്തികളെ പരിഹസിക്കരുതെന്നും, എല്ലാ രാജ്യങ്ങളിലേക്കും സമൂഹങ്ങളിലേക്കും മനുഷ്യരെ മാർഗദർശനം ചെയ്യുന്നതിനും പരിഷ്ക്കരിക്കുന്നതിനും വേണ്ടി ദൈവത്തിന്റെ പ്രവാചകന്മാർ ആഗതാരായിട്ടുണ്ടെന്നും, ആ പ്രവാചകവര്യന്മാരെ യാതൊരു വിത്യാസവുമില്ലാതെ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യണമെന്നും, പരസ്പരമുള്ള ബഹുമാനവും സഹിഷ്ണതയും ഇസ്‌ലാമിന്റെ അടിസ്ഥാന മാനുഷിക മൂല്യങ്ങളാണെന്നും, വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും വിഷപ്പുകയിൽ നിന്ന് ജനസമൂഹത്തെ സംരക്ഷിക്കുന്നതിന് ഏതു സമയത്തും ക്ഷമയും സംയമനവും കൈകൊള്ളാൻ മുസ്‌ലിങ്ങൾ ബോധനം ചെയ്യപ്പെട്ട് കൊണ്ടിരിക്കുന്നുവെന്നും സാർവത്രിക വിശ്വാസ സ്വാതന്ത്ര്യം എന്നത് ഇസ്ലാമിന്റെ അടിസ്ഥാന കാതലാണെന്നുളള പ്രഭാഷകന്റെ ഈ ചിന്തകളും ചിന്തപാടുകളും ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങളെയും തത്ത്വങ്ങളേയുമാണ് പ്രകാശിതമാക്കുന്നത്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിക്കുന്ന പള്ളികൾ സ്നേഹത്തിന്റേയും മമതയുടേയും സാഹോദര്യത്തിന്റേയും പ്രഭയായിരിക്കും ചൊരിയുകയെന്ന് ഉറപ്പ് നൽകി കൊണ്ട് ഏതൊരു മുസ്‌ലിം പള്ളിയും സ്ഥാപിക്കുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങളെ കുറിച്ചും അതിന്റെ ചേതോവികാരത്തെ കുറിച്ചും ഖലീഫ തിരുമനസ്സ് വിശദമായി ആയിരം നാവുകളോടെ വാചാലാനാകുന്നുണ്ട്. മുസ്‌ലിംങ്ങളെ അപരനായും ഭീകരനായും ചിത്രീകരിച്ചുകൊണ്ട് അവരെ പൊതു സമൂഹത്തിൽ നിന്ന് അകറ്റി നിർത്തി ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നവരെ അവരുടെ തെറ്റിദ്ധാരണകൾ തിരുത്തിപ്പിക്കാൻ തക്കവണ്ണം ഈ പ്രഭാഷണങ്ങൾക്ക് ശക്തിയും കരുത്തും ഊർജ്ജവും ഉണ്ടെന്നത് വളരെ സുവ്യക്തയും സ്പഷ്ടവുമാണ്.

വി. ഖുർആനിലെ നാലാം അദ്ധ്യായത്തിലെ മുപ്പത്തിയേഴാം വചനം ഉദ്ധരിച്ചു കൊണ്ട്, മനുഷ്യാവകാശങ്ങളുടേയും ധാർമ്മികതയുടേയും സവിശേഷമായ സഹോദര സ്നേഹത്തിന്റേയും സമാധാനത്തിന്റേയും പാഥേയം എന്തൊക്കെയാണെന്ന് വ്യക്തമാക്കികൊണ്ട്, ഇസ്‌ലാം വിഭാവനം ചെയ്യുന്ന മാനവികതയുടെ രൂപവും ഭാവവും അതിന്റെ അഴകാർന്ന വദനവും ദൃശ്യവൽക്കരിക്കപ്പെടുന്ന ഈ പ്രഭാഷണങ്ങൾ

സമകാലിക കാലഘട്ടത്തിന്റെ ബോധമണ്ഡലത്തിൽ അടിഞ്ഞുകൂടിയ ഇസ്‌ലാമിനോടുള്ള അതിന്റെ അവജ്ഞയെ തിരുത്തി കുറിക്കാൻ പര്യാപ്തമാണെന്നതിൽ യാതൊരു സംശയവുമില്ല.

പള്ളിയെന്ന് കേട്ടാൽ ഭയപ്പെടേണ്ട ഒന്നല്ല എന്നും ലവലേഷം പോലും ഭയത്തിന്റേയോ അന്ധാളിപ്പിന്റേയോ ആവശ്യമില്ല എന്നും ആശങ്കപ്പെടേണ്ടതോ ഉൽക്കണ്ഠപെടേണ്ടതോ ആയ യാതൊന്നും തന്നെ പള്ളിയിലില്ലാ എന്നും, ജനങ്ങൾക്ക് തന്റെ ഏകനായ സൃഷ്ടാവിനെ ആരാധിക്കുന്ന ഒരു ഇടം മാത്രമല്ല മുസ്ലീം പള്ളികളെന്നും തങ്ങളുടെ സഹജീവികളെ സഹായിക്കുന്നതിനുള്ള ഒരു ഇടം കൂടിയാണ് യാഥാർത്ഥത്തിൽ ഒരു മുസ്‌ലിം പള്ളി എന്നും ഖലീഫ തിരുമനസ്സിന്റെ വിശദീകരണം, സകലമാന ജനവിഭാഗങ്ങളുടേയും ഉള്ളിൽ അലയടിക്കുന്ന ഭീതിയെ ഇല്ലാതാക്കാൻ സാദ്ധ്യമാകുന്ന ഒരു സിദ്ധൗഷദം തന്നെയാണ്.

മാനവ സേവ ദൈവാരാധനയുടെ ഒരു വകഭേദമാണന്നും മനുഷ്യ കുലത്തെ സേവിക്കുന്നതിൽ പ്രതിജ്ഞ ബന്ധമാണെന്നും, അതിനു വേണ്ടിയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന പേരിൽ ഒരു സ്വതന്ത്ര ജീവകാരുണ്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിട്ടുള്ളതെന്നും ഖലീഫ തിരുമനസ്സ് ഗ്വാട്ടിമാലയിൽ ഹ്യൂമാനിറ്റി ഫസ്റ്റ് നിർമിച്ച നാസിർ ഹോസ്പിറ്റൽ ഉൽഘാടനം ചെയ്തു കൊണ്ടു നടത്തിയ പ്രഭാഷണത്തിൽ വ്യക്തമാക്കുകയുണ്ടായി. മനുഷ്യനെ മറന്നു കൊണ്ട് അവന്റെ വേദനക ളേയും വ്യഥകളേയും വിലാപങ്ങളേയും തൃണവൽക്കരിച്ചു കൊണ്ട് വെറും ദൈവത്തെ പൂജിക്കൽ മാത്രമാണ് ദൈവ വിശ്വാസമെന്ന ആധുനികന്റെ

ചിന്തകളേയും കുപ്രചരണങ്ങളേയും പരിഹാസങ്ങളേയും തടഞ്ഞു നിർത്തുന്ന, അതിനെ തച്ചുടക്കുന്ന ഖലീഫ തിരുമനസ്സിന്റെ ആ പ്രഭാഷണത്തിൽ വിശുദ്ധ ഖുർആന്റേയും, പ്രവാചകന്റേയും, മസീഹ് മൗഊദിന്റെയും വചനങ്ങൾ നിരനിരയായി നിരത്തി കൊണ്ട് മനുഷ്യകുലത്തെ സേവിക്കുന്നതിനോടും ജീവകാരുണ്യ പ്രവർത്തനങ്ങളോടും ഇസ്‌ലാമിനുള്ള പ്രതിബദ്ധ്യതയും അഭിനിവേശവും തീവ്രാഭിലാഷവും ഉൾപ്രേരണയും വ്യക്തമാക്കുന്നുണ്ട്.

ഒരു മുസ്‌ലിം നന്മ ഉപദേശിക്കുന്നവനും തിന്മ വിരോധിക്കുന്നവനുമാണെന്നും മനുഷ്യരാശിയോട് നിർവ്യാജമായ സ്നേഹവും ദൈവ സൃഷ്ടികളുടെ മനോവേദനയും തിരിച്ചറിയുന്നവനുമാണെന്നും എല്ലായിപ്പോഴും കാരുണ്യത്തോടെ സംസാരിക്കുന്നവനും മറ്റുള്ളവരുടെ വികാരങ്ങളെ കണക്കിലെടുക്കുന്നവനുമാണെന്ന് ആരെങ്കിലും സഹായത്തിനായി സമീപിക്കുന്നതുവരെ കാത്തു നിൽക്കാതെ ബുദ്ധിമുട്ടിലകപ്പെട്ടരെ കണ്ടെത്തി അവരുടെ വിഷമതകൾ ദൂരീകരിക്കുന്നവനാണെന്നും അങ്ങനെ അങ്ങനെ നീണ്ടു നീണ്ടു പോകുകയാണ് ഒരു മുസ്‌ലിമിന്റെ ഇസ്‌ലാമിക സവിശേഷ ഗുണഗണങ്ങൾ. ഈ ഗുണഗണങ്ങൾ വിശദീകരിച്ചു കൊണ്ട് ഖലീഫ തിരുമനസ്സ് ഇസ്‌ലാമിനെ കുറിച്ച് പൊതുവേ മാധ്യമങ്ങൾ ചിത്രീകരിക്കുന്നതുപോലെയല്ല ഇസ്‌ലാം എന്ന് ആർക്കും മനസ്സിലാകുന്ന തരത്തിലാണ് തന്റെ പ്രഭാഷണത്തിലൂടെ ലോക സമക്ഷം അവതരിപ്പിച്ചിട്ടുള്ളത്.

" മുസ്‌ലിം ആരാധനാലയങ്ങൾ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും ഉറവിടം" എന്ന പ്രഭാഷണത്തിന്റെ അവസാനത്തിൽ ഖലീഫ തിരുമനസ്സ്, ലോകം സമാധാനത്തിന്റേയും ശാന്തിയുടേയും മാർഗത്തിലേക്ക് മടക്കയാത്ര നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നവെന്ന് ഭയവിഹ്വലതയോടെ ഉൽകണ്ഠപ്പെടുന്നുണ്ട്. ഹുസൂർ പറയുകയാണ് 'ഒരു ദുരന്തത്തിന്റെ വക്കിലാണ് നാം നിൽക്കുന്നത്. അതുകൊണ്ട് തന്നെ ഇതൊരു തിരിഞ്ഞു നടത്തത്തിനുള്ള സമയമാണ്. നമ്മിലുള്ള മനുഷ്യത്വത്തെ പ്രകടമാക്കേണ്ട സന്ദർഭമാണിത്. നമ്മുടെ സമുദായങ്ങൾക്കിടയിലും രാജ്യങ്ങൾക്കിടയിലും തീർച്ചയായും ലോകമെമ്പാടും തന്നെ സമാധാനവും, ശാന്തിയും ശക്തിപ്പെടുത്തുന്നതിനായുള്ള ഒരു ശ്രമവും പാഴായി പോകരുത് ......നമ്മുടെ മതമോ വിശ്വാസങ്ങളോ ഏതുമായിക്കൊള്ളട്ടെ നമ്മളെ പിന്തുടർന്നു വരുന്നവർക്കായി മികവുറ്റ ഒരു ലോകത്തെയായിരിക്കണം നാം സൃഷ്ടിക്കേണ്ടത്. ജാതി മത വർണ്ണ വംശ ചിന്തകൾക്കതീതമായി എല്ലാ മനുഷ്യർക്കും ഇഴ ചേർന്ന് ജീവിക്കാൻ കഴിയുന്ന സമാധാനപൂർണ്ണമായ ഒരു ലോകത്തെയാവണം നമ്മുടെ കുട്ടികൾക്കായി നാം വിട്ടുകൊടുക്കേണ്ടത് ... 'ഖലീഫ തിരുമനസ്സിന്റെ ഈ ആശങ്കകളും ഉൽകണ്ഠകളും പ്രതീക്ഷകളും ലോക നേതാക്കന്മാരും ഭരണാധിപന്മാരും മത പണ്ഡിതന്മാരും ഉൾക്കൊണ്ട് പ്രവർത്തിച്ചിരുന്നെങ്കിൽ എത്ര മനോഹരമയേനെ ഈ ലോകമെന്ന് 'സമകാലിക ലോകത്തിന് ഒരു സ്നേഹ ദൂത്' എന്ന കൃതി വായിക്കുന്ന ഓരോരുത്തരുടേയും ഹൃദയം അറിയാതെ ആഗ്രഹിച്ചു പോകും തീർച്ചയാണ്. കാലികപ്രസക്തിയുള്ള ഈ ലഘുകൃതി മൊഴിമാറ്റം ചെയ്ത് കൈരളിക്ക് പരിചയപ്പെടുത്തിയ സഫ്‌വാൻ വാഴക്കാലയുടെ പ്രവർത്തി എന്തുകൊണ്ടും സ്തുത്യർഹമാണ്.



പേജ് 15 ൽ നിന്ന് തുടർച്ച

**കണങ്കാലുകളും കഴുത്തുകളും (വാത്സല്യപൂർവ്വം) തടവുകയുണ്ടായി** (38: 31-34) അല്ലാഹുവിന്റെ സൃഷ്ടിയാവുന്ന ധർപ്പണത്തിൽ നമുക്ക് സൃഷ്ടാവിനെ കാണാനും അവനെ വാഴ്ത്താൻ സാധിക്കുകയും ചെയ്യണം. വാഗ്ദത്ത മസീഹ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യത്തെപറ്റിയും മനുഷ്യ മസ്തിഷ്ക്കത്തിന്റെ സ്വഭാവത്തെക്കുറിച്ചും അവിടുത്തെ 'ഹഖീഖത്തുൽ വഹ്‌യ്' എന്ന പുസ്തകത്തിൽ ഇങ്ങനെ പ്രതിപാദിക്കുകയുണ്ടായി. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിന്റെ ആത്യന്തിക ലക്ഷ്യം അവന്റെ സൃഷ്ടാവിനെ തിരിച്ചറിയാനാണ്. മനുഷ്യൻ അവന്റെ സൃഷ്ടാവിനെ സംബന്ധിച്ച് പൂർണ്ണമായും ബോധവാനാകണമെന്ന് വ്യക്തമാക്കേണ്ടതുണ്ട്. അവന്റെ ഗുണങ്ങളെ സംബന്ധിച്ച് ഒരളവോളം മനസ്സിലാക്കുകയും ചെയ്താൽ ദൈവത്തെ സംബന്ധിച്ച അവന്റെ ബോധം ഒരു നിശ്ചിത ജ്ഞാനത്തിന്റെ തലത്തിലെത്തും. അതിനാൽ അല്ലാഹു മനുഷ്യന്റെ മനസ്സ് രണ്ട് വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഒരു ഭാഗത്ത് അവന്ന് ധിഷണാ ശേഷി നൽകിയിരിക്കുന്നു. ഈ കഴിവ് കൊണ്ട് അവന്ന് അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ച് പഠിക്കാൻ കഴിയുന്നു. എല്ലാ കണികകളിലും ദൈവികമായ ഉദ്ദേശ്യം കാണാൻ അവന്ന് സാധിക്കുകയും ചെയ്യുന്നു. പ്രകൃതിയിലെ സംഘാടനവും പ്രകൃതി സംവിധാനത്തിലെ ക്രമവും അവൻ പഠിച്ചാൽ ആകാശ ഭൂമികളിലെ ഈ രൂപഘടന ഒരു സൃഷ്ടാവിനെകൂടാതെ സ്വയം ഉണ്ടാവുക സാദ്ധ്യമല്ല എന്ന് പൂർണ്ണമായും അവന്ന് ബോദ്ധ്യമാവും ഇതിനെല്ലാം തന്നെ ഒരു സംവിധായകനും സ്രഷ്ടാവും ഉണ്ട് എന്ന നിഗമനത്തിൽ അവന്ന് എത്തിചേരുന്നതാണ്.

*വിവ: എ.എം*

കുറിപ്പുകൾ

# മണിപ്പൂർ കലാപം

**മുസാഫിർ**

ഇന്ത്യ ബഹുസ്വരതയുടെ വിസ്മയകരമായ ഒരു പ്രദർശന ശാലയാണ്. ഇവിടെയുള്ളയത്ര മതങ്ങളും ഭാഷകളും സാംസ്ക്കാരിക വൈവിധ്യങ്ങളും ആഹാരരീതികളും ആഘോഷങ്ങളും ആചാരങ്ങളും ലോകത്ത് മറ്റെങ്ങുമുണ്ടാകില്ല. ആ വൈവിധ്യങ്ങളെ കോർത്തിണക്കുന്ന നാനാത്വത്തിൽ ഏകത്വം എന്ന നമ്മുടെ ദേശീയോദ്ഗ്രഥന തത്വം ഭാരതീയ സമൂഹത്തിന്റെ സ്വാഭാവികവും പ്രാക്തനവുമായ സോഷ്യൽ എഞ്ചിനീയറിംങ്ങ് സുവർണ്ണ സൂക്തമായിരുന്നു. ഇവിടുത്തെ ഭൂരിപക്ഷമതസ്ഥരുടെ ഉദാരമായ സമീപനം തന്നെയാണ് ഈ സവിശേഷമായ വർണ്ണ ശബളിമക്ക് ആധാരമായത്. ചരിത്രത്തിൽ ഇന്ത്യ എന്ന മഹാവിസ്മയം അടയാളപ്പെടുത്തുന്നത് ഈ ബഹുസ്വരതയിലാണ്. നൂറ്റാണ്ടുകളായി എല്ലാ സാമൂഹിക വ്യവഹാരങ്ങളിലും ഏറെകുറെ സംഘർഷരഹിതമായി ഇത് പ്രതിഫലിച്ചിരുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ നമ്മുടെ രാജ്യത്ത് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന വർഗ്ഗീയ അസ്വാരസ്യങ്ങളും സംഘർഷങ്ങളും കാലഘട്ടങ്ങളെ അതിജീവിച്ച നമ്മുടെ മഹത്തായ ഭാരതീയ പാരമ്പര്യത്തിന്റെ യശസ്സ് കെടുത്തിക്കളയുന്നതാണ്. മാനവീയതയിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന എല്ലാ നല്ലവരായ ഇന്ത്യക്കാരിലും വേദനയും ആശങ്കയുമുളവാക്കുന്നതാണ് രമ്യമനോഹരമായ ബഹുസ്വരതയുടെ ശൈഥില്യങ്ങൾ. വിശിഷ്യാ മണിപ്പൂർ കലാപങ്ങൾ.




ഇന്ത്യയുടെ വടക്ക്കിഴക്കൻ സംസ്ഥാനമായ മണിപ്പൂർ കലാപ കലുഷിതമാണ്. മ്യാൻമാറുമായി അതിർത്തി പങ്കിടുന്ന മണിപ്പൂരിൽ ഇന്ത്യയിൽ എവിടെയുമുള്ളത് പോലെ സാംസ്ക്കാരിക ബഹുത്വം പ്രകടമാണ്. 2011 ലെ സെൻസസ്സ് പ്രകാരം രണ്ട് കോടി എൺത്തിയഞ്ച് ലക്ഷം ജനസംഖ്യയുള്ള മണിപൂരിൽ 57.2% മെയ്ത്തി ഭാഷ സംസാരിക്കുന്ന വിഭാഗവും കുക്കികളും നാഗന്മാരും മറ്റുചെറിയ ഗോത്രവർഗ്ഗങ്ങളുമടങ്ങിയ 42.8% മാണ് ജീവിക്കുന്നത്. മെയ്ത്തി വിഭാഗം താഴ്വാരങ്ങളിലും കുക്കി വിഭാഗം മലമ്പ്രദേശങ്ങളിലുമാണ് ജീവിക്കുന്നത്. 1961 ലെ സെൻസസ് പ്രകാരം അവിടെ ഹിന്ദുക്കൾ 62% മായിരുന്നു. അത് 2011 ലെത്തുമ്പോൾ 41%മായി കുറഞ്ഞു, ക്രിസ്ത്യാനികൾ 19%ത്തിൽ നിന്നും 41%മായി വർദ്ധിച്ചു. മെയ്ത്തികളല്ലാത്ത മണിപ്പൂരികളിൽ ഏറെകുറെ മുഴുവനും ക്രിസ്ത്യാനികളാണ്. ഗോത്ര വർഗ്ഗക്കാരായ മണിപ്പൂരിലെ മൂന്നാമത്തെ മതം ഇസ്ലാം മതമാണ്. മെയ്ത്തി പങ്കൽ (Pangals) എന്ന് അറിയപ്പെടുന്ന മെയ്ത്തി മുസ്ലിംകളാണ്. 2011 ലെ സെൻസസ് പ്രകാരം മണിപ്പൂരിൽ 8.3% മുസ്ലിംകളാണ്. മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാന്റെ മകൻ മിർസാ ഷാ ശുജാ യുടെ കാലത്താണ് അവിടെ മുസ്ലിംകൾ കടന്നു വന്നത്. പിതാവ് ഷാജഹാൻ മരിച്ചപ്പോൾ ബംഗാൾ ഗവർണ്ണറായിരുന്ന ഷാ ശുജാ, സഹോദരൻ ഔറംഗസീബുമായുള്ള അധികാര വടംവലിയിൽ സ്ഥാനഭ്രഷ്ഠനാക്കപ്പെടുകയും ഷാ ശുജാ രക്ഷപെടുന്ന വഴിയിൽ മണിപ്പൂരിൽ കുറച്ച് കാലം അഭയം തേടുകയും ചെയ്തിരുന്നു. അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന കുറച്ച് മുസ്ലിംകൾ മണിപ്പൂരിൽ തങ്ങുകയും അവർ അവിടെ മുസ്ലിം സമൂഹത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഭൂരിപക്ഷ സമൂഹവുമായി വളരെ സഹവർത്തിത്വത്തിലായിരുന്നു മണിപ്പൂരി മുസ്ലിംകൾ കഴിഞ്ഞിരുന്നത്. അഹ്മദിയ്യാ മുസ്ലിംങ്ങളുടെ സാന്നിദ്ധ്യവും മണിപ്പൂരിലുണ്ട്. ഇംഫാലിൽ ജമാഅത്തിന് ഒരു പള്ളിയുണ്ട്.

മറ്റൊരു കൗതുകകരമായ കാര്യം കുക്കീ വിഭാഗത്തിൽ പെട്ട ഒരു ചെറിയ വിഭാഗം ഇസ്റയേൽ ഗോത്രത്തിലെ കാണാതെ പോയ പത്ത് ഗോത്രങ്ങളിൽ പെട്ട ബെനി മനേഷ ഗോത്രത്തിൽ പെട്ടവരാണ്

എന്നതാണ്. അയ്യായിരത്തോളം ആളുകളടങ്ങുന്നതാണ് ഈ യഹൂദ അടയാളങ്ങളുള്ള ഗോത്രം. ഇപ്പോഴത്തെ മണിപ്പൂർ കലാപത്തിൽ രണ്ട് സിനഗോഗുകളോടൊപ്പം അവരുടെ കെട്ടിടങ്ങളെല്ലാം പൂർണ്ണമായും നശിപ്പിക്കപ്പെട്ടു. ബെനി-മെനേഷാ കൗൺസിലിന്റെ പ്രസിഡണ്ടാണ് ഇക്കാര്യം അറിയിച്ചത്. ഈ കൂട്ടത്തിൽ പെട്ട ഒരാൾ കൊല്ലപ്പെട്ടിട്ടുണ്ട്. പകുതിയിലധികം ബനീ മെനേഷാ ഗോത്രത്തിന് മണിപ്പൂർ കലാപം ഗുരുതരമായി ബാധിച്ചിട്ടുണ്ട്. (The New Indian Express 3 Aug 2023)

പുരാതന കാലത്ത് ബി സി 720 അസീറിയക്കാർ ഇസ്റയേൽ അക്രമിച്ച കാലത്ത് ഇന്ത്യയിലേക്ക് കുടിയേറിയ ബനീ ഇസ്റയേലിലെ കാണാതെ പോയ ഇസ്റയേൽ ദശഗോത്രത്തിൽ പെട്ട ബനീ-മെനേഷാ വിഭാഗത്തിൽ പെട്ടവരാണ് അവർ. യഹൂദ ആചാരങ്ങളായ ശബത്ത് യഹൂദ ഭക്ഷണ നിയമങ്ങൾ മറ്റ് യഹൂദ ആചാരങ്ങളും പാരമ്പര്യങ്ങളും അവർ വളരെ കൃത്യമായി പാലിക്കുന്നു. ചിതറിത്തെറിച്ച മറ്റു യഹൂദ ഗ്രൂപ്പുകളുമായി ഇവർക്ക് ഇതുവരെ ബന്ധമില്ലായിരുന്നു. ഈ യഹൂദ ഗോത്രത്തിന്റെ പ്രത്യേകത യേശുവിനെ എല്ലാ യഹൂദർക്കും വേണ്ടിവന്ന വാഗ്ദത്ത മസീഹായി ഇവർ അംഗീകരിക്കുന്നു എന്നതാണ്. 1980 ന് ശേഷം ഇസ്റയേലിലെ യഹൂദ ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് ഇവർ കൂടുതൽ റബ്ബാനിക്കൽ യഹൂദമതം പരിശീലിച്ചു വരുന്നു. അപ്രകാരം തന്നെ ഇസ്റയേലിലേക്ക് കുടിയേറാനുള്ള ആലിയാ (Aliyah) പദ്ധതിയിൽ പങ്കെടുക്കാനുള്ള പരിപടിക്ക് രൂപം നൽകിവരുന്നു. 2005 കൊൽക്കത്ത കേന്ദ്രമാക്കിയുള്ള ഒരു പഠന സംഘം ഈ വിഭാഗത്തിന്റെ മാതൃപരമ്പരയിലെ ഡി എൻ എ ടെസ്റ്റിൽ അവരുടെ മദ്ധ്യപൗരസ്ത്യ ഗോത്രബന്ധം ഒരളവോളം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഔപചാരികമായ യഹൂദ മതസ്വീകരണ ചടങ്ങിന് ശേഷം ഇസ്റയേലിലേക്ക് അവർക്ക് കുടിയേറ്റം അനുവദിക്കുകയും ചെയ്തിരുന്നു. ഇടക്കാലത്ത് കുടിയേറ്റം നിർത്തിവെച്ചെങ്കിലും വീണ്ടും പുനരാരംഭിച്ചിട്ടുണ്ട്. ചിൻ-കുക്കി-മിസോ ജനതകളിൽ പെട്ട ഈ പുരാതന യഹൂദ ഗോത്രത്തെ ഇന്തോ-മ്യാൻമാർ അതിർത്തികളിൽ കാണാം. 1951 ൽ അവരുടെ ഒരു ഗോത്ര നേതാവ് കണ്ട ഒരു സ്വപ്നത്തിൽ തങ്ങളുടെ മാതൃരാജ്യം ഇസ്റയേലാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് അവർ സ്വയം ജൂതന്മാരാണെന്ന് അവകാശവാദം ശക്തിപ്പെട്ടത്. അവർ കുക്കി വിഭാഗമായിട്ടാണ് അറിയപ്പെടുന്നത്.

ഗിരിവർഗ്ഗക്കാരും ക്രിസ്ത്യാനികളുമായ കുക്കികൾ പട്ടികവിഭാഗത്തിൽ ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുന്നവരാണ്. 2023 ഏപ്രിൽ 14 ന് മെയ്ത്തി വർഗ്ഗക്കാർ തങ്ങളെ പട്ടിക ജാതി പദവിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് മണിപ്പൂർ ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്യുകയും മണിപ്പൂർ ഹൈക്കോടതി സംസ്ഥാന സർക്കാരിനോട് കേന്ദ്ര ഗവൺമെന്റിന് ഒരു ശുപാർശ നൽകാൻ നിർദ്ദേശിക്കുകയുമുണ്ടായി. ഹൈക്കോടതിയുടെ ഈ നിർദ്ദേശത്തെ സുപ്രീം കോടതി പിന്നീട് വിമർശിക്കുകയുണ്ടായി. ഇത് പട്ടികവിഭാഗക്കാരും ഗിരിജനങ്ങളും ക്രിസ്തുമത വിശ്വാസികളുമായ കുക്കികളെ പ്രകോപിപ്പിക്കുകയും അവർ പ്രതിഷേധിക്കുകയും ചെയ്തതുമുതലാണ് കലാപം ആരംഭിച്ചത്. കലാപത്തിൽ നൂറ്ക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടതായി കണക്കാക്കപ്പെടുന്നു. അവിടുത്തെ പ്രബല ഗോത്ര വിഭാഗമായ മെയ്ത്തികളും ഗിരിജനങ്ങളായ കുക്കികളും സായുധരായി നിന്ന് പോരാടുന്ന കലാപം അങ്ങേയറ്റം ദൗർഭാഗ്യകരവും വംശീയവും വർഗ്ഗീയവുമായ മാനങ്ങളുള്ളതുമാണ്. ആയുധങ്ങൾ ഗവൺമെന്റിന്റെ ആയുധപുരകളിൽ നിന്ന് കവർന്നുകൊണ്ടുപോയതാണ് എന്നത് അതീവ ആശങ്ക ഉളവാക്കുന്നു. ഈ കലാപങ്ങൾക്കെതിരെ അധികാരികളുടെ ഭാഗത്ത് നിന്നുണ്ടായ നിസ്സംഗതയും നിഷ്ക്രിയത്വവും അപലപനീയമാണ്. കലാപത്തിൽ സ്ത്രീകൾക്കെതിരായി നടന്ന അതിക്രമങ്ങളുടെ വീഡിയോ ചിത്രങ്ങൾ അനിഷേധ്യവും നടുക്കുന്നതും ഭയാനകങ്ങളുമാണ്. ചീഫ് ജസ്റ്റീസ് അദ്ധ്യക്ഷനായ ബഹുമാനപ്പെട്ട സുപ്രിം കോടതി കടുത്ത വാക്കുകളിലാണ് പ്രതികരിച്ചത്. 'രണ്ട് മാസമായി അതിഭീകരാവസ്ഥയായിട്ടും എഫ് ഐ ആറുകൾ രജിസ്റ്റർ ചെയ്യാനായില്ല. നിയമം പാലിക്കപ്പെടാതിരുന്നിട്ടും കേസെടുക്കാനായില്ല. ആരെയും അറസ്റ്റ് ചെയ്യാനായില്ല.' ഒരു കലാപം ഒതുക്കി സമാധാനം സംജാതമാക്കാൻ ബാദ്ധ്യതപ്പെട്ട അധികാരികളുടെ നിഷ്ക്രിയതയെയാണ് പരമോന്നത കോടതി രൂക്ഷമായ ഭാഷയിൽ വിമർശിച്ചത്. മാത്രമല്ല

ശേഷം പേജ് 43 ൽ



# പ്രൊഫ. അബ്ദുൾ ജലീൽ സാഹിബ് ഉത്കൃഷ്ട ഗുണങ്ങളുള്ള വ്യക്തി

**ബഷീർ അഹ്മദ് ചുങ്കശ്ശേരി**

ദിവംഗതനായ പ്രൊഫ. ജലീൽ സാഹിബ് അനുകരണീയമായ അനേകം ഉത്കൃഷ്ട ഗുണങ്ങളുടെ കേദാരമായിരുന്നു. സാമ്പത്തികമായും അറിവുകൊണ്ടും ഉന്നത നിലയിൽ കഴിഞ്ഞിരുന്ന ജലീൽ സാഹിബ് എല്ലാവരോടുമുള്ള എളിമയോടെയും വിനയത്തോടെയുമുള്ള പെരുമാറ്റം അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി നിർത്തിയിരുന്നു. ആതുര ശുശ്രൂഷാ രംഗത്ത് കരുനാഗപ്പള്ളിയിലെ ഏറ്റവും വലിയ ഹോസ്പിറ്റലിന്റെ എംഡിയായിരുന്ന അദ്ദേഹം അവിടുത്തെ ഏറ്റവും താഴെക്കിടയിലുള്ള ജീവനക്കാരോടും പോലും സ്വന്തം ബന്ധുവിനെപോലെ അടുത്ത് ഇടപഴകുകയും അവരോട് തമാശകൾ പറയാനും തിരിച്ച് അതേ രീതിയിൽതന്നെ അവർക്ക് അദ്ദേഹത്തോട് പെരുമാറാനും അനായാസം കഴിഞ്ഞിരുന്നു. വലിപ്പചെറുപ്പമില്ലാതെ എല്ലാവരോടുമുള്ള അദ്ദേഹത്തിന്റെ ഹൃദ്യവും നിഷ്ക്കളങ്കവുമായ ഈ തുറന്ന പെരുമാറ്റമാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ വ്യക്തിഗുണം. തികഞ്ഞ ഒരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. പാവങ്ങളെ സഹായിക്കാനും അദ്ദേഹം എപ്പോഴും മുന്നിലുണ്ടായിരുന്നു. ആരോടും തന്നെ അദ്ദേഹത്തിന് വെറുപ്പില്ലായിരുന്നു. പക, വിദ്വേഷം, പരദൂഷണം എന്നീ മാനുഷിക വൈകല്യങ്ങളിൽ ഒരിക്കലും അദ്ദേഹം ഏർപ്പെടുന്നതായി ഞാൻ കണ്ടിട്ടില്ല. ആരെങ്കിലും അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ തന്നെ അദ്ദേഹം അതിന് ചെവി കൊടുക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാതെ ഒഴിഞ്ഞു മാറുകയാണ് ചെയ്യാറ്.

എന്നെ അത്ഭുതപ്പെടുത്തിയ കാര്യം ഇമാമും ജമാഅത്തുമായി നമസ്ക്കരിക്കുന്നതിൽ അദ്ദേഹം കാണിച്ച ജാഗ്രതയും കണിഷതയുമാണ്. വളരെ അവശനിലയിൽ വീണുപോകുമോ എന്ന് ആശങ്കപ്പെടുമാറുള്ള ഘട്ടത്തിൽ പോലും രണ്ടു പേരുടെ സഹായത്തോടെ അദ്ദേഹം പള്ളിയിൽ വന്ന് നമസ്ക്കരിക്കുമായിരുന്നു. ഡോക്ടർമാരും ബന്ധുക്കളും വിലക്കിയിട്ടും കുട്ടികളെപ്പോലെ ശാഠ്യം പിടിച്ച് ജമാഅത്തായ നമസ്ക്കാരത്തിൽ അദ്ദേഹം പള്ളിയിൽ വന്നുകൊണ്ടിരുന്നു. എന്തെങ്കിലും കാരണത്താൽ പള്ളിയിൽ പോകാൻ സാധിച്ചില്ലെങ്കിൽ വീട്ടിൽ ഭാര്യയോടൊപ്പം ഇമാമും ജമാഅത്തായും നമസ്ക്കരിക്കും. മരിക്കുന്നതിന്റെ എതാനും മണിക്കൂറുകൾക്ക് മുമ്പ് വരെയുള്ള ഇശാ നമസ്ക്കാരം പോലും ജമാഅത്തായി നിർവ്വഹിക്കാനുള്ള സൗഭാഗ്യം അദ്ദേഹത്തി ന് അല്ലാഹു നൽകി. അറിവിന്റെ കാര്യത്തിൽ അദ്ദേഹത്തെ അളക്കാൻ കഴിയുമായിരുന്നില്ല. ഏത് വിഷയത്തെ സംബന്ധിച്ചും അദ്ദേഹം പഠിച്ചു മനസ്സിലാക്കുകയും അത് മറ്റുള്ളവരുമായി പങ്കുവെക്കാൻ താൽപര്യപ്പെടുകയും ചെയ്തു. അറബി ഭാഷ നല്ലത് പോലെ അറിയാമായിരുന്ന ജലീൽ സാഹിബിന് വിശുദ്ധ ഖുർആനുമായുള്ള ബന്ധം അഗാധമായിരുന്നു. വിശുദ്ധ ഖുർആന്റെ ദീർഘമായ നിരവധി ഭാഗങ്ങൾ അദ്ദേഹത്തിന് ഹൃദിസ്ഥമായിരുന്നു.

ആഥിത്യമര്യാദ അദ്ദേഹത്തിന് ഒരു ബാധപോലെയായിരുന്നു. ആരെ കണ്ടാലും വീട്ടിൽ വിളിച്ചു കൊണ്ടപോയി അദ്ദേഹം സൽക്കരിക്കും. ചിലപ്പോൾ വീട്ടുകാരോട് പറയാതെ പോലും അതിഥിയേയും കൂട്ടി നേരെ വീട്ടിലേക്ക് വരുമായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത ബന്ധുവും അയൽക്കാരനുമായ എന്നെയും വീട്ടിലേക്ക് പലപ്പോഴും വിളിച്ചുകൊണ്ടുപോയി ഭക്ഷണം കഴിപ്പിക്കും. കുട്ടികളോടുള്ള ജലീൽ സാഹിബിന്റെ സ്നേഹം അളവറ്റതായിരുന്നു. കുട്ടികളോട് വർത്തമാനം പറയുകയും കളിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന് ഇഷ്ടവിനോദമായിരുന്നു. കുട്ടികൾക്ക് വേണ്ടി മിഠായി കരുതിവെക്കുകയും എവിടെ കുട്ടികളെ കണ്ടാലും അത് അവർക്ക് നൽകുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. അതുപോലെ കുട്ടികൾ അദ്ദേഹത്തെ കണ്ടാൽ ചുറ്റും കൂടുമായിരുന്നു. അങ്ങനെ എല്ലാം കൊണ്ടു ഒരു നല്ല മനുഷ്യന് വേണ്ട സദ്ഗുണങ്ങൾകൊണ്ട് സമ്പന്നനായിരുന്നു അദ്ദേഹം.



അനുസ്മരണം

# ബി അബ്ദുൾ ജലീൽ സാഹിബ്



പഴയങ്ങാടിയിലെ ആദ്യ അഹ്മദി കുടുബങ്ങളിൽ ഒന്നായ ബായൻ കുടുബത്തിൽ ബി അബ്ദുർ റഹീം സാഹിബിന്റേയും (എ. ആർ മലബാരി) ഖദീജാ സാഹിബ ദമ്പതികളുടെ മകനായി 1935 ലാണ് അബ്ദുൾ ജലീൽ സാഹിബിന്റെ ജനനം. അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാന കമ്മിറ്റി യിൽ അംഗവും മേഖലാ അമീറുമാ യിരുന്നു. കേരള അഹ്മദികളിലെ ആദ്യത്തെ എഞ്ചി നീയറായി ഗ്രാജുവേറ്റ് ചെയ്തു. തുടർന്ന് ഉപരിപഠനവും നടത്തി. ചെറിയകാലം കേരളത്തിൽ ജോലി ചെയ്തു. 1963ൽ സൗദിയിൽ പ്രവാസം ആരംഭിച്ചു. റിയാദ് യൂണിവേഴ്സിറ്റി കോളേജിൽ അധ്യാപകനായി 20 വർഷത്തെ സേവനത്തിന് ശേഷം പ്രവാസം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങി. കരുനാഗപ്പള്ളിയിൽ ഭാര്യ സഹോ ദരൻ ഡോ. ഷരീഫ് അഹ്മദ് സാഹിബുമായി ചേർന്ന് സ്വകാര്യ ആശുപത്രി നടത്തി വരികയായി രിരുന്നു. അറബി ഭാഷ നല്ലത്പോലെ സംസാരിക്കാനും പുസ്തകങ്ങൾ വയിക്കാനും കഴിഞ്ഞിരുന്ന ജലീൽ സാഹിബ് ധാരാളം ഖുർആൻ ഭാഗങ്ങൾ ഹൃദിസ്വമാക്കിയിരുന്നു. ഖാദിയാനിലുള്ളവർക്ക് ഏറെ സുപരിചിതമായ കേരള മുഖമായി രുന്നു ജലീൽ സാഹിബിന്റേത്. **ഭാര്യ:** ആബിദ ബീവി. **മക്കൾ:** ഡോ. ഫുആദ് ജലീൽ, ഡോ. നിഹാദ് ജലീൽ (യുകെ). ഡോ. അനൂദ് (എറണാകുളം). ഇമാദ് ജലീൽ (ദുബൈ) **മരുമക്കൾ** : ഷമീന ഫുആദ്, ഡോ. സാജിദാ നിഹാദ്, ഡോ. അഹ്മദ് ഇബ്രാഹിം, ഡോ. സക്കിയ ഇമാദ്.

***– ഫുആദ് ജലീൽ***

പേജ് 41 ൽ നിന്ന് തുടർച്ച

മണിപ്പൂരിലെ ക്രിമിനൽ കേസു കളിൽ അന്വേഷണത്തിന് മേൽനോ ട്ടം വഹിക്കാൻ സുപ്രിം കോടതി നേരിട്ട് ഇടപെടുകയുമുണ്ടായി. കേസന്വേഷണത്തിന് മേൽനോട്ടം വഹിക്കാൻ മഹാരാഷ്ട്രാ മുൻ പോലീസ് മേധാവിയേയും സ്ത്രീ കളുടെ പ്രശ്നങ്ങൾ പരിശോധി ക്കാൻ മലയാളിയായ ജഡ്ജിയട ക്കം മൂന്ന് വനിതാ ജഡ്ജിമാരെ സുപ്രീം കോടതി നേരിട്ട് നിയമിക്കു കയുണ്ടായി. ഗോത്രവർഗ്ഗ കലാപ ങ്ങൾ ഇതിന് മുമ്പും മണിപ്പൂരിൽ ഉണ്ടായിട്ടുണ്ട്. പക്ഷേ ഇത്തവണ അധികൃതരുടെ ഭാഗത്തുനിന്നു ണ്ടായ പക്ഷപാതിത്വങ്ങളും നിഷ് ക്രിയത്വവുമാണ് സ്ഥിതി ഗുരുതര മാക്കി മാറ്റിയത്. ആ കലാപങ്ങളിൽ സ്ത്രീകളോട് കാട്ടുന്ന ക്രൂരതകൾ ഞെടുക്കമുളവാക്കുന്നതാണ്. മഹത്തായ ഹിന്ദു മതമൂല്യങ്ങൾക്ക് ഈ അതിക്രമങ്ങൾ ഒരിക്കലും നിരക്കുന്നതല്ല. മണിപ്പൂരിലും തുടർന്ന് ഹരിയാനയിലും ന്യൂന പക്ഷ വിഭാഗങ്ങൾക്കെതിരെ നടന്നു കൊണ്ടിരിക്കുന്ന അക്രമങ്ങൾ ഇന്ത്യയെന്ന മഹത്തായ രാജ്യത്തിന് സ്വദേശത്തും വിദേശത്തും വലിയ കളങ്കമാണ് ഉണ്ടാക്കിത്തീർക്കുന്ന ത്. ബഹുമാന്യനായ പ്രധാനമന്ത്രി സ്വാതന്ത്ര്യദിനത്തിൽ പറഞ്ഞത് പോലെ എത്രയും വേഗം മണിപ്പൂ രിൽ പൂർണ്ണ സമാധാനം കൈവരി ക്കാൻ ദൈവം തുണക്കുമാറാകട്ടെ.

# യു എസ്സ് എസ്സ് സ്കോളാർഷിപ്പ് ലഭിച്ചു



കേരളാ ഗവർമെന്റ് മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്താൻ നടത്തുന്ന യു എസ് എസ്സ് സ്കോ ളർഷിപ്പ് പരീക്ഷയിൽ കോഴിക്കോട് ജമാഅത്തിലെ **മിഥ്‌ലാജ് അലി** ഉന്നത വിജയം നേടി. കോഴിക്കോട് ജമാഅത്തിലെ ഹനീഫ് സാഹിബി ന്റെയും ദിൽഷാ സാഹിബയുടെ യും മകനാണ്. ധനത്യാഗത്തിന് ഹുസൂർ തിരുമനസ്സ് ഏഴാം ക്ലാസ്സു കാരനായ ഈ കൊച്ചു മിടുക്കനെ ഒരു ഖുതുബയിൽ അഭിനന്ദിച്ചിട്ടു ണ്ടായിരുന്നു.

# നിയമനം ലഭിച്ചു



കോഴിക്കോട് ജമാഅത്തിലെ അഖിൽ അജ്മൽ കേരളാ സ്റ്റേറ്റ് ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമനം ലഭിച്ചു. ചെന്നൈ. ഐ ഐ ടി ബിരുദാനന്ത ര ബിരുദധാരിയാണ്. കോഴിക്കോട് ജമാഅത്തിലെ സി. ലത്തീഫ് സാഹിബിന്റെയും (റിട്ട: സൂപ്രണ്ട് പൊതുമരാമത്ത്) സമീറാ സാഹി ബയുടെ (പൊതുമരാമത്ത് വകുപ്പ്) മകനാണ്.

Published on 07.09.2023
Pages 44
Vol: 95 Issue. 08-09
RNI No. 3332/1957, Registered KL/EKM/726/2021-23
Price Rs. 30/-
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
**Phone No: 9447086862 (G. Pay)**

ISLAM INTERNATIONAL PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim